# ഗിരിദീപം

ജൂൺ 2026

ജൂൺ 12 തിരുഹൃദയത്തിരുനാൾ




ഈശോയുടെ തിരുഹൃദയമേ അങ്ങ് എന്റെ സ്നേഹമായിരിക്കേണമേ...

# നന്ദിയോടെ .....



സ്തുത്യർഹമായ
അജപാലനശുശ്രൂഷയിലൂടെ
തലശ്ശേരി അതിരൂപതയുടെ
വളർച്ചയിൽ വിസ്മരിക്കാനാവാത്ത
സംഭാവനകൾ നൽകി
വിശ്രമജീവിതത്തിനായി
കരുവഞ്ചാൽ ശാന്തിഭവനിൽ എത്തിയ

**ബഹു. മാത്യു കായമ്മാക്കലച്ചന്**

**ഹൃദയം നിറഞ്ഞ നന്ദി.**

**അനുഗ്യഹീതമായ വിശ്രമകാലം ആശംസിക്കുന്നു.**

# അഭിനന്ദനങ്ങൾ



2026 മെയ് 27 ന് ബദിയടുക്ക
സെന്റ് മേരീസ് ദൈവാലയത്തിൽ വച്ച്
തലശ്ശേരി അതിരൂപതക്കുവേണ്ടി
വൈദികനായി അഭിഷിക്തനായ

**ബഹു. മറ്റപ്പള്ളിൽ ഫിലിപ്പച്ചൻ (സെബിൻ)**

# നവ സന്യാസിനിമാർക്ക് അഭിനന്ദനങ്ങൾ



Rev. Sr. Anita Varkey SH



Rev. Sr. Siya Shaji Agnes SH



## സെന്റ് ജോസഫ് മൈനർ സെമിനാരി, വെള്ളരിക്കുണ്ട്
## ഉദ്ഘാടനവും വെഞ്ചരിപ്പും, 26 മെയ് 2026







ജൂൺ 2026

വാല്യം 09
ലക്കം 06

# ഗിരിദീപം

## തലശ്ശേരി അതിരൂപതയുടെ മുഖപത്രം

Archbishops House, Holloway Road, Thalassery, Kerala, India - 670101
Ph: 0091-490 2341058; Email: curiaadtly@gmail.com; Web: www.archdioceseoftellicherry.org

# ഗിരിദീപം

തലശ്ശേരി അതിരൂപതയുടെ മുഖപത്രം


1. Prot. No.400/2026, Circular No.13/2026 ........ 05
2. Prot. No.393/2026, Circular No.12/2026 ........ 07
3. കച്ചേരിക്കാര്യം ........ 10
4. കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റോലേറ്റ് ........ 20
5. ബൈബിൾ അപ്പൊസ്റ്റോലേറ്റ് ........ 27
6. ചിൽഡ്രൻ അപ്പൊസ്റ്റോലേറ്റ് ........ 28
   തിരുബാലസഖ്യം ........ 34
7. യൂത്ത് അപ്പൊസ്റ്റോലേറ്റ് ........ 36
8. ഫാമിലി അപ്പൊസ്റ്റോലേറ്റ് ........ 39
9. എജ്യൂക്കേഷണൽ അപ്പൊസ്റ്റോലേറ്റ് ........ 46
   വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജ് ........ 52
   നിർമ്മലഗിരി കോളേജ് ........ 54
10. ലെയ്റ്റി അപ്പൊസ്റ്റോലേറ്റ്
   എയ്ഞ്ചൽ ട്രസ്റ്റ് ........ 56
   കരിസ്മാറ്റിക് ........ 57
   ADAM ........ 59
   കെ.സി.ബി.സി. മദ്യവിരുദ്ധസമിതി ........ 61
11. സോഷ്യൽ സർവ്വീസ് അപ്പൊസ്റ്റോലേറ്റ് ........ 63
   ബയോമൗണ്ടൻ ........ 68
   ഇൻഫാം ........ 71
12. ധ്യാനകേന്ദ്രങ്ങളിലൂടെ ........ 72
13. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (പാംപ്ലാനി പിതാവ്) ........ 73
14. Engagements - June (Archbishop Mar Joseph Pamplany) ........ 77
15. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (ഞറളക്കാട്ട് പിതാവ്) ........ 78
16. Engagements - June (Archbishop Mar George Njaralakatt) ........ 80

# സർക്കുലർ

**മാർ ജോസഫ് പാംപ്ലാനി**

Prot. No. 400/2026, Circular No. 13/2026

## ആൽഫ ഹയർ ഇൻസ്റ്റിറ്റ്യൂട്ട്

ഈശോയിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

തലശ്ശേരി അതിരൂപതയുടെ അഭിമാന സ്ഥാപനമായ ആൽഫാ ദൈവശാസ്ത്ര പഠനകേന്ദ്രത്തെപ്പറ്റി നിങ്ങൾക്ക് അറിവുള്ളതാണല്ലോ. 2008 മുതൽ ദൈവശാസ്ത്ര വിഷയങ്ങളിൽ ഡിപ്ലോമ, ബിരുദ, ബിരുദാനന്തര പഠനങ്ങളിലൂടെ ദൈവശാസ്ത്രവും, വി. ഗ്രന്ഥപഠനവും സാധാരണക്കാരിലേക്ക് എത്തിക്കുന്നതിൽ ആൽഫ വഹിച്ചിട്ടുള്ള പങ്ക് നിസ്തുലമാണ്. നമ്മുടെ അതിരൂപതയിൽ നിന്നു മാത്രമല്ല കേരളത്തിനും, ഇന്ത്യക്കും വെളിയിൽ നിന്നുപോലും ആയിരക്കണക്കിന് സിസ്റ്റേഴ്സും, അല്മായരും ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിലൂടെ ദൈവശാസ്ത്രപഠനം നടത്തിയിട്ടുണ്ട്.

നിലവിലുള്ള ഓൺലൈൻ കോഴ്സുകൾ കൂടാതെ ദൈവശാസ്ത്രപഠനത്തിന് ഒരു റെഗുലർ കോഴ്സുകൂടി നാം ആരംഭിക്കുന്ന വിവരം ഇതിനോടകം നിങ്ങൾ അറിഞ്ഞു കാണുമല്ലോ. വത്തിക്കാന്റെ അംഗീകാരത്തോടുകൂടിയ ഈ ഡിഗ്രി കോഴ്സ് ധർമ്മാരാം വിദ്യാക്ഷേത്രവുമായാണ് ലിങ്ക് ചെയ്തിട്ടുള്ളത്. ദൈവശാസ്ത്ര പഠനത്തിൽ താല്പര്യമുള്ള അല്മായരെയും, സിസ്റ്റേഴ്സിനെയും ഉദ്ദേശിച്ചുള്ള ഈ കോഴ്സ് ഇടവകകളിൽ മതാദ്ധ്യാപകർ, കോഡിനേറ്റർ, കുടുംബകൂട്ടായ്മ ഭാരവാഹികൾ തുടങ്ങിയവർക്ക് തങ്ങളുടെ ഉത്തരവാദിത്വ നിർവഹണത്തിൽ ഏറെ സഹായകരമാകും.

അതിരൂപതാ പാസ്റ്ററൽ സെന്ററിൽ വച്ച് ഈ അധ്യയനവർഷം മുതൽ ആരംഭിക്കുന്ന ഈ കോഴ്സിൽ ആഴ്ചയിൽ മൂന്നു ദിവസങ്ങൾ വീതമാണ് ക്ലാസ്സുകൾ നടത്തപ്പെടുന്നത്. ഔദ്യോഗിക ജോലികളിൽ നിന്നും വിരമിച്ചവർക്കും മറ്റും, ഈ കോഴ്സിൽ പങ്കാളികളാകാവുന്ന താണ്. റെഗുലർ കോഴ്സിൽ പങ്കെടുക്കാൻ സാധിക്കാത്തവർ ഓൺലൈൻ കോഴ്സിൽ ചേർന്ന് ദൈവശാസ്ത്രപഠനങ്ങൾ നടത്തു ന്നതും പ്രോത്സാഹിപ്പിക്കേണ്ടതാണ്. മതാധ്യാപകരേയും ഇടവകാ അജപാലനപ്രവർത്തനങ്ങളിൽ കൂടുതലായി സഹകരിക്കാൻ സാധ്യ തയും താല്പര്യവുമുള്ളവരേയും റെഗുലർ കോഴ്സിലോ, ഓൺലൈൻ കോഴ്സിലോ ചേർന്നു പഠിക്കാൻ പ്രോത്സാഹിപ്പിക്കുവാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ. വിശ്വാസ വിഷയങ്ങളിൽ അറിവുള്ള ഒരു സമൂഹമായി നമുക്ക് വളരാൻ ശ്രമിക്കാം. കോഴ്സുകൾ സംബ ന്ധിച്ച് കൂടുതൽ വിവരങ്ങൾക്ക് നിങ്ങൾ ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടുമായി ബന്ധപ്പെടുമല്ലോ.

ദൈവികജ്ഞാനമുള്ള വിശ്വാസസമൂഹമായി വളരാനുള്ള നമ്മുടെ പരിശ്രമങ്ങളെ സർവ്വശക്തനായ ദൈവം ആശീർവദിക്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് നിങ്ങൾ ഏവരെയും പിതാവിന്റെയും ✝ പുത്ര ന്റെയും ✝ പരിശുദ്ധാത്മാവിന്റെയും ✝ നാമത്തിൽ ആശീർവ്വദിക്കുന്നു.

സ്നേഹപൂർവ്വം നിങ്ങളുടെ പിതാവ്,

**✝ മാർ ജോസഫ് പാംപ്ലാനി**
*തലശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത*

*2026 മെയ് 24 ന് പന്തക്കുസ്താ തിരുനാൾ ദിനത്തിൽ തലശ്ശേരി അതിരൂപതാ കാര്യാലയത്തിൽ നിന്ന് നൽകപ്പെട്ടത്.*

---

*NB:* ഈ സർക്കുലർ 2026 ജൂൺ 07-ാം തീയതി ഞായറാഴ്ച വി. കുർബാന മധ്യേ എല്ലാ ഇടവകപ്പള്ളികളിലും വി. കുർബാന നടക്കുന്ന മറ്റ് സ്ഥല ങ്ങളിലും വായിക്കേണ്ടതാണ്.

# സർക്കുലർ

## മാർ ജോസഫ് പാംപ്ലാനി

Prot. No.393/2026, Circular No. 12/2026

## സെന്റ് ജോസഫ്സ് മൈനർ സെമിനാരി

### വെള്ളരിക്കുണ്ട്

ഈശോയിൽ സഹോദരീസഹോദരന്മാരെ,

തലശ്ശേരി അതിരൂപതയിലെ ഏറ്റവും പ്രധാനപ്പെട്ട സ്ഥാപനം ഭാവി വൈദികരെ രൂപപ്പെടുത്തുന്ന മൈനർ സെമിനാരിയാണ്. 'രൂപതയുടെ ഹൃദയം' എന്നാണ് മൈനർ സെമിനാരി അറിയപ്പെടുക. 1960 മുതൽ നമ്മുടെ അതിരൂപതയിലെ വൈദിക വിദ്യാർത്ഥികളെ പരിശീലിപ്പിച്ചിരുന്ന മൈനർ സെമിനാരി തലശ്ശേരി ആർച്ച്ബിഷപ്പ്സ് ഹൗസിനോട് ചേർന്നുള്ള കത്തീഡ്രൽ ദൈവാലയത്തിന്റെ സമീപത്തുള്ള കെട്ടിടത്തിലായിരുന്നു പ്രവർത്തിച്ചിരുന്നത്. പാശ്ചാത്യരുടെ ഒരു ക്ലബും അതിനുശേഷം മുനിസിപ്പൽ സ്കൂളുമായി പ്രവർത്തിച്ചിരുന്ന കെട്ടിടം അഭിവന്ദ്യ വള്ളോപ്പിള്ളി പിതാവ് വാങ്ങുകയും ആ കെട്ടിടത്തിൽ മൈനർ സെമിനാരി ആരംഭിക്കുകയും ചെയ്തു. കെട്ടിടത്തിന്റെ കാലപ്പഴക്കവും മാറിയ സാഹചര്യത്തിൽ വൈദിക വിദ്യാർത്ഥികൾക്ക് ഫലപ്രദമായ പരിശീലനങ്ങൾ നല്കുവാനുള്ള സ്ഥലപരിമിതിയുംമൂലം പുതിയ മൈനർ സെമിനാരി കെട്ടിടം പണിയാനുള്ള ആലോചന വളരെ നാളുകളായി ഉണ്ടായിരുന്നു. വെള്ളരിക്കുണ്ടിൽ പ്രവർത്തിച്ചിരുന്ന സെന്റ് ജൂഡ് കോളേജ് കുട്ടികളുടെ എണ്ണം കുറവായതിനാൽ പ്രവർത്തനം അവസാനിച്ചപ്പോഴാണ് പ്രസ്തുത കോളേജ് കെട്ടിടത്തെ മൈനർ സെമിനാരിയായി രൂപപ്പെടുത്തുവാൻ തീരുമാനമെടുത്തത്. ഈ അധ്യയന വർഷം മുതൽ നമ്മുടെ മൈനർ സെമിനാരിയുടെ പ്രവർ

ത്തനം വെള്ളരിക്കുണ്ടിൽ നവീന രീതിയിൽ സജ്ജീകരിച്ച പുതിയ കെട്ടിടത്തിലേക്ക് മാറ്റുകയാണ്.

മനോഹരമായ ചാപ്പലും സ്ഥലസൗകര്യമുള്ള ക്ലാസ്സ് മുറികളും വിസ്തൃതമായ ലൈബ്രറിയും കാലാനുസൃതമായ താമസസൗകര്യങ്ങളും വിശാലമായ കളിസ്ഥലങ്ങളും വെള്ളരിക്കുണ്ടിൽ മൈനർ സെമിനാരിക്കായി തയ്യാറാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. കാലഘട്ടത്തിനു ചേർന്ന വൈദിക പരിശീലനം വൈദിക വിദ്യാർത്ഥികൾക്കു നല്കുവാനും പുതിയ ഒരു മൈനർ സെമിനാരി കെട്ടിടം പണിയുമ്പോഴുള്ള ഭാരിച്ച സാമ്പത്തിക ബാധ്യത ഒഴിവാക്കുവാനും ഈ പുതിയ ക്രമീകരണത്തിലൂടെ നമുക്ക് കഴിഞ്ഞു. 2026 മെയ് 26 ന് നിരവധി പിതാക്കന്മാരുടെ സാന്നിധ്യത്തിൽ മൈനർ സെമിനാരി കെട്ടിടത്തിന്റെ വെഞ്ചരിപ്പുകർമ്മം നടക്കുന്നതാണ്.

മെയ് 26-ാം തീയതി ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് 2.30 ന് നടക്കുന്ന വി. കുർബ്ബാനയിലേക്ക് നമ്മുടെ അതിരൂപതയിലെ എല്ലാ വൈദികരെയും ഹൃദയപൂർവ്വം സ്വാഗതം ചെയ്യുന്നു. നമ്മുടെ മാതൃഭവനമായ മൈനർ സെമിനാരിയോടുള്ള ഹൃദയബന്ധം പുതുക്കാൻ ഈ അവസരം പ്രയോജനപ്പെടുത്തുമല്ലോ. കൂടാതെ നമ്മുടെ അതിരൂപതയിലെ പാസ്റ്ററൽ കൗൺസിൽ അംഗങ്ങളെയും ഈ ഉദ്ഘാടന കർമ്മത്തിലേക്ക് ക്ഷണിക്കുന്നു. ഈ മൈനർ സെമിനാരി യാഥാർത്ഥ്യമായതിന്റെ പിന്നിൽ വെള്ളരിക്കുണ്ട് ഇടവകയുടെ നിർലോപമായ സഹകരണമുണ്ട്. ഇടവകാംഗങ്ങൾ എല്ലാവരുടെയും സാന്നിധ്യം ഉദ്ഘാടന കർമ്മത്തിൽ ഉണ്ടാകണമെന്നാണ് അതിരൂപത ആഗ്രഹിക്കുന്നത്.

ദൈവജനത്തിന്റെ പങ്കാളിത്തത്തോടെയാണ് നമ്മുടെ വൈദിക പരിശീലനം മുന്നോട്ടു പോകുന്നത്. മൈനർ സെമിനാരിയെ സഹായിക്കുന്ന ഉപകാരികളും മേജർ സെമിനാരി വിദ്യാർത്ഥികളുടെ പരിശീലനത്തിനുള്ള സാമ്പത്തിക സഹായം വിയാനി നിധിയിലൂടെ നൽകി സഹകരിക്കുന്ന ധാരാളം ഉപകാരികളും നമുക്കുണ്ട്. അവരുടെ ത്യാഗത്തിനും സ്നേഹത്തിനും ഹൃദയപൂർവ്വം ഈ അവസരത്തിൽ ഞാൻ നന്ദി പറയുന്നു. വൈദികരോടും വൈദിക വിദ്യാർത്ഥികളോടും നിങ്ങൾ കാണിക്കുന്ന സ്നേഹത്തിന് സർവ്വശക്തനായ ദൈവം പ്രതിഫലം നല്കട്ടെ. സെമിനാരിയുടെ എല്ലാ ഉപകാരികളെയും ഉദ്ഘാടനകർമ്മത്തിലേക്ക് സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

പൗരോഹിത്യത്തിലേക്കും സന്യസ്ത ജീവിതത്തിലേക്കും ദൈവവിളികൾ കുറയുന്ന കാലമാണെങ്കിലും നമ്മുടെ അതിരൂപതക്ക്

ധാരാളം ദൈവവിളികൾ നല്കി ദൈവം അനുഗ്രഹിക്കുന്നുണ്ട്. ഈ വർഷവും 33 ചെറുപ്പക്കാർ വെള്ളരിക്കുണ്ട് മൈനർ സെമിനാരിയിൽ വൈദിക പരിശീലനത്തിന് പ്രവേശിക്കും. മൈനർ സെമിനാരിയിലും മേജർ സെമിനാരികളിലുമായി 178 വൈദിക വിദ്യാർത്ഥികൾ നമ്മുടെ അതിരൂപതയ്ക്കുവേണ്ടി പരിശീലനം നേടിക്കൊണ്ടിരിക്കുകയാണ്. ഈ വർഷം 15 ഡീക്കന്മാർ നവവൈദികരായി അഭിഷിക്തരാകും. ദൈവ വിളികളാൽ നമ്മുടെ അതിരൂപതയെ അനുഗ്രഹിക്കുന്ന നല്ലിടയനായ ഈശോയ്ക്ക് നന്ദി പറയാം.

വൈദിക വിദ്യാർത്ഥികൾക്കുവേണ്ടിയുള്ള പ്രാർത്ഥന തുടരണ മെന്ന് സ്നേഹത്തോടെ ഓർമ്മിപ്പിക്കട്ടെ. നമ്മുടെ അതിരൂപതയുടെ മധ്യസ്ഥനായ വി. യൗസേപ്പിതാവിന്റെ മാധ്യസ്ഥ്യത്തിനു മൈനർ സെമി നാരിയെ നമുക്ക് സമർപ്പിക്കാം. വൈദിക പരിശീലനത്തിൽ നിങ്ങൾ നല്കുന്ന സാമ്പത്തിക സഹായത്തിനും പ്രാർത്ഥനയ്ക്കും നന്ദി പറ ഞ്ഞുകൊണ്ട് നിങ്ങൾ ഓരോരുത്തരെയും പിതാവിന്റെയും ✝ പുത്ര ന്റെയും ✝ പരിശുദ്ധാത്മാവിന്റെയും ✝ നാമത്തിൽ ആശീർവ്വദിക്കുന്നു.

സ്നേഹപൂർവ്വം നിങ്ങളുടെ പിതാവ്,

**✝ മാർ ജോസഫ് പാംപ്ലാനി**
*തലശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത*

*2026 മെയ് 14 ന് നമ്മുടെ കർത്താവിന്റെ സ്വർഗ്ഗാരോഹണ തിരുനാൾ ദിനത്തിൽ തലശ്ശേരി അതിരൂപതാ കാര്യാലയത്തിൽ നിന്ന് നൽകപ്പെട്ടത്.*

---

*NB:* ഈ സർക്കുലർ 2026 മെയ് 17-ാം തീയതി ഞായറാഴ്ച വി. കുർബാന മധ്യേ എല്ലാ ഇടവകപ്പള്ളികളിലും വി. കുർബാന നടക്കുന്ന മറ്റ് സ്ഥല ങ്ങളിലും വായിച്ചതാണ്.

# കച്ചേരിക്കാര്യം

## ജൂൺ 2026

**1. പുതിയ നിയമനങ്ങൾ**

1. റവ. ഫാ. ജോസ് തെങ്ങടയിൽ, CMI - വികാരി, എടപ്പുഴ
2. റവ. ഫാ. ഫിലിപ്പ് പെരുമാലിൽ, CST - അസി. വികാരി, പുലിക്കുരുമ്പ
3. റവ. ഫാ. ഉറുമീസ് മേനാച്ചേരി, HGN - അസി. വികാരി, ചെമ്പേരി

**2. വൈദികസമ്മേളനം**

തലശ്ശേരി അതിരൂപതയിൽ സേവനം ചെയ്യുന്ന മുഴുവൻ വൈദികരുടെയും യോഗം 2026 ജൂൺ 20 ന് രാവിലെ 10 മണി മുതൽ ഉച്ചകഴിഞ്ഞ് 4 മണിവരെ തളിപ്പറമ്പ് സെന്റ് മേരീസ് ഫൊറോനാ ദൈവാലയത്തിനോട് ചേർന്നുള്ള ഓഡിറ്റോറിയത്തിൽ വച്ച് ചേരുന്നു. ബഹു. വൈദികർ നിർബന്ധമായും ഈ യോഗത്തിൽ പങ്കെടുക്കേണ്ടതാണ്.

**3. ബഹു. വൈദികരുടെ റിഫ്രഷർ കോഴ്സ്**

ബഹു. വൈദികരുടെ തുടർപരിശീലനത്തിന്റെ ഭാഗമായുള്ള ഈ വർഷത്തെ റിഫ്രഷർ കോഴ്സ് രണ്ടു ബാച്ചുകളിലായി 2026 ജൂലൈ 08-10, ജൂലൈ 15-17 തീയതികളിൽ തലശ്ശേരി സന്ദേശഭവനിൽ വച്ച് നടത്തുകയാണ്. ജൂലൈ 08 ബുധനാഴ്ച രാവിലെ 10.30 ന് ആരംഭിച്ച് 10-ാം തീയതി വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് 01 മണിക്ക് കോഴ്സ് സമാപിക്കും. രണ്ടാമത്തെ ബാച്ചിന്റെ റിഫ്രഷർ കോഴ്സും ഇതേ സമയക്രമത്തിലാണ് ക്രമീകരിച്ചിരിക്കുന്നത്. ഓരോ ബാച്ചിലും പങ്കെടുക്കേണ്ട വൈദികരുടെ ലിസ്റ്റ് ജൂൺ മാസം 15 ന് മുമ്പായി പ്രസ്ബിറ്ററിയം ഗ്രൂപ്പിൽ പ്രസിദ്ധീകരിക്കുന്നതാണ്.

**4. ഫൊറോനാ കൗൺസിൽ**

നിലവിലുള്ള ഫൊറോനാ കൗൺസിലുകളുടെ കാലാവധി കഴിഞ്ഞതിനാൽ ബഹു. ഫൊറോനാ വികാരിയച്ചന്മാരുടെ നേതൃത്വ

ത്തിൽ 2026 ജൂലൈ 10 ന് മുൻപ് ഫൊറോനാ കൗൺസിലുകൾ രൂപീകരിക്കേണ്ടതാണ്. ജൂൺ ആദ്യ ആഴ്ചയിൽതന്നെ ഇടവകകളിൽ പാരീഷ് കൗൺസിൽ യോഗം നടത്തി ഇടവകകളിൽ നിന്നുള്ള ഫൊറോനാ കൗൺസിൽ അംഗങ്ങളെ തിരഞ്ഞെടുക്കുവാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ. ഫൊറോനാ കൗൺസിൽ രൂപീകരണത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ നിയമാവലിയിൽ (പേജ് 38-40) നല്കിയിട്ടുണ്ട്.

**5. അഭിനന്ദനങ്ങൾ**

**റവ. ഡോ. ജോസഫ് (ഡയസ്) തുരുത്തിപ്പള്ളിൽ** : അമേരിക്കയിലെ ഓഹിയോ യൂണിവേഴ്സിറ്റിൽ നിന്ന് 'ഇന്റർപേഴ്സണൽ ഓർഗനൈസേഷണൽ കമ്മ്യൂണിക്കേഷൻ' എന്ന ടൈറ്റിലിൽ ബഹു. ജോസഫ് തുരുത്തിപ്പള്ളിൽ അച്ചൻ പ്രശംസനീയമാംവിധം ഡോക്ടറേറ്റ് കരസ്ഥമാക്കി. ഈ വിഷയത്തിൽ ഡോക്ടർ ബിരുദം നേടുന്ന ആദ്യത്തെ കത്തോലിക്കാ വൈദികനാണ് നമ്മുടെ അതിരൂപതാംഗമായ ബഹു. ഡയസച്ചൻ. പ്രിയപ്പെട്ട ഡയസച്ചന് അഭിനന്ദനങ്ങളും ആശംസകളും.

**6. ആദരാജ്ഞലികൾ**



**1. റവ. സി. ജോൺ ബ്രിട്ടോ എസ്. എച്ച് (82) :** തിരുഹൃദയ സന്യാസിനി സമൂഹം തലശ്ശേരി സെന്റ് ജോസഫ്സ് പ്രൊവിൻസ് അംഗമായ ബഹു. സി. ജോൺ ബ്രിട്ടോ നന്തികാട്ടുപടവിൽ 2026 ഏപ്രിൽ 26 ന് നിര്യാതയായി. ഉദയഗിരി, മരിയാപുരം, നസ്രത്ത്ഭവൻ കുന്നോത്ത് (മിസ്ട്രസ്), തിരൂർ, കാടൻമല, പുലിക്കുരമ്പ, കൊളക്കാട്, വായാട്ടുപറമ്പ്, തൊണ്ടിയിൽ, കോട്ടയം എസ്.എച്ച്. ജനറലേറ്റ്, ആലക്കോട്, ബളാൽ, വിളക്കന്നൂർ, എടത്തൊട്ടി എന്നീ സ്ഥലങ്ങളിൽ ബഹു. സിസ്റ്റർ സേവനം ചെയ്തിട്ടുണ്ട്. മൃതസംസ്ക്കാരശുശ്രൂഷകൾ 2026 ഏപ്രിൽ 27 ന് ചാൻസലർ ബഹു. ജോസഫ് മുട്ടത്തുകുന്നേലച്ചന്റെ മുഖ്യകാർമ്മികത്വത്തിൽ പേരാവൂർ പ്രൊവിൻഷ്യൽ ഹൗസ് സെമിത്തേരിയിൽ നടന്നു. ബഹു. സിസ്റ്ററിന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കാം.



**2. റവ. സി. ജെയിംസ് മേരി എഫ്.സി.സി. (88)** ഫ്രാൻസിസ്ക്കൻ ക്ലാരിസ്റ്റ് സന്യാസിനീ സമൂഹം തലശ്ശേരി സെന്റ് ജോസഫ്സ് പ്രൊവിൻസ് അംഗമായ റവ. സി. ജെയിംസ് മേരി 2026 മെയ് 18 ന് നിര്യാതയായി. മഞ്ഞാമറ്റം, മറ്റക്കര, കെല്ലൂർ, കുന്നോത്ത്, വെള്ളരിക്കു

ണ്ട്, കുടിയാന്മല, കരിക്കോട്ടക്കരി, ജഡ്ക്കൽ, കോളയാട്, തോട്ടത്താടി, ഭീമനടി, കമ്പല്ലൂർ, തേർമല, പരിയാരം എമ്പേറ്റ് എന്നീ മഠങ്ങളിൽ ബഹു. സിസ്റ്റർ സേവനം ചെയ്തിട്ടുണ്ട്. മൃതസംസ്ക്കാരശുശ്രൂഷകൾ 2026 മെയ് 19 ന് വികാരി ജനറാൾ മോൺ. മാത്യു ഇളംതുരുത്തിപ്പടവിലച്ചന്റെ മുഖ്യകാർമികത്വത്തിൽ കുന്നോത്ത് നൊവിഷ്യേറ്റ് ഭവനത്തിലെ സെമിത്തേരിയിൽ നടന്നു. ബഹു. സിസ്റ്ററിന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കാം.

**3. റവ. സി. ആനി ജെസ്റ്റിൻ എഫ്.സി.സി. (89) :** ഫ്രാൻസിസ്ക്കൻ ക്ലാരിസ്റ്റ് സന്യാസിനീ സമൂഹം തലശ്ശേരി സെന്റ് ജോസഫ്സ് പ്രൊവിൻസ് അംഗമായ റവ. സി. ആനി ജെസ്റ്റിൻ 2026 മെയ് 19 ന് നിര്യാതയായി. മൃതസംസ്ക്കാരശുശ്രൂഷകൾ 2026 മെയ് 20 ന് കുന്നോത്ത് നൊവിഷ്യേറ്റ് ഭവനത്തിലുള്ള സെമിത്തേരിയിൽ അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവിന്റെ മുഖ്യകാർമികത്വത്തിൽ നടന്നു. കുന്നോത്ത്, ചെമ്പേരി, കല്ലോടി, വെള്ളരിക്കുണ്ട്, ചെമ്പന്തൊട്ടി, പുഷ്പഗിരി, എടക്കോം, പരിയാരം എമ്പേറ്റ് എന്നീ മഠങ്ങളിൽ ബഹു. സിസ്റ്റർ സേവനം ചെയ്തിട്ടുണ്ട്. ബഹു. സിസ്റ്ററിന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കാം.



**4. റവ. സി. ഫെലിക്സ് കാഞ്ഞിരക്കാട്ട് എസ്.എച്ച്. (88) :** തിരുഹൃദയ സന്യാസിനി സമൂഹം തലശ്ശേരി സെന്റ് ജോസഫ്സ് പ്രൊവിൻസ് അംഗമായ റവ. സി. ഫെലിക്സ് കാഞ്ഞിരക്കാട്ട് 2026 മെയ് 25 ന് നിര്യാതയായി. പരേതനായ ബഹു. സെബാസ്റ്റ്യൻ ജോസഫ് അച്ചന്റെ സഹോദരിയാണ് ബഹു. സി. ഫെലിക്സ്. തൊണ്ടിയിൽ, കുളത്തുവയൽ, മരിയാപുരം, കല്ലാനോട്, പൈസക്കരി, പെരുമ്പടവ്, വെള്ളാട്, നിർമ്മലഭവൻ, ഉദയഗിരി, കരുവഞ്ചാൽ, വായാട്ടുപറമ്പ്, ആലക്കോട്, മാങ്ങോട് എന്നീ സ്ഥലങ്ങളിൽ ബഹു. സിസ്റ്റർ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. മൃതസംസ്ക്കാരശുശ്രൂഷകൾ 2026 മെയ് 26 ന് അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ പേരാവൂർ പ്രൊവിൻഷ്യൽ ഹൗസ് സെമിത്തേരിയിൽ നടന്നു. ബഹു. സിസ്റ്ററിന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കാം.



## 7. സ്നേഹസ്മൃതി

1. റവ. ഫാ. ഷാബോർ വള്ളവന്തറ സി.എം.ഐ - 01-06-1963
2. റവ. ഫാ. റാഫേൽ തറയിൽ - 03-06-2007

3. റവ. ഫാ. ജോർജ് വണ്ടർകുന്നേൽ - 03-06-2021
4. റവ. ഫാ. മാത്യു തെക്കേക്കുളം - 04-06-2021
5. റവ. ഫാ. സിറിയക് ചെമ്മാഴം - 04-06-1985
6. റവ. ഫാ. മാത്യു വില്ലന്താനം - 05-06-2015
7. റവ. ഫാ. തോമസ് കാട്ടൂർ - 08-06-1977
8. റവ. ഫാ. ജോൺ വിയാനി സി.എം.ഐ. - 09-06-1986
9. റവ. ഫാ. ഫ്രെഡറിക് ആലഞ്ചേരി സി.എം.ഐ. - 10-06-1982
10. റവ. ഫാ. സെബാസ്റ്റ്യൻ പുളിയന്മാക്കൽ - 10-06-1994
11. റവ. ഫാ. ജോസഫ് അരഞ്ഞാണിപുത്തൻപുര - 11-06-2005
12. റവ. ഫാ. മാത്യു കുരുവൻപ്ലാക്കൽ - 15-06-2015
13. റവ. ഫാ. പോൾ മൂശാരിയേട്ട് - 19-06-2006
14. റവ. മോൺ. ജേക്കബ് വാരികാട്ട് - 21-06-2001
15. റവ. ഫാ. ജോസഫ് അടിപുഴ - 21-06-2008
16. റവ. ഫാ. സെബാസ്റ്റ്യൻ സി.എം.ഐ. - 24-06-1974
17. റവ. മോൺ. വർക്കി കുഴികുളത്തിൽ - 24-06-2009
18. റവ. ഫാ. അബ്രാഹം ആനശ്ശേരിൽ - 24-06-2019
19. റവ. ഫാ. ഫുൾജെൻസിയൂസ് തെക്കേമൊളിയേക്കൽ സി.എം.ഐ. - 25-06-1970
20. റവ. ഫാ. മരിയാദാസ് കുഴുപ്പിൽ സി.എം.ഐ. - 24-06-2003
21. റവ. ഫാ. ജോൺ വിയാനി സി.എം.ഐ. - 26-06-1986
22. റവ. ഫാ. അന്തോണിനൂസ് കണിയാംകുന്നേൽ സി.എം.ഐ. - 28-06-2004
23. റവ. ഫാ. അഗസ്റ്റിൻ വിലങ്ങപ്പാറ സി.എം.ഐ. - 30-06-2007

**ഫാ. ജോസഫ് മുട്ടത്തുകുന്നേൽ**
*ചാൻസലർ*

# സെന്റ് ജോസഫ്സ് മൈനർ സെമിനാരി
# വെള്ളരിക്കുണ്ട്

സീറോ മലബാർ സഭയുടെ വളർച്ചയിൽ നിർണ്ണായകമായ പങ്കു വഹിച്ച സംഭവമായിരുന്നു മലബാറിലേക്ക് കുടിയേറ്റക്കാരായി എത്തിയ സുറിയാനിക്കാർക്കുവേണ്ടി പരിശുദ്ധ സിംഹാസനം 1953 ഡിസംബർ 31 ന് തലശ്ശേരി രൂപത സ്ഥാപിച്ചത്. കുടിയേറ്റമാരംഭിച്ച് രണ്ടരപതിറ്റാണ്ട് കഴിഞ്ഞാണ് നമ്മുടെ സഭയുടെ ചിറകുകൾ വിടർത്തിയ ഈ മഹാസംഭവം നടന്നത്. കഴിഞ്ഞ ഏഴുപതിറ്റാണ്ടുകളായി തലശ്ശേരി രൂപത കൈവരിച്ച വളർച്ച അത്ഭുതാവഹമായിരുന്നു. അഞ്ച് സാമന്ത രൂപതകളോടെ സീറോ മലബാർ സഭയിലെ ഏറ്റവും വലുതും സജീവവുമായ പ്രൊവിൻസായി തലശ്ശേരി അതിരൂപത നിലകൊള്ളുന്നു. മലബാറിന്റെ സമഗ്രവളർച്ചയ്ക്കാണ് തലശ്ശേരി രൂപതാസ്ഥാപനം ഇടയാക്കിയത്. ഈ അതിരൂപതയുടെ വളർച്ചയ്ക്ക് അടിസ്ഥാനമായി നിന്നത് കഠിനാധ്വാനികളും തീക്ഷണമതികളുമായ വൈദികരായിരുന്നു.

തലശ്ശേരി അതിരൂപതയുടെ വളർച്ചയിൽ നിസ്തുലമായ സംഭാവന നല്കിയ സ്ഥാപനം വൈദികരെ രൂപപ്പെടുത്തിയ മൈനർ സെമിനാരിയായിരുന്നു. 1957 ജൂൺ മാസത്തിലാണ് തലശ്ശേരി അതിരൂപതയ്ക്കു സ്വന്തമായി ഒരു മൈനർ സെമിനാരി എന്ന സ്വപ്നം സാക്ഷാത്ക്കരിക്കപ്പെട്ടത്. കുന്നോത്ത് എസ്റ്റേറ്റിലെ ഒരു ചെറിയ കെട്ടിടത്തിലാണ് ആദ്യം സെമിനാരി പ്രവർത്തനം ആരംഭിച്ചത്. രൂപതയുടെ മദ്ധ്യസ്ഥനായ വി. യൗസേപ്പിതാവിന്റെ മാദ്ധ്യസ്ഥത്തിനാണ് മൈനർ സെമിനാരി സമർപ്പിക്കപ്പെട്ടത്. മോൺ. ജേക്കബ് പുത്തേട്ടായിരുന്നു ആദ്യ റെക്ടർ. അസൗകര്യങ്ങളുടെയും പരിമിതികളുടെയും നടുവിലാണ് കുന്നോത്ത് മൈനർ സെമിനാരി പ്രവർത്തിച്ചിരുന്നത്.

1959 ലാണ്  തലശ്ശേരി ആർച്ച് ബിഷപ്പ്സ് ഹൗസിനോട് ചേർന്നുള്ള സ്ഥലം അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവ് വാങ്ങിയത്. പാശ്ചത്യരുടെ ഒരു ക്ലബ്ബും പിന്നീട് മുൻസിപ്പൽ സ്കൂളുമായി പ്രവർത്തിച്ചിരുന്ന അറബിക്കടലിന്റെ തീരുത്തുള്ള മനോഹരമായ കെട്ടിടത്തിലേക്ക് കുന്നോത്തു നിന്ന് മൈനർ സെമിനാരി മാറ്റി പ്രവർത്തനമാരംഭിച്ചു. നിലവിലുണ്ടായിരുന്ന കെട്ടിടത്തോട് ചേർന്ന് ഓഡിറ്റോറിയവും ഭക്ഷണശാലയും ഉൾപ്പെടുന്ന കെട്ടിടം കൂടി നിർമ്മിച്ചതിനു ശേഷം 1962 ജൂൺ മാസത്തിലാണ് സെമിനാരി ഔദ്യോഗികമായി തലശ്ശേരിയിൽ ആരംഭിച്ചത്. 1970 ൽ സെമിനാരിയോടു ചേർന്ന് കത്തീ

ഡ്രൽ ദൈവാലയം നിർമ്മിച്ചു. തുടർന്ന് കത്തീഡ്രൽ ദൈവാലയം മൈനർ സെമിനാരിയുടെ ചാപ്പലായി ഉപയോഗിക്കാനും തുടങ്ങി. 1980 ൽ തലശ്ശേരി അതിരൂപതയുടെ പാസ്റ്ററൽ സെന്ററായി സന്ദേശഭവൻ ഉദ്ഘാടനം ചെയ്യപ്പെടുന്നതുവരെ രൂപതയുടെ പാസ്റ്റൽ സെന്ററായും സെമിനാരി കെട്ടിടം പ്രവർത്തിച്ചുപോന്നു. മോൺ. ജേക്കബ് പുത്തേട്ടച്ചൻ 1967 വരെ റെക്ടറായി സേവനം ചെയ്തു. പിന്നീട് അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി പിതാവും ബഹു. ജോർജ് ആശാരിപ്പറമ്പിലച്ചനും, ബഹു. ജോർജ് കൊച്ചുപറമ്പിലച്ചനും, ബഹു. അബ്രാഹം തോണിപ്പാറയച്ചനും, അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം പിതാവും റെക്ടർമാരായി സേവനം ചെയ്തു. റവ. ഡോ. ജോസഫ് കരിനാട്ട്, റവ. ഫാ. ജോസഫ് മമ്പള്ളിക്കുന്നേൽ, റവ. ഡോ. ജോസഫ് പതിയോട്ടിൽ, റവ. ഡോ. ജോസഫ് പൂവ്വന്നിക്കുന്നേൽ, റവ. ഡോ. ജോസഫ് വാരണത്ത്, റവ. ഫാ. മാത്യു തെക്കേമുറിയിൽ, റവ. ഡോ. ജോർജ് കരോട്ട് എന്നിവരും റെക്ടർമാരായി സേവനം ചെയ്തു. റവ. ഡോ. തോമസ് മേൽവെട്ടത്ത് 2025 മുതൽ മൈനർ സെമിനാരി റെക്ടറായി സേവനം ചെയ്യുന്നു. ഇപ്പോൾ തലശ്ശേരി അതിരൂപതയിൽ സേവനം ചെയ്യുന്ന മുഴുവൻ വൈദികരും തലശ്ശേരി മൈനർ സെമിനാരിയിൽ നിന്നു പരിശീലനം നേടിയവരാണ്. മലബാറിലെ തീക്ഷ്ണമതികളായ അജപാലകരെ രൂപപ്പെടുത്തിയ തലശ്ശേരി സെന്റ് ജോസഫ് മൈനർ സെമിനാരി 'അതിരൂപതയുടെ ഹൃദയം' എന്നാണ് അറിയപ്പെടുന്നത്.

ഒരു നൂറ്റാണ്ടിലേറെ പഴക്കമുള്ളതാണ് സെമിനാരിയുടെ പ്രധാന കെട്ടിടം. കാലപ്പഴക്കം മൂലം ഉപയോഗ ശൂന്യമായ മറ്റ് കെട്ടിടങ്ങളും സ്ഥലപരിമിതിയും കാലാനുസൃതമായ പരിശീലനം വൈദിക വിദ്യാർത്ഥികൾക്ക് നല്കുവാൻ അപര്യാപ്തമായി തീർന്നു. പുതിയ സെമിനാരി കെട്ടിടം പണിയാനുള്ള ചർച്ച വിവിധ സമിതികളിൽ നടത്തുകയും കെട്ടിടം പണിയാൻ തീരുമാനം എടുക്കുകയും ചെയ്തു. ഈ സാഹചര്യത്തിലാണ് കുട്ടികളുടെ എണ്ണം കുറവായതിനാൽ പ്രവർത്തനം അവസാനിപ്പിച്ച വെള്ളരിക്കുണ്ടിലുള്ള സെന്റ് ജൂഡ് കോളേജ് കെട്ടിടം മൈനർ സെമിനാരിയായി രൂപപ്പെടുത്തുവാൻ തീരുമാനമെടുത്തത്. ഈ അധ്യയനവർഷം മുതൽ നമ്മുടെ മൈനർ സെമിനാരിയുടെ പ്രവർത്തനം വെള്ളരിക്കുണ്ടിൽ നവീന രീതിയിൽ സജ്ജീകരിച്ച പുതിയ കെട്ടിടത്തിലേക്ക് മാറുകയാണ്.

മനോഹരമായ ചാപ്പലും സ്ഥല സൗകര്യങ്ങളുള്ള ക്ലാസ്സ് മുറികളും വിസ്തൃതമായ ലൈബ്രറിയും കാലാനുസൃതമായ താമസസൗകര്യങ്ങളും വിശാലമായ കളിസ്ഥലവും വെള്ളരിക്കുണ്ടിൽ മൈനർ സെമി

നാരിക്കായി തയ്യാറാക്കുവാൻ കഴിഞ്ഞു. കാലഘട്ടത്തിനു ചേർന്ന വൈദിക പരിശീലനം വൈദികാർത്ഥികൾക്കു നൽകുവാനും പുതിയ കെട്ടിടം പണിയുമ്പോഴുള്ള ഭാരിച്ച സാമ്പത്തിക ഭാരം കുറക്കുവാനും ഈ പുതിയ ക്രമീകരണത്തിലൂടെ കഴിഞ്ഞു.

2026 മെയ് 26 ചൊവ്വാഴ്ചയാണ് മൈനർ സെമിനാരി കെട്ടിടത്തിന്റെ ഉദ്ഘാടനവും വെഞ്ചരിപ്പ് കർമ്മവും നടന്നത്. അന്നേദിവസം ഉച്ച കഴിഞ്ഞ് 2.30 ന് നടന്ന സമൂഹബലിയിൽ സി.ബി.സി.ഐ മുൻ പ്രസിഡന്റും തൃശൂർ അതിരൂപതാ മെത്രാപ്പോലീത്തായുമായ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് മുഖ്യകാർമ്മികനായിരുന്നു. സമൂഹബലിയിൽ തലശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവും മാനന്തവാടി രൂപതാ സഹായ മെത്രാൻ മാർ അലക്സ് താരാമംഗലം പിതാവും, മാർ ജോർജ് ഞറളക്കാട്ട് പിതാവും ഫൊറോനാ വികാരിയച്ചന്മാരും വൈദികരും സഹകാർമ്മികരായി. സെമിനാരി കെട്ടിടത്തിന്റെ ഉദ്ഘാടനവും വെഞ്ചരിപ്പുകർമ്മവും അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് നിർവ്വഹിച്ചു. വി. കുർബാനയ്ക്കുശേഷം നടന്ന പൊതുസമ്മേളനത്തിന് അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് അദ്ധ്യക്ഷം വഹിച്ചു. തലശ്ശേരി അതിരൂപതയുടെ തുടക്കത്തിൽ തൃശൂർ രൂപതയുടെ ടോപ്പ് മൈനർ സെമിനാരിയിൽ തലശ്ശേരി അതിരൂപതയ്ക്കുവേണ്ടിയുള്ള വൈദികവിദ്യാർത്ഥികൾ പരിശീലനം നേടിയ കാര്യം ഉദ്ഘാടന പ്രസംഗത്തിൽ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് അനുസ്മരിച്ചു.

പാസ്റ്ററൽ കൗൺസിൽ അംഗങ്ങളും സെമിനാരിയുടെ ഉപകാരികളും ബഹു. സിസ്റ്റേഴ്സും ഉൾപ്പെടെ ധാരാളം ആളുകൾ വി. കുർബ്ബാനയിലും തിരുകർമ്മത്തിലും പങ്കുചേർന്നു. വെള്ളരിക്കുണ്ട് ഇടവക സമൂഹത്തിന്റെ ആത്മാർത്ഥമായ സഹകരണം പുതിയ സെമിനാരി കെട്ടിടത്തിന്റെ ക്രമീകരണത്തിലുണ്ടായിരുന്നു. ഇടവകാംഗങ്ങളായ ധാരാളം ആളുകൾ ചടങ്ങുകളിൽ പങ്കെടുത്തു. വി. കുർബാനയ്ക്കും വെഞ്ചരിപ്പുകർമ്മത്തിനുംശേഷം പൊതുസമ്മേളനം നടന്നു. രാഷ്ട്രീയ-സാമൂഹിക മേഖലയിൽനിന്നുള്ള പ്രമുഖർ പൊതുസമ്മേളനത്തിൽ പങ്കെടുക്കുകയും സംസാരിക്കുകയും ചെയ്തു.

തലശ്ശേരി അതിരൂപതാദ്ധ്യക്ഷനായ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ വൈദികപരിശീലനത്തെക്കുറിച്ചുള്ള കൃത്യമായ കാഴ്ചപ്പാടുകളും അതിരൂപതയെക്കുറിച്ചുള്ള ദർശനങ്ങളുമാണ് ചുരുങ്ങിയ സമയംകൊണ്ട് മനോഹരവും നവീനവുമായ ഒരു മൈനർ

സെമിനാരി കെട്ടിടത്തെ രൂപപ്പെടുത്തുവാൻ ഇടയാക്കിയത്. കെട്ടിടത്തിന്റെ നവീകരണ പ്രവർത്തനങ്ങൾ നിരന്തരം വിലയിരുത്തുകയും കൃത്യമായ നിർദേശങ്ങൾ പിതാവ് നൽകുകയും ചെയ്തു. വൈദിക വിദ്യാത്ഥികളുടെ പരിശീലനകാര്യങ്ങളുടെ മേൽനോട്ടം വഹിക്കുന്ന പ്രോട്ടോസിഞ്ചെല്ലൂസ് മോൺ. ആന്റണി മുതുകുന്നേലച്ചനും ജനറാളച്ചന്മാരായ മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി അച്ചനും മോൺ. മാത്യു ഇളംതുരുത്തിപ്പടവിൽ അച്ചനും പ്രൊക്യുറേറ്റർ ബഹു. ജോസഫ് കാക്കരമറ്റത്തിലച്ചനും ചെമ്പേരി വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജിലെ ബഹു. ജെയിംസ് ചെല്ലംകോട്ട് അച്ചനും ബഹു. ലാസർ വരമ്പകത്ത് അച്ചനും പുതിയ സെമിനാരി കെട്ടിടത്തിന്റെ പൂർത്തീകരത്തിൽ കഠിനാധ്വാനം ചെയ്തവരാണ്.

മൈനർ സെമിനാരി റെക്ടർ ബഹു. തോമസ് മേൽവെട്ടത്ത് അച്ചന്റെ നേതൃത്വത്തിൽ ബഹു. ജോസഫ് മാളക്കാരൻ അച്ചനും ബഹു. കുര്യാക്കോസ് പുതുക്കുളങ്ങര അച്ചനും ബഹു. കുര്യാക്കോസ് പ്ലാവുംനിൽക്കുംപറമ്പിലച്ചനും ബഹു. ഐസക്ക് മറ്റത്തിലച്ചനും ബഹു. ജോസഫ് വാരണത്തച്ചനും ത്യാഗപൂർവ്വം പ്രവർത്തിച്ചതുകൊണ്ടാണ് സെമിനാരിയുടെ പ്രവർത്തനങ്ങൾ കാലതാമസം കൂടാതെ ഈ അധ്യയനവർഷത്തിൽ തന്നെ ആരംഭിക്കുവാൻ കഴിഞ്ഞത്.

ഈ വർഷം 33 ബ്രദേഴ്സാണ് ഒന്നാം വർഷക്കാരായി മൈനർ സെമിനാരിയിൽ എത്തുന്നത്. മൈനർ സെമിനാരിയിലും മേജർ സെമിനാരിയിലുമായി 178 വൈദികവിദ്യാർത്ഥികളാണ് നമ്മുടെ അതിരൂപതയ്ക്കുള്ളത്. തീക്ഷ്ണമതികളായ വൈദിക വിദ്യാർത്ഥികളാണ് നമ്മുടെ അതിരൂപയുടെ സമ്പത്ത്. തിരുസഭയുടെ പാലകനും നമ്മുടെ അതിരൂപതയുടെ സംരക്ഷകനുമായ വി. യൗസേപ്പിതാവ് നമ്മുടെ മൈനർ സെമിനാരിക്ക് കാവൽക്കാരനായിരിക്കട്ടെ. തലശ്ശേരി സെന്റ് ജോസഫ്സ് മൈനർ സെമിനാരിയുടെ ചരിത്രത്തിലെ മൂന്നാംഘട്ടം ആരംഭിക്കുകയാണ്. കുന്നോത്തു നിന്ന് അറബികടലിന്റെ തീരത്തേയ്ക്കും അവിടുന്ന് ഇപ്പോൾ മലബാറിലെ പ്രധാന കുടിയേറ്റ കേന്ദ്രമായ വെള്ളരിക്കുണ്ടിലേക്കും മാറി പ്രവർത്തനം ആരംഭിക്കുകയാണ്. കുടിയേറ്റ ജനതയുടെ സ്പന്ദനം അറിയുന്ന അജപാലകർ വെള്ളരിക്കുണ്ട് സെമിനാരിയിൽനിന്നും പുറത്തുവരുമെന്ന് നമുക്ക് പ്രത്യാശിക്കാം.

**ഫാ. ജോസഫ് മുട്ടത്തുകുന്നേൽ**
*ചാൻസലർ*



# അനുസ്മരണം
# റവ. ഡോ. ഫാ. ജോസ് ജേക്കബ് നെടുംതകിടി (83)

*"ദൈവത്തെ സ്നേഹിക്കുന്നവർക്ക് അവിടുത്തെ പദ്ധതി അനുസരിച്ച് വിളിക്കപ്പെട്ടവർക്ക് അവിടുന്ന് സകലവും നന്മയ്ക്കായി പരിണമിപ്പിക്കുന്നു" (റോമാ 8,28)*

തലശ്ശേരി അതിരൂപതാംഗമായ ബഹു. ജോസ് ജേക്കബ് നെടുംതകിടി അച്ചൻ 2026 മെയ് 07 ന് പുലർച്ചെ 5:00 മണിക്ക് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. കരുവഞ്ചാൽ വൈദിക മന്ദിരത്തിൽ വിശ്രമജീവിതം നയിക്കുകയായിരുന്ന ജോസച്ചൻ കഴിഞ്ഞ ഒരു വർഷമായി വാർദ്ധക്യസഹജമായ രോഗാവസ്ഥയിലായിരുന്നു. തലശ്ശേരി അതിരൂപതയെ തന്റെ ശുശ്രൂഷകളിലൂടെ വളർത്തുവാൻ പരിശ്രമിച്ച ഒരു പുരോഹിതനാണ് വിടവാങ്ങിയത്.

1943 മാർച്ച് 15 ന് പാലാ രൂപതയിലെ മുഴൂർ ഇടവകയിൽ നെടുംതകിടി പരേതരായ ചാക്കോ - ഏലിയാമ്മ ദമ്പതികളുടെ മകനായി ബഹു. ജോസച്ചൻ ജനിച്ചു. പരേതയായ ത്രേസ്യാമ്മ പൊട്ടനാനിക്കൽ (ആനിക്കാട്), ജോർജ് (കോഴിക്കോട്) ആനി (യു.എസ്.എ), ജെയിംസ് (ചിറ്റാരിക്കാൽ), സ്കറിയ (മണലുങ്കൽ), മാണി (യു.എസ്.എ), തോമസ് (യു.എസ്.എ), പരേതയായ ആലീസ് പന്തപാട്ട്, മാത്യു (യു.എസ്.എ) എന്നിവരാണ് അച്ചന്റെ സഹോദരങ്ങൾ. പാലാ രൂപതയിലെ മണലുങ്കലാണ് ഇപ്പോൾ അച്ചന്റെ മാതൃഇടവക.

മണലുങ്കൽ സെന്റ് മേരീസ് സ്കൂളിൽ സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയശേഷം 1960 ൽ പാലാ രൂപതയുടെ ഗുഡ് ഷെപ്പേർഡ് മൈനർ സെമിനാരിയിൽ വൈദിക പരിശീലനം ആരംഭിച്ചു. പിന്നീട് കുന്നോത്ത് സെന്റ് ജോസഫ്സ് മൈനർ സെമിനാരിയിലും ആലുവ സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരിയിലും വൈദിക പരിശീലനം പൂർത്തിയാക്കി. 1968 ഡിസംബർ 20 ന് ആലുവ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരിയിൽവച്ച് അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിൽനിന്ന് തിരുപ്പട്ടം സ്വീകരിച്ചു.

ആലക്കോട് ഇടവകയിൽ അസിസ്റ്റന്റ് വികാരിയായിട്ടാണ് അച്ചൻ പൗരോഹിത്യ ശുശ്രൂഷ ആരംഭിച്ചത്. 1970 ഏപ്രിൽ 12 മുതൽ 1972

ഏപ്രിൽ 30 വരെ അരീക്കമല, രത്നഗിരി, ദീപഗിരി ഇടവകകളുടെ വികാരിയായി ശുശ്രൂഷ ചെയ്തു. പിന്നീട് പൂഴിത്തോട്, മാടത്തിൽ, തേർമല, ഉരുപ്പുംകുറ്റി എന്നീ ഇടവകകളുടെ വികാരിയായും സേവനം ചെയ്തു.

1976 മാർച്ച് മുതൽ 1978 ഒക്ടോബർ വരെ ഉജ്ജൈനിൽ മിഷൻ പ്രവർത്തനങ്ങളിലേർപ്പെടുകയും അഗർ - മാല് എന്ന സ്ഥലത്ത് മിഷൻ സ്റ്റേഷൻ ആരംഭിക്കുകയും ചെയ്തു. 1978 നവംബർ മുതൽ 1981 ഡിസംബർ വരെ ഓസ്ട്രേലിയായിൽ ഇടവക വികാരിയായി ശുശ്രൂഷ ചെയ്തു. 1982 മെയ് മുതൽ 1982 ഒക്ടോബർ വരെ അമേരിക്കയിലെ മാൻഹാട്ടൻ രൂപതയിൽ അസി. വികാരിയായും സേവനം ചെയ്തു. 1982 മുതൽ 1986 വരെയുള്ള കാലഘട്ടങ്ങളിൽ ബറോഡ യൂണിവേഴ്സിറ്റിയിൽ ഗ്രാജുവേഷൻ, പോസ്റ്റ് ഗ്രാജുവേഷൻ പഠനം പൂർത്തിയാക്കി. 1987 ഫെബ്രുവരി മുതൽ 1987 ജൂൺ വരെ ബോംബെയിൽ സെന്റ് ഏഞ്ചൽസ് ബാലഭവനിൽ വാർഡനായി സേവനം ചെയ്തു.

1996 ഒക്ടോബർ മുതൽ 1997 ജനുവരി വരെ കുർന്നൂൽ രൂപതയിൽ പ്രോജക്ട് റൈറ്ററായും സേവനം ചെയ്തു. സൗത്ത് ആഫ്രിക്കയിലെ കേപ്ഡൗണിലും ബഹു. ജോസച്ചൻ ശുശ്രൂഷ ചെയ്തു. 1998 ഡിസംബർ മുതൽ 2000 ജൂലൈ വരെ മുരിങ്ങൂർ ഡിവൈൻ സെന്ററിലും സേവനം ചെയ്തു. ഓൾട്ടർനേറ്റീവ് മെഡിസിനിലും നാച്യുറോപ്പതിയിലും അദ്ദേഹം ഡോക്ടറേറ്റ് നേടി. 2000 ൽ ഏറ്റവും മികച്ച കർഷകപുത്ര അവാർഡിന് അർഹനായി. 2015 മുതൽ കരുവഞ്ചാൽ പ്രീസ്റ്റ് ഹോമിൽ വിശ്രമ ജീവിതം നയിക്കുകയായിരുന്നു.

വ്യത്യസ്തമായ മേഖലകളിൽ നമ്മുടെ അതിരൂപതക്ക് അകത്തും പുറത്തുമായി തന്റെ ദൗത്യം പൂർത്തിയാക്കിയാണ് ബഹു. ജോസച്ചൻ വിട വാങ്ങിയത്. തന്റെ ജീവിത്തിൽ സംഭവിച്ചതെല്ലാം ദൈവം നന്മയ്ക്കായി മാറ്റുമെന്ന് ഉറച്ചു വിശ്വസിച്ചിരുന്ന പുരോഹിതനായിരുന്നു ബഹു. ജോസച്ചൻ. തലശ്ശേരി അതിരൂപതയുടെ വളർച്ചയിൽ തന്റേതായ സംഭാവനകൾ നല്കുവാൻ അച്ചനു കഴിഞ്ഞു. വിശ്വസ്തരായ ഭൃത്യർക്ക് വാഗ്ദാനം ചെയ്യപ്പെട്ട നിത്യജീവന്റെ കിരീടം നല്കി ഈശോ ബഹു. ജോസച്ചനെ അനുഗ്രഹിക്കട്ടെ. പറുദീസായുടെ വാതിക്കൽ അങ്ങേ സ്വീകരിക്കാൻ നിത്യപുരോഹിതനായ ഈശോ കാത്തിരിക്കട്ടെ എന്ന പ്രാർത്ഥനയോടെ തലശ്ശേരി അതിരൂപതാ വൈദിക കൂട്ടായ്മയുടെയും ദൈവജനത്തിന്റെയും സ്നേഹപ്രണാമം.

**ഫാ. ജോസഫ് മുട്ടത്തുകുന്നേൽ**
*ചാൻസലർ*

# കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റോലേറ്റ്

"ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും
മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്കാ 2:52).

**1. 2026 മതബോധന ഞായർ – മെയ് 31**

2026–2027 അധ്യയനവർഷത്തെ വിശ്വാസപരിശീലന പ്രവർത്തനങ്ങൾ മെയ് 31 ഞായറാഴ്ച ആരംഭിക്കും. കഴിഞ്ഞ അധ്യയനവർഷത്തിൽ നല്കിയ സഹകരണത്തിനും പ്രോത്സാഹനത്തിനും പ്രത്യേകം നന്ദി പറയുന്നു. പുതിയ അധ്യയനവർഷത്തെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ ശ്രദ്ധിക്കുമല്ലോ.

1. എല്ലാ മാസവും ബഹു. വികാരിയച്ചന്റെ അധ്യക്ഷതയിൽ സ്റ്റാഫ് മീറ്റിംഗ് കൂടി ഓരോ മാസത്തേയും അതിരൂപതാ ബുള്ളറ്റിനിൽ വിശ്വാസപരിശീലനത്തെ സംബന്ധിച്ച് കൊടുക്കുന്ന കാര്യങ്ങൾ സ്റ്റാഫിൽ പൊതുവായി വായിക്കേണ്ടതും ചർച്ച ചെയ്യേണ്ടതുമാണ്. ഓഫീസുമായി ബന്ധപ്പെട്ട കാര്യങ്ങൾ കൃത്യസമയത്തുതന്നെ ചെയ്ത് സഹകരിക്കണം. എല്ലാ വിശ്വാസപരിശീലകരും ടീച്ചിംഗ് നോട്ട് എഴുതുകയും ഹാൻഡ് ബുക്ക് ഉപയോഗിക്കുകയും ചെയ്യേണ്ടതാണ്. ബഹു. വികാരിയച്ചനോ, ഹെഡ്മാസ്റ്ററോ അവ പരിശോധിക്കുകയും വേണം.

2. കുട്ടികൾക്ക് ക്ലാസിലെ പഠനം കൂടാതെ മാസത്തിലൊരിക്കൽ ക്ലാസ്സടിസ്ഥാനത്തിലോ പല ക്ലാസുകൾകൂടിയോ ഒരു മണിക്കൂർ ആരാധന നടത്തുമല്ലോ. പ്രായോഗിക മതബോധനത്തിന്റെ ഭാഗമായി ടേമിൽ ഒരിക്കൽ ആതുരാലയങ്ങൾ സന്ദർശിക്കുന്നതിനും അന്തേവാസികളെ ശുശ്രൂഷിക്കുന്നതിനും കുട്ടികൾക്ക് അവസരം ഒരുക്കി കൊടുക്കേണ്ടതാണ്. കൂടാതെ എൽ.സി.ഡി പ്രോജക്ടർ ഉപയോഗിച്ച് പാഠങ്ങളും, വിശുദ്ധരുടെ ജീവചരിത്രവും ധാർമികമൂല്യങ്ങൾക്ക് പ്രാധാന്യം കൊടുക്കുന്ന നല്ല ഫിലിമുകളും കുട്ടികളെ പൊതുവായി കാണിക്കേണ്ടതാണ്. അതിനായി സ്മാർട്ട് ക്ലാസ് റൂമുകൾ തയ്യാറാക്കുന്നത് നല്ലതാണ്.

3. വിശ്വാസപരിശീലന ക്ലാസുകൾക്ക് ഒന്നരമണിക്കൂർ എങ്കിലും സമയം കിട്ടുന്ന രീതിയിൽ ക്ലാസുകളുടെ സമയം പുനഃക്രമീകരിക്കണം. ക്ലാസ്സ് സമയം അപഹരിക്കുന്ന എല്ലാ പ്രോഗ്രാമുകളും മറ്റു സമയത്തേക്ക് മാറ്റിവയ്ക്കണം.

4. പഠനത്തിനായി ഇടവകയ്ക്ക് പുറത്ത് പോകുന്ന കുട്ടികൾ അവർ പഠിക്കാൻ പോകുന്ന സ്ഥലത്തുള്ള ഇടവക ദൈവാലയത്തിൽ മതബോധന ക്ലാസുകളിൽ സംബന്ധിക്കേണ്ടതാണെന്നും പഠനം പൂർത്തിയാക്കിയതായ കത്ത് ഹാജരാക്കിയാൽ വാർഷികപരീക്ഷ സ്വന്തം ഇടവകയിൽ നടത്താൻ അവസരമുണ്ടായിരിക്കുമെന്നും ബഹു. അച്ചന്മാർ പള്ളിയിൽ അറിയിക്കുമല്ലോ.

5. എല്ലാ സൺഡേസ്കൂളിലും ഓഫീസും സ്റ്റാഫ്മീറ്റിംഗ് കൂടുന്നതിനാവശ്യമായ സൗകര്യങ്ങളും ക്രമീകരിക്കേണ്ടതാണ്. ഓഫീസ് വൃത്തിയായി സൂക്ഷിക്കുകയും പ്രോഗ്രസ് കാർഡുകളും റക്കോർഡുകളും ഫയലുകളും മറ്റു രേഖകളും കൃത്യമായും ക്രമമായും അലമാരകളിൽ സൂക്ഷിക്കേണ്ടതുമാണ്. ഓഫീസിന് പുറത്ത് സൺഡേസ്കൂൾ ഓഫീസ് എന്നെഴുതിയ ബോർഡ് സ്ഥാപിക്കേണ്ടതും ഓഫീസിനുള്ളിൽ ആപ്തവാക്യം (ലൂക്കാ 2:52) ഭംഗിയായി എഴുതി വയ്ക്കേണ്ടതുമാണ്.

**2. ഹെഡ്മാസ്റ്റേഴ്സ് കോൺഫറൻസ് – മെയ് 30 ശനി**

2026–2027 അധ്യയനവർഷത്തെ ഹെഡ്മാസ്റ്റേഴ്സ് കോൺഫറൻസ് തളിപ്പറമ്പ് സെന്റ് മേരീസ് പാരീഷ് ഹാളിൽ വച്ച് നടത്തുന്നു. കോൺഫറൻസ് മെയ് 30 ശനിയാഴ്ച രാവിലെ 9:30 ന് ആരംഭിച്ച് ഉച്ചയ്ക്കുശേഷം 3:00 മണിക്ക് സമാപിക്കുന്നതാണ്. കോൺഫറൻസിൽവെച്ച് വിശ്വാസപരിശീലനമേഖലയിൽ 25, 50 വർഷങ്ങൾ പൂർത്തിയാക്കിയവരെ ആദരിക്കുന്നു. കൂടാതെ 2025–2026 പ്രവർത്തനവർഷത്തെ വിവിധ അവാർഡുകൾ, സ്കോളർഷിപ്പുകൾ എന്നിവ വിതരണം ചെയ്യുന്നതാണ്. അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് പങ്കെടുക്കുന്ന കോൺഫറൻസിൽ എല്ലാ ഹെഡ്മാസ്റ്റർമാരും നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

**3. വിശ്വാസപരിശീലന പ്രവർത്തനവർഷ ഉദ്ഘാടനം**

2026–2027 അധ്യയനവർഷത്തെ വിശ്വാസപരിശീലനപ്രവർത്തനങ്ങളുടെ ഔദ്യോഗിക ഉദ്ഘാടനം മെയ് 31 ഞായറാഴ്ച തളിപ്പറമ്പ് സെന്റ് മേരീസ് പാരിഷ് ഹാളിൽവെച്ച് അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് നിർവ്വഹിക്കുന്നതാണ്.

**4. പ്രവേശനോത്സവം**

2026–2027 വർഷത്തിൽ ഒന്നാം ക്ലാസ്സിൽ ചേരുന്ന കുട്ടികളുടെ പ്രവേശനോത്സവം മെയ് 31 ഞായറാഴ്ചയോ ജൂൺ 07 ഞായറാഴ്ചയോ ആഘോഷമായി നടത്തേണ്ടതാണ്.

**5. പാഠപുസ്തക – ഉപപാഠപുസ്തക വിതരണം**

1 മുതൽ 12 വരെ ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളും ഉപപാഠപുസ്തകങ്ങളും ജൂൺ 9 മുതൽ ജൂൺ 12 വരെയുള്ള തീയതികളിൽ ഫൊറോന അടിസ്ഥാനത്തിൽ വിതരണം ചെയ്യുന്നതാണ്. മെയ് 31, ജൂൺ 7 ഞായറാഴ്ചകളിൽതന്നെ ആവശ്യമായ പാഠപുസ്തകങ്ങളുടെയും ഉപപാഠ

പുസ്തകങ്ങളുടെയും എണ്ണം ശേഖരിക്കേണ്ടതാണ്. ഓരോ ഇടവകയ്ക്കും ആവശ്യമായ പുസ്തകങ്ങളുടെ എണ്ണം ബഹു. ഫൊറോന പ്രസിഡണ്ടിനെ അറിയിക്കണം. ഫൊറോന പ്രസിഡണ്ടും സെക്രട്ടറിയും ഓഫീസിൽ വന്ന് ഫൊറോനയ്ക്കാവശ്യമായ പുസ്തകങ്ങൾ കൊണ്ടുപോകേണ്ടതാണ്.

**പാഠപുസ്തകങ്ങളുടെ വില**

| | | |
|---|---|---|
| ബൈബിൾ നഴ്സറി | : | 55 രൂപ |
| ക്ലാസ്സ് I - VII | : | 50 രൂപ |
| ക്ലാസ്സ് VIII - XII | : | 55 രൂപ |
| ഇംഗ്ലീഷ് പുസ്തകങ്ങൾ | : | 55 രൂപ |
| ഉപപാഠപുസ്തകങ്ങൾ I - XII | : | 35 രൂപ |

**6. ആമുഖസെമിനാർ ജൂൺ 26–28**

തുടക്കക്കാരായ വിശ്വാസപരിശീലകർക്കായി ജൂൺ 26 മുതൽ 28 വരെയുള്ള തീയതികളിൽ ആമുഖസെമിനാർ സന്ദേശഭവനിൽ വച്ച് സംഘടിപ്പിക്കുന്നു. സെമിനാർ ജൂൺ മാസം 26–ാം തീയതി വെള്ളിയാഴ്ച രാവിലെ 9 മണിക്ക് ആരംഭിച്ച് 28–ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് അവസാനിക്കുന്നതാണ്. ഇതുവരെയും ആമുഖസെമിനാറിൽ പങ്കെടുക്കാത്ത എല്ലാ വിശ്വാസപരിശീലകരും നിർബന്ധമായും സെമിനാറിൽ പങ്കെടുക്കേണ്ടതാണ്. സെമിനാറിന്റെ ഫീസ് 1400/– രൂപയായിരിക്കും.

**7. ENLIGHT പരിശീലകർക്കുള്ള പഠനശിബിരം**

കൗമാരക്കാരായ കുട്ടികൾക്കായി (8–ാം ക്ലാസ്സ്) ഫൊറോനതലത്തിൽ സംഘടിപ്പിക്കുന്ന ENLIGHT പ്രോഗ്രാമിനു ക്ലാസ്സെടുക്കാനുള്ള അധ്യാപകർക്ക് ജൂൺ 13 ശനിയാഴ്ച രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് 1 മണിവരെ സന്ദേശഭവനിൽ വച്ച് പരിശീലനം നൽകുന്നു. ഓരോ ഫൊറോനയിൽ നിന്നും ഒരു വൈദികനും രണ്ട് അധ്യാപകരുമാണ് ഈ പഠനശിബിരത്തിൽ പങ്കെടുക്കേണ്ടത്.

**8. ENLIGHT 2026**

8–ാം ക്ലാസ്സ് കുട്ടികൾക്കുവേണ്ടിയുള്ള ENLIGHT പ്രോഗ്രാം ജൂൺ 28 ഞായറാഴ്ച രാവിലെ 9 മണി മുതൽ വൈകുന്നേരം 3 മണിവരെ ഫൊറോനകേന്ദ്രങ്ങളിൽ വച്ച് നടത്തപ്പെടുന്നു. 8–ാം ക്ലാസ്സിലെ അധ്യാപകർ കുട്ടികളെ ഫൊറോന പള്ളിയിൽ എത്തിക്കുക. ക്ലാസ്സ് വിഷയം: കൗമാര പ്രതിസന്ധികളും പ്രതിവിധികളും.

**9. സീറോമലബാർ പ്രതിഭാസംഗമം – 2026**

സീറോമലബാർ വിശ്വാസപരിശീലന കമ്മീഷൻ മെയ് 07,08,09 തീയതികളിൽ നടത്തിയ സംസ്ഥാനതല പ്രതിഭാസംഗമത്തിൽ അതിരൂപതയിൽ നിന്നും സാവിയോ ആന്റോ കാവുങ്കൽ, ഇരിട്ടി, എഡ്വിൻ കാഞ്ഞിരത്തിങ്കൽ, ചരൾ, ഒലീവിയ റോസ് ജോസ് വൈശ്യംപറമ്പിൽ, കാസർഗോഡ്,

ദിയ എലിസബത്ത് ജോമോൻ മൂലയിൽ, തോമാപുരം എന്നീ കുട്ടികൾ പങ്കെടുത്തു. ഒലീവിയ റോസ് ജോസ് വൈശ്യംപറമ്പിലിനെ സംസ്ഥാനതല പ്രതിഭയായി തെരഞ്ഞെടുക്കപ്പെട്ടു.

**10. വിശ്വാസോത്സവ ആൽബം എൻഡോവ്മെന്റ്**

വിശ്വാസോത്സവ ദിവസങ്ങളിൽ ''സമുദായ ശക്തീകരണം'' എന്ന വിഷയത്തെ ആസ്പദമാക്കി കുട്ടികൾക്കായി നടത്തിയ റവ. ഫാ. അബ്രാഹം ഒറ്റപ്ലാക്കൽ വിശ്വാസോത്സവ ആൽബം എൻഡോവ്മെന്റിന് കോട്ടൂർ സൺഡേസ്കൂൾ ഒന്നാം സ്ഥാനത്തിനും, കരുണാപുരം സൺഡേസ്കൂൾ രണ്ടാം സ്ഥാനത്തിനും, മാലോം സൺഡേസ്കൂൾ മൂന്നാം സ്ഥാനത്തിനും, എടൂർ സൺഡേസ്കൂൾ നാലാം സ്ഥാനത്തിനും അർഹരായി. വിജയികളായവർക്ക് അഭിനന്ദനങ്ങൾ.

**11. സ്റ്റാഫ് മീറ്റിംഗ്**

സൺഡേസ്കൂൾ പ്രവർത്തനവർഷാരംഭത്തിനുമുമ്പായി ബഹു. വികാരിയച്ചന്റെ അദ്ധ്യക്ഷതയിൽ സ്റ്റാഫ് മീറ്റിംഗ് കൂടി ക്ലാസ്സ് ഫിക്സേഷൻ നടത്തി പുതിയ അധ്യയനവർഷത്തിൽ നടപ്പിലാക്കേണ്ട കർമ്മപദ്ധതികൾക്ക് രൂപം കൊടുക്കണം.

**12. നന്ദി... ആശംസകൾ...**

വിശ്വാസപരിശീലന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ ചെമ്പേരി - വെരി. റവ. ഫാ. ജോർജ് കാഞ്ഞിരക്കാട്ട്, കാസർഗോഡ് - വെരി. റവ. ഫാ. ജോർജ് വള്ളിമല, മേരിഗിരി - വെരി. റവ. ഫാ. അബ്രാഹം മടത്തിമ്യാലിൽ, നെല്ലിക്കാംപൊയിൽ - വെരി. റവ. ഫാ. ജോസഫ് കാവനാടിയിൽ, പനത്തടി - വെരി. റവ. ഫാ. ജോസഫ് പൂവത്തോലിൽ എന്നീ ഫൊറോന വികാരിമാർക്ക് കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റിന്റെ ഹൃദ്യമായ നന്ദി.

പുതിയ ഡയറക്ടർമാരായ ചെമ്പേരി - വെരി. റവ. ഫാ. തോമസ് തയ്യിൽ, കാസർഗോഡ് - വെരി. റവ. ഫാ. ജോസഫ് പൂവത്തോലിൽ, മേരിഗിരി - വെരി. റവ. ഫാ. വളവനാൽ മാത്യു, നെല്ലിക്കാംപൊയിൽ - വെരി. റവ. ഫാ. മുളയോലിൽ മാത്യു, പനത്തടി - വെരി. റവ. ഫാ. കുടിപ്പറമ്പിൽ ചാക്കോ എന്നീ ഫൊറോന വികാരിമാർക്ക് അഭിനന്ദനങ്ങളും ആശംസകളും നേരുന്നു.

**13. എയ്ഞ്ചൽ നഴ്സറി**

സീറോമലബാർ കാറ്റക്കെറ്റിക്കൽ കമ്മീഷന്റെ നിർദ്ദേശമനുസരിച്ച് തലശ്ശേരി അതിരൂപതയിലെ എല്ലാ സൺഡേ സ്കൂളുകളിലും ഒന്നാം ക്ലാസിന് മുമ്പുള്ള കുട്ടികൾക്കായി എയ്ഞ്ചൽ നഴ്സറി ആരംഭിക്കേണ്ടതാണ്. പുസ്തകം ഓഫീസിൽ ലഭ്യമാണ്.

**14. ഫുൾഡേ ക്ലാസ്**

വാർഷിക കലണ്ടറിൽ നല്കിയിരിക്കുന്നപ്രകാരം മാസത്തിലെ അവസാന ഞായറാഴ്ച എല്ലാ സൺഡേസ്കൂളുകളിലും ഫുൾഡേ ക്ലാസ് നടത്തേണ്ടതാണ്. ഗ്രൂപ്പുകളുടെ കലാപരിപാടികൾ, സംഘടനാപ്രവർത്തനങ്ങൾ, സെമിനാറുകൾ, ആരാധന, കുമ്പസാരം മുതലായവയ്ക്ക് ഉച്ചകഴിഞ്ഞുള്ള സമയം പ്രയോജനപ്പെടുത്താവുന്നതാണ്.

**15. ഫൊറോന കമ്മിറ്റി**

ബഹു. ഫൊറോന ഡയറക്ടറച്ചൻ അദ്ധ്യക്ഷനായുള്ള ഫൊറോന കമ്മിറ്റിയാണ് ഫൊറോനയിലെ വിശ്വാസപരിശീലനപ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നത്. അതിരൂപതാ വിസിറ്ററും ഫൊറോന കമ്മിറ്റിയിലെ അംഗമാണ്. ജൂൺ മാസത്തിൽ ഫൊറോന കമ്മിറ്റി കൂടേണ്ടതാണ്. ഫൊറോന പ്രസിഡന്റ്, സെക്രട്ടറി, വിസിറ്റർ എന്നിവരിൽ ആരെയെങ്കിലും പുതുതായി തെരഞ്ഞെടുത്തിട്ടുണ്ടെങ്കിൽ അവരുടെ പേര്, അഡ്രസ്സ്, ഫോൺനമ്പർ മുതലായവ ഓഫീസിലേക്ക് അയച്ചുതരേണ്ടതാണ്.

**16. 2024-2025 അധ്യയനവർഷത്തെ IV, VII, X ക്ലാസ്സുകളിലെ സ്കോളർഷിപ്പ് പരീക്ഷാഫലങ്ങൾ**

**A. IV-ാം ക്ലാസ്സ് സ്കോളർഷിപ്പ് പരീക്ഷാഫലം**

**അതിരൂപതാ റാങ്ക് ലിസ്റ്റ് 2025-2026**

| | | |
|---|---|---|
| 1. റോസ (ലിയോണ) തറയിൽ | വട്ട്യറ | ഒന്നാം റാങ്ക് |
| 2. ജോയേൽ കൂട്ടുങ്കൽ | കണ്ണിവയൽ | രണ്ടാം റാങ്ക് |
| 3. അരുവി മരിയ കാണ്ടാവനത്തിൽ | തലശ്ശേരി | മൂന്നാം റാങ്ക് |
| 4. മരിയ (ജിയ) പറേക്കാട്ടിൽ | വട്ട്യറ | നാലാം റാങ്ക് |
| 5. ക്രിസ്മ സാറാ കൂറ്റിയാനിക്കൽ | ജോസ്ഗിരി | നാലാം റാങ്ക് |

| **ഫൊറോന റാങ്ക് ലിസ്റ്റ്** | **ഇടവക** | **ഫൊറോന** |
|---|---|---|
| 1. ഒലിവർ ഷിജിൽ മുത്തുമാക്കുഴിയിൽ | മാമ്പൊയിൽ | ആലക്കോട് |
| 2. മേരി മേനാച്ചേരി | ചെമ്പന്തൊട്ടി | ചെമ്പന്തൊട്ടി |
| 3. നിയ മരിയ മഞ്ഞളാങ്കൽ | പുലിക്കുരുമ്പ | ചെമ്പേരി |
| 4. ക്രിസ്മ സാറാ കൂറ്റിയാനിക്കൽ | ജോസ്ഗിരി | ചെറുപുഴ |
| 5. റോസ തറയിൽ | വട്ട്യറ | എടൂർ |
| 6. ജോവാൻ മരിയ പുല്ലുകാലായിൽ | എണ്ണപ്പാറ | കാഞ്ഞങ്ങാട് |
| 7. ആരോൺ കുര്യൻ വേലുപുല്ലാട്ട് | ബദിയടുക്ക | കാസർഗോഡ് |
| 8. ആൻമരിയ എളമ്പാശ്ശേരി | ചരൾ | കുന്നോത്ത് |
| 9. ആഡ്‌ലിൻ മരിയ റോസ് ഉറുമ്പിൽ | മാലോം | മാലോം |
| 10. ആബേൽ തോമസ് ചിറ്റകുഴിയിൽ | മണിക്കടവ് | മണിക്കടവ് |

| | | |
|---|---|---|
| 11. ജൊവാന വട്ടംതൊട്ടിയിൽ | കാര്യപ്പള്ളി | മേരിഗിരി |
| 12. ലിയ മേരി മാപ്പിളപറമ്പിൽ | ഉളിക്കൽ | നെല്ലിക്കാംപൊയിൽ |
| 13. ഇമ്മാനുവേൽ കെ.വി പുരയിടം | ചുണ്ടപറമ്പ് | പൈസക്കരി |
| 14. ജൊവാന അന്ന ചാരുപ്ലാക്കിൽ | അടോട്ടുകായ | പനത്തടി |
| 15. മരിയ പേഴുംകാട്ടിൽ | പേരാവൂർ | പേരാവൂർ |
| 16. അരുവി മരിയ കാണ്ടാവനത്തിൽ | തലശ്ശേരി | തളിപ്പറമ്പ് |
| 17. ജോയേൽ കൂട്ടുങ്കൽ | കണ്ണിവയൽ | തോമാപുരം |
| 18. ഇൽ ടെസ്സ പള്ളിപ്പാടൻ | കരുണാപുരം | വായാട്ടുപറമ്പ് |
| 19. ജോസ് ഉതിനാംപറമ്പിൽ | കനകപ്പള്ളി | വെള്ളരിക്കുണ്ട് |

## B. VII-ാം ക്ലാസ്സ് സ്കോളർഷിപ്പ് പരീക്ഷാഫലം

### അതിരൂപതാ റാങ്ക് ലിസ്റ്റ് 2025-2026

| | | |
|---|---|---|
| 1. ഒലീവിയ റോസ് വൈശ്യംപറമ്പിൽ | കാസർഗോഡ് | ഒന്നാം റാങ്ക് |
| 2. ദിയ എലിസബത്ത് മൂലയിൽ | തോമാപുരം | രണ്ടാം റാങ്ക് |
| 3. ട്രീസാസാബു വാട്ടപ്പിള്ളിൽ | പാണത്തൂർ | മൂന്നാം റാങ്ക് |
| 4. എയ്ഞ്ചൽ മരിയ കൊച്ചുപുരയ്ക്കൽ | പുന്നക്കുന്ന് | നാലാം റാങ്ക് |

| ഫൊറോന റാങ്ക് ലിസ്റ്റ് | ഇടവക | ഫൊറോന |
|---|---|---|
| 1. ഇമ്മാനുവൽ മൈലാടൂർ | ആലക്കോട് | ആലക്കോട് |
| 2. ആൻ നിയോറ എം ഷിനോ മാങ്കൂട്ടം | ചേപ്പറമ്പ് | ചെമ്പന്തൊട്ടി |
| 3. എയ്ഞ്ചൽ മരിയ മമ്പള്ളിൽ | ചെമ്പേരി | ചെമ്പേരി |
| 4. നിയ റോസ് മഞ്ഞക്കുന്നേൽ | മുളപ്ര | ചെറുപുഴ |
| 5. ആഗ്നൽ എൽസ കുളത്തിങ്കൽ | കരിക്കോട്ടക്കരി | എടൂർ |
| 6. അന്ന റോസ് അറയ്ക്കപറമ്പിൽ | ചായോത്ത് | കാഞ്ഞങ്ങാട് |
| 7. ഒലീവിയ റോസ് വൈശ്യംപറമ്പിൽ | കാസർഗോഡ് | കാസർഗോഡ് |
| 8. എഡ്വിൻ ലൂയിസ് കാഞ്ഞിരത്തിങ്കൽ | ചരൾ | കുന്നോത്ത് |
| 9. ഐവിൻ തെങ്ങുംതോട്ടത്തിൽ | മാലോം | മാലോം |
| 10. എയ്ഞ്ചൽ മരിയ അയ്യങ്കാനായിൽ | മണിപ്പാറ | മണിക്കടവ് |
| 11. എലിസബത്ത് ഈഴറേട്ട് | കോടോപ്പള്ളി | മേരിഗിരി |
| 12. സാവിയോ ആന്റോ കാവുങ്കൽ | ഇരിട്ടി | നെല്ലിക്കാംപൊയിൽ |
| 13. ജോഹാൻ എസ് നെല്ലുവേലിൽ | പയ്യാവൂർ | പൈസക്കരി |
| 14. ട്രീസാ സാബു വാട്ടപ്പിള്ളിൽ | പാണത്തൂർ | പനത്തടി |
| 15. അലോന അന്ന പന്തപ്ലാക്കൽ | ഓടംതോട് | പേരാവൂർ |
| 16. എവ്‌ലിൻ മരിയ വേലാറിൽ | തളിപ്പറമ്പ് | തളിപ്പറമ്പ് |
| 17. ദിയ എലിസബത്ത് മൂലയിൽ | തോമാപുരം | തോമാപുരം |
| 18. ജിസ്മരിയ ജോസ്റ്റിൻ കട്ടക്കയം | കരുവൻചാൽ | വായാട്ടുപറമ്പ് |
| 19. എയ്ഞ്ചൽ മരിയ കൊച്ചുപുരയ്ക്കൽ | പുന്നക്കുന്ന് | വെള്ളരിക്കുണ്ട് |

## C. X-ാം ക്ലാസ്സ് സ്കോളർഷിപ്പ് പരീക്ഷാഫലം

### അതിരൂപതാ റാങ്ക് ലിസ്റ്റ് 2025-2026

| | | |
|---|---|---|
| 1. തേരേസ് കാരംന്താനം | തളിപ്പറമ്പ് | ഒന്നാം റാങ്ക് |
| 2. അൽഫോൻസ കുരിശുങ്കൽ | കോട്ടൂർ | രണ്ടാം റാങ്ക് |
| 3. റോസ്മരിയ സെബാസ്റ്റ്യൻ മരോട്ടിപ്പാറ | ഇരിട്ടി | മൂന്നാം റാങ്ക് |
| 4. ലിയോൺ സിസിലി ലൂക്ക് ഒടിയത്തിങ്കൽ | നെല്ലിക്കുറ്റി | നാലാം റാങ്ക് |
| 5. എയ്ഞ്ചൽ പുളിക്കൽ | പനത്തടി | നാലാം റാങ്ക് |

| ഫൊറോന റാങ്ക് ലിസ്റ്റ് | ഇടവക | ഫൊറോന |
|---|---|---|
| 1. ബെനിറ്റ് സുബിൻ മലമാക്കൽ | കുട്ടാപറമ്പ് | ആലക്കോട് |
| 2. അൽഫോൻസ കുരിശുങ്കൽ | കോട്ടൂർ | ചെമ്പന്തൊട്ടി |
| 3. ലിയോൺ സിസിലി ഒടിയത്തിങ്കൽ | നെല്ലിക്കുറ്റി | ചെമ്പേരി |
| 4. ഹന്ന റോസ് വടക്കെത്തൊന്നിക്കൽ | പുളിങ്ങോം | ചെറുപുഴ |
| 5. മാർഗ്രറ്റ് കൂനങ്കിൽ | വെളിമാനം | എടൂർ |
| 6. നോയൽ ജോസഫ് ചൂരക്കുന്നേൽ | പടന്നക്കാട് | കാഞ്ഞങ്ങാട് |
| 7. മരിയ റോസ് ആറ്റുപുറത്ത് | ബദിയടുക്ക | കാസർഗോഡ് |
| 8. ഡേവിഡ് തട്ടാംപറമ്പിൽ | ചരൾ | കുന്നോത്ത് |
| 9. എയ്ഞ്ചൽ റാണി മാങ്ങാട്ട് | ചുള്ളി | മാലോം |
| 10. ടിന ട്രീസ തോരണപ്ലാക്കൽ | മണിപ്പാറ | മണിക്കടവ് |
| 11. മറിയ തോമസ് പാഴൂപ്പറമ്പിൽ | ചെറുപാറ | മേരിഗിരി |
| 12. റോസ് മരിയ മരോട്ടിപ്പാറ | ഇരിട്ടി | നെല്ലിക്കാംപൊയിൽ |
| 13. എൽവിയ മരിയ തേക്കുംകാട്ടിൽ | പൈസക്കരി | പൈസക്കരി |
| 14. എയ്ഞ്ചൽ പുളിക്കൽ | പനത്തടി | പനത്തടി |
| 15. അൽന റോസ് തലയണക്കുഴിയിൽ | കൊളക്കാട് | പേരാവൂർ |
| 16. തെരേസ് കാരംന്താനം | തളിപ്പറമ്പ് | തളിപ്പറമ്പ് |
| 17. ആൻലിൻ തെരേസ പെരികലംകാട്ടിൽ | തയ്യേനി | തോമാപുരം |
| 18. ആൻമരിയ എടാട്ട് | വിജയപുരം | വായാട്ടുപറമ്പ് |
| 19. അൽഫോൻസ് മരിയ കാലാപറമ്പിൽ | വിമലഗിരി-പരപ്പ | വെള്ളരിക്കുണ്ട് |

**ഫാ. ആന്റണി കിടാരത്തിൽ**
*ഡയറക്ടർ*

# ബൈബിൾ അപ്പൊസ്റ്റോലേറ്റ്
## ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്

**അഡ്മിഷൻ ആരംഭം**

ആൽഫ സെന്ററിന്റെ കീഴിലുള്ള Tely- Alpha Centre for Religious Science –ന്റെ Online ദൈവശാസ്ത്ര diploma, degree, P.G. കോഴ്സുകളിലേക്കും Alpha Higher Institute of Religious Science ന്റെ ദൈവശാസ്ത്ര ബിരുദത്തിന്റെ റെഗുലർ കോഴ്സുകളിലേക്കും അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു.

ഓൺലൈൻ കോഴ്സുകൾ സംബന്ധിച്ച് അറിയാൻ : **8086312826**
റെഗുലർ കോഴ്സ് സംബന്ധിച്ച് : **7306555653**

**ബൈബിൾ വിതരണം**

ഓരോ ഇടവകയ്ക്കുമുള്ള സബ്സിഡി ബൈബിളുകളും പരിഷ്കരിച്ച സമ്പൂർണ്ണ ബൈബിളും വലിയ അക്ഷരത്തിലുള്ള സമ്പൂർണ്ണ ബൈബിളും ഓഫീസിൽ ലഭ്യമാണ്.

സബ്സിഡി ബൈബിൾ - Rs : 330
പരിഷ്കരിച്ച ബൈബിൾ - Rs : 550
വലിയ അക്ഷരം (പഴയപതിപ്പ്) - Rs : 600

**നന്ദി, സ്വാഗതം**

കഴിഞ്ഞ 2 വർഷങ്ങളായി ബൈബിൾ അപ്പൊസ്റ്റോലേറ്റ് ഡയറക്ടറായി സേവനം ചെയ്തശേഷം കത്തീഡ്രൽ വികാരിയായി സ്ഥലം മാറിപോയ ബഹു. ഫിലിപ്പ് കവിയിലച്ചനും കഴിഞ്ഞ മൂന്നു മാസങ്ങൾ ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട് അസി. ഡയക്ടറായി സേവനം ചെയ്തശേഷം ഉപരിപഠനാർത്ഥം റോമിനുപോകുന്ന സെബാസ്റ്റ്യൻ തെങ്ങുംപള്ളിയച്ചനും ബൈബിൾ അപ്പൊസ്റ്റോലേറ്റിന്റെയും, ആൽഫാ കുടുംബത്തിന്റെയും ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുകയും, പുതിയ ദൗത്യങ്ങൾക്ക് എല്ലാവിധ ഭാവുകങ്ങളും നേരുകയും ചെയ്യുന്നു.

ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുതിയ അസി. ഡയറക്ടറായി ചുമതലയേറ്റ ജോസഫ് കളപ്പുരക്കൽ അച്ചന് പുതിയ ഉത്തരവാദിത്വത്തിലേക്ക് ഹൃദ്യമായ സ്വാഗതം ആശംസിക്കുന്നു.

**ഫാ. മാത്യു കൊട്ടുകാപ്പള്ളി**
*ഡയറക്ടർ, ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്*
*& ബൈബിൾ അപ്പൊസ്റ്റോലേറ്റ്*

**ഫാ. ജോസഫ് കളപ്പുരക്കൽ**
*അസി. ഡയറക്ടർ,*
*ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്*

# ചിൽഡ്രൻ അപ്പൊസ്റ്റോലേറ്റ്

## ചെറുപുഷ്പ മിഷൻലീഗ്

സ്നേഹ ബഹു. അച്ചന്മാരെ, സിസ്റ്റേഴ്സ്, പ്രിയ മിഷനറിമാരെ,

ഒത്തിരിയേറെ ആകാംക്ഷയോടും പ്രതീക്ഷയോടും കൂടെ പുതിയ ഒരുവർഷത്തെ എതിരേൽക്കാൻ നാം ഒരുങ്ങിയിരിക്കുകയാണ്. മിഷൻലീഗ് അംഗങ്ങളായ നമ്മെ സംബന്ധിച്ച് പുതിയ ഒരു പ്രവർത്തനവർഷം ജൂൺ ഒന്നു മുതൽ ആരംഭിക്കുകയാണല്ലോ. **"സഭയെ സ്നേഹിക്കാം ലോകത്തിൽ സാക്ഷികളാകാം..."** എന്ന ആപ്തവാക്യത്തിന്റെ ചുവടുപിടിച്ച്, സഭയെ സ്നേഹിച്ച് ത്യാഗത്തോടെ, സേവന വഴിയേ കരുത്തരാകാൻ, സഹനം ചേർത്തുവെച്ച് കരുതലാകാൻ ഈ പ്രവർത്തനവർഷത്തിൽ നമുക്ക് കഴിയട്ടെ. ഇതോടൊപ്പം കഴിഞ്ഞ പ്രവർത്തനവർഷത്തിൽ കഠിനാധ്വാനംചെയ്ത് ത്യാഗപൂർവ്വം പ്രാർത്ഥിച്ച് സംഘടനയുടെ യശസ് ഉയർത്തിയ എല്ലാ ഡയറക്ടേഴ്സിനെയും, വൈസ് ഡയറക്ടേഴ്സിനെയും, ഭാരവാഹികളെയും ഞാൻ അഭിനന്ദിക്കുന്നു... നന്ദിപറയുന്നു. ഈ പുതുവർഷത്തിൽ പുത്തൻ ഉണർവോടെ പ്രവർത്തിക്കുവാൻ സർവ്വശക്തനായ ദൈവം നമ്മെ ഓരോരുത്തരെയും അനുഗ്രഹിക്കട്ടെ.

അനുസ്മരിക്കുന്ന തിരുനാൾ : ഈശോയുടെ തിരുഹൃദയതിരുനാൾ
അനുസ്മരിക്കുന്ന വിശുദ്ധർ : വി. പത്രോസ്, വി. പൗലോസ്
പ്രാർത്ഥനാനിയോഗം : നവാഗതരായ വിദ്യാർത്ഥികൾക്കു വേണ്ടി
സുകൃത ജപം : ഈശോയുടെ തിരുഹൃദയമേ, അങ്ങ് എന്റെ സ്നേഹമായിരിക്കണമെ

**1. ശാഖകൾ ശ്രദ്ധിക്കാൻ**

04 വ്യാഴം : പരിശുദ്ധ കുർബാനയുടെ തിരുനാൾ
06 ശനി : അതിരൂപതാതല പ്രവർത്തനവർഷ ഉദ്ഘാടനവും, മാർഗ്ഗരേഖ പ്രകാശനവും
07 ഞായർ : ശാഖാ-മേഖലാതല പ്രവർത്തന വർഷ ഉദ്ഘാടനം

12 വെള്ളി : ഈശോയുടെ തിരുഹൃദയ തിരുനാൾ
13 ശനി : മാതാവിന്റെ വിമലഹൃദയതിരുനാൾ
13 ശനി : പാദുവായിലെ വി. അന്തോണീസിന്റെ തിരുനാൾ
29 തിങ്കൾ : വി. പത്രോസ്, വി. പൗലോസ് ശ്ലീഹൻമാരുടെ തിരുനാൾ

**2. മേഖലകൾ ശ്രദ്ധിക്കാൻ :** എക്സിക്യൂട്ടീവ്, പ്രവർത്തനവർഷ ഉദ്ഘാടനം, പ്രവർത്തന മാർഗ്ഗരേഖ, ബഡ്ജറ്റ് അവതരിപ്പിക്കുക. ശാഖാ - മേഖലാ വാർഷിക റിപ്പോർട്ട് ജൂൺ 10 ന് അതിരൂപതയിൽ എത്തിക്കുക.

**3. ശാഖാ - മേഖല വൈസ് ഡയറക്ടേഴ്സിന്റെ ശ്രദ്ധയ്ക്ക്**

2025-26 പ്രവർത്തനവർഷത്തെ ശാഖാ വാർഷിക റിപ്പോർട്ടിന്റെ 2 കോപ്പി ജൂൺ 5 ന് അവരവരുടെ മേഖലകളിൽ എത്തിക്കണമെന്നും മേഖലാ ടീം അവരുടെ നേതൃത്വത്തിൽ മേഖലകളുടെ കീഴിലുള്ള എല്ലാ ശാഖകളുടെയും വാർഷിക റിപ്പോർട്ടിന്റെ ഒറിജിനൽ കോപ്പി ജൂൺ 10 ന് അതിരൂപതയിൽ എത്തിക്കുകയും ചെയ്യുമല്ലോ. ഒരു ശാഖയും നേരിട്ട് വാർഷിക റിപ്പോർട്ടിന്റെ കോപ്പി അതിരൂപതയിലേയ്ക്ക് അയയ്ക്കേണ്ടതില്ല. വാർഷിക റിപ്പോർട്ടിന്റെ കോപ്പി മേഖലയ്ക്ക് കൊടുക്കുമ്പോൾ ശാഖാ ഡയറക്ടർ, പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെ പേര്, ഒപ്പ് എന്നിവ നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്. സീൽ ചെയ്യാൻ നിർദ്ദേശിച്ചിരിക്കുന്ന സ്ഥലത്ത് സീൽ വയ്ക്കണം എന്ന കാര്യം കൂടി ഓർമ്മിപ്പിക്കട്ടെ.

**4. മേഖല എക്സിക്യൂട്ടീവിന്റെ ശ്രദ്ധയ്ക്ക്**

2025-26 വർഷത്തെ പ്രവർത്തനങ്ങളുടെ ശാഖാ വാർഷിക റിപ്പോർട്ടിന്റെ കോപ്പി ഒരു ശാഖയിൽ നിന്നും രണ്ടെണ്ണം വീതം മേഖലകളിൽ വാങ്ങുകയും മേഖലകളുടെ ഉത്തരവാദിത്വത്തിൽ റിപ്പോർട്ടിന്റെ ഒറിജിനൽ കോപ്പി ജൂൺ 10 ന് അതിരൂപതാ ഓഫീസിൽ എത്തിക്കേണ്ടതുമാണ്. അതോടൊപ്പം മേഖലാ എക്സിക്യൂട്ടീവ് ശാഖകളുടെ 2025-26 വർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്തി ഒന്നും, രണ്ടും, മൂന്നും സ്ഥാനങ്ങൾ നൽകിയ ശാഖകളുടെ പേരുകൾ കൂടി ജൂൺ 10 ന് അതിരൂപതയിൽ നൽകേണ്ടതാണ്. റിപ്പോർട്ട് വാങ്ങിക്കുമ്പോൾ അവസാന പേജിൽ ചോദിച്ചിരിക്കുന്ന ഡയറക്ടർ പേര് ഒപ്പ്, പ്രസിഡന്റ് പേര് ഒപ്പ്, സെക്രട്ടറി പേര് ഒപ്പ്, തീയതി, സ്ഥലം, സീൽ എന്നിവ കൃത്യമായി എഴുതിയിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തിയ ശേഷം കൈപ്പറ്റുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. അതോടൊപ്പം ശ്രീ. ജെയ്സൺ മർക്കോസ് പാലയൂർപൂവ്വത്തിങ്കൽ സാറിന്റെ സ്മരണാർത്ഥം ഏറ്റവും മികച്ച പ്രവർത്തനം കാഴ്ചവെയ്ക്കുന്ന മേഖലാ പ്രസിഡന്റുമാർക്ക് ഏർപ്പെടുത്തിയിരിക്കുന്ന പ്രേഷിത അവാർഡിന് അർഹമായ അപേക്ഷകൾ ജൂൺ 10 ന് തന്നെ എത്തിക്കണം എന്നകാര്യം കൂടി ഓർമ്മപ്പെടുത്തുന്നു.

**5. സ്നേഹോഷ്മളമായ സ്വാഗതം**

പുതിയതായി അതിരൂപതാ വൈസ് ഡയറക്ടറായി ചാർജ്ജ് എടുത്തിരിക്കുന്ന സി. ജ്യോത്സന കെ. ജോയി എഫ്സിസിയ്ക്ക് അതിരൂപതാ കുടുംബത്തിലേക്ക് ഹൃദ്യമായ സ്വാഗതം. ദൈവം ഏൽപ്പിച്ചിരിക്കുന്ന ഉത്തരവാദിത്വങ്ങൾ പൂർണ്ണതയിൽ നിർവ്വഹിക്കുവാൻ എല്ലാ വിധ ദൈവാനുഗ്രഹങ്ങളും ലഭിക്കട്ടെയെന്ന് ആശംസിക്കുന്നു... പ്രാർത്ഥിക്കുന്നു.

**6. ശാഖാ ഇലക്ഷൻ**

ചെറുപുഷ്പ മിഷൻലീഗിന്റെ 2026-2027 വർഷത്തേക്കുള്ള ശാഖാ ജൂനിയർ - സീനിയർ ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് വിശ്വാസോത്സവത്തോടനുബന്ധിച്ച് നടത്തി എന്ന് കരുതുന്നു. തിരഞ്ഞെടുപ്പ് നടത്തിയവർ ലിസ്റ്റ് പ്രവർത്തനവർഷ ഉദ്ഘാടനത്തിന് വരുമ്പോൾ (ജൂൺ 6ന്) അതിരൂപതയിൽ നിന്ന് നൽകിയിരിക്കുന്ന ഭാരവാഹികളുടെ ഫോമിൽ കൃത്യമായി എഴുതി കൊണ്ടുവരുവാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

**7. ചെറുപുഷ്പ മിഷൻലീഗ് പ്രവർത്തനവർഷ ഉദ്ഘാടനവും വൈസ് ഡയറക്ടേഴ്സ് മീറ്റിംഗും**

ചെറുപുഷ്പ മിഷൻലീഗ് 2026-2027 പ്രവർത്തന വർഷ ഉദ്ഘാടനവും വൈസ്ഡയറക്ടേഴ്സ് മീറ്റിംഗും തളിപ്പറമ്പ് സെന്റ് മേരീസ് ഓഡിറ്റോറിയത്തിൽ വച്ച് ജൂൺ 6 ശനിയാഴ്ച രാവിലെ 9.15 ന് വി. കുർബാനയോടുകൂടി ആരംഭിക്കും. തുടർന്ന് 10.15 ന് നടക്കുന്ന പ്രവർത്തനവർഷ ഉദ്ഘാടനം അതിരൂപതാ വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി നിർവഹിക്കും. അതോടൊപ്പം മിഷൻലീഗ് - തിരുബാലസഖ്യം മാർഗ്ഗരേഖാ പ്രകാശനവും ഉണ്ടായിരിക്കും. അന്നേദിവസം സ്കോളർഷിപ്പിന് അർഹരായവർക്ക് സമ്മാനങ്ങൾ നൽകുന്നതായിരിക്കും. എല്ലാ വൈസ്ഡയറക്ടേഴ്സും, ഈ മീറ്റിംഗിൽ പങ്കെടുക്കുവാൻ കൃത്യസമയത്തുതന്നെ എത്തിച്ചേരുമല്ലോ. സംഘടന പ്രവർത്തനങ്ങൾക്ക് ആവശ്യമായ സാധനസാമഗ്രികൾ വാങ്ങുവാനും; കുടിശ്ശിക അടക്കാനുള്ളവർക്ക് അടക്കാനുള്ള സൗകര്യവും അന്നേദിവസം ഉണ്ടായിരിക്കുന്നതാണ്.

**8. ശാഖാതല പ്രവർത്തനവർഷ ഉദ്ഘാടനം**

ഈ വർഷത്തെ ശാഖാതല പ്രവർത്തന വർഷ ഉദ്ഘാടനം അതിരൂപതാതലത്തിൽ ജൂൺ 7 ഞായറാഴ്ച കരുണാപുരം ശാഖയിൽ വച്ച് നടക്കും. അന്നേദിവസം പ്രവർത്തന വർഷ ഉദ്ഘാടനം നടത്തി ശാഖാ ഭാരവാഹികളുടെ നേതൃത്വത്തിൽ ശാഖാതല പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ ഭാരവാഹികൾ ശ്രദ്ധിക്കുമല്ലോ.

**9. ഉപരിപഠന സ്കോളർഷിപ്പ്**

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 12-ാം ക്ലാസ്സ് കഴിഞ്ഞ

മിഷൻലീഗ് സജീവ അംഗങ്ങൾക്ക് നൽകി വരുന്ന രജതജൂബിലി ഉപരിപഠന സ്കോളർഷിപ്പിന് അർഹമായ അപേക്ഷകൾ ജൂൺ 25 ന് മുമ്പ് വികാരിയച്ചന്റെ സാക്ഷ്യപത്രം, അംഗത്വകാർഡിന്റെ കോപ്പി, മാർക്ക് ലിസ്റ്റിന്റെ കോപ്പി എന്നിവയോടൊപ്പം ഓഫീസിൽ എത്തിക്കുമല്ലോ. ഒരു ശാഖയിൽ നിന്നും ഒരു അപേക്ഷയാണ് അതിരൂപതയിൽ നൽകേണ്ടത് എന്ന് ഓർമ്മിപ്പിക്കുന്നു.

**10. അംഗത്വസ്വീകരണം**

ദുക്റാന തിരുനാളിനോടനുബന്ധിച്ച് ജൂലൈ 3 നോ തൊട്ടടുത്ത ഞായറാഴ്ചയോ ഈ വർഷത്തെ അംഗത്വ സ്വീകരണം നടത്തി ജൂലൈ 30 നുള്ളിൽ കഴിഞ്ഞവർഷത്തേതിന്റെ തുടർച്ചയായ നമ്പറിട്ട് അംഗത്വ ലിസ്റ്റ് ഓഫീസിൽ എത്തിക്കുമല്ലോ.

**11. മേഖല ഡയറക്ടേഴ്സ്, വൈസ് ഡയറക്ടേഴ്സ് മീറ്റിംഗ്**

മിഷൻലീഗ് തിരുബാലസഖ്യം പ്രവർത്തനങ്ങൾ വിലതിരുത്തുന്നതിനും 2026–2027 വർഷത്തെ പ്രവർത്തനങ്ങളെ കുറിച്ച് ചർച്ച ചെയ്യുന്നതിനുമായി ജൂൺ മാസം 6–ാം തിയതി മേഖല ഡയറക്ടേഴ്സ് വൈസ് ഡയറക്ടേഴ്സ് മീറ്റിംഗ് കൂടുന്നതാണ്. മീറ്റിംഗിനെ കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

**12. ഹൃദയം നിറഞ്ഞ നന്ദി**

വ്യത്യസ്ഥങ്ങളായ ആശയങ്ങളും പ്രവർത്തന ശൈലിയും കൊണ്ട് വിവിധ ഫൊറോനകളിൽ മിഷൻലീഗ് മേഖലാ ഡയറക്ടർ വൈസ് ഡയറക്ടർ എന്നീ നിലകളിൽ തങ്ങളെ ഏൽപ്പിച്ച ഉത്തരവാദിത്വങ്ങൾ കൃത്യനിഷ്ഠതയോടും, ആത്മാർത്ഥതയോടും, തീക്ഷ്ണതയോടും, സേവന സന്നദ്ധതയോടും കൂടി പൂർത്തിയാക്കി പുതിയ ഇടവകകളിലേക്ക് സ്ഥലംമാറിപ്പോയ ഫാ. തോമസ് മരശ്ശേരി (മാലോം), ഫാ. മാത്യു കല്ലുങ്കൽ (ചെറുപുഴ), ഫാ. ജോസഫ് കാനക്കാട്ട് (മേരിഗിരി), ഫാ. തോമസ് പന്തലാനിക്കൽ (പേരാവൂർ), ഫാ. സെബാസ്റ്റ്യൻ തെങ്ങുംപള്ളി (നെല്ലിക്കാംപൊയിൽ), ഫാ. ജോസഫ് ചെരിയംക്കുന്നേൽ (പൈസക്കരി), ഫാ. ജോസഫ് ഓരത്തേൽ (ചെമ്പന്തൊട്ടി), സി. ജ്യോത്സന എഫ്.സി.സി (തളിപ്പറമ്പ്), സി. അലീന എസ്.എം.എസ് (ചെമ്പേരി) സി. അമല എൻ.എസ് (നെല്ലിക്കാംപൊയിൽ) സി. ലിസ് മരിയ എസ്.എം.എസ് (ചെറുപുഴ), സി. ലിസ്യു എൻ.എസ് (മണിക്കടവ്), സി. റോസ്മിൻ (കാസർഗോഡ്), സി. പ്രീതി എസ്.എ.ബി.എസ് (പേരാവൂർ) എന്നിവർക്ക് അതിരൂപതാ കുടുംബത്തിന്റെ ഹൃദയം നിറഞ്ഞ നന്ദിയും പ്രാർത്ഥനാശംസകളും...

**13. അഭിനന്ദനങ്ങൾ**

വിശ്വാസപരിശീലനത്തിൽ 12–ാം ക്ലാസ്സിൽ ഏറ്റവും കൂടുതൽ മാർക്ക് ലഭിക്കുന്ന കുഞ്ഞുമിഷണറിക്ക് ചെറുപുഷ്പ മിഷൻലീഗ് നൽകിവരുന്ന

മാർ സെബാസ്റ്റ്യൻ വള്ളോപ്പള്ളി പൗരോഹിത്യ സുവർണ്ണജൂബിലി മെമ്മോറിയൽ അവാർഡ് കരസ്ഥമാക്കിയ വിജയഗിരി ശാഖയിലെ ആൻ റോസ് അന്തീനാട്ടിന് അതിരൂപതാ കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

**14. എയ്ഞ്ചൽസ് മീറ്റ്**

ഈ വർഷം ആദ്യകുർബാന സ്വീകരിച്ച കുട്ടികളുടെ മേഖലാതല സംഗമമായ എയ്ഞ്ചൽമീറ്റ് 27-04-2026 എടൂർ, 04-05-2026 വായാട്ടുപ്പറമ്പ്, 05-05-2026 ചെറുപുഴ, ചെമ്പേരി,ചെമ്പന്തൊട്ടി, 06-05-2026 മണിക്കടവ്, 12-05-2026 തോമാപുരം, 16-05-2026 തളിപ്പറമ്പ, 17-05-2026 വെള്ളരിക്കുണ്ട്, 19-05-2026 ആലക്കോട്, 20-05-2026 കുന്നോത്ത്, 23-05-2026 മേരിഗിരി, 24-05-2026 മാലോം, 25-05-2026 പൈസക്കരി, 27-05-2026 പേരാവൂർ അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട്, അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം എന്നീ പിതാക്കൻമാരും വികാരി ജനറാളച്ചന്മാരും എയ്ഞ്ചൽസ് മീറ്റിൽ പങ്കെടുത്ത് സന്ദേശം നൽകുകയും സി.എം. എൽ ബാഡ്ജ്, എന്നിവ നൽകി മിഷൻലീഗ് സംഘടനയിലേക്ക് കുഞ്ഞുങ്ങളെ ഔദ്യോഗികമായി സ്വീകരിക്കുകയും ദിവ്യ കാരുണ്യ സ്വീകരണ സർട്ടിഫിക്കറ്റ് നൽകുകയും ചെയ്തു. എയ്ഞ്ചൽസ് മീറ്റ് മനോഹരമായി ക്രമീകരിച്ച എല്ലാ ഫൊറോന വികാരിയച്ചൻമാർക്കും, മേഖലാ ഡയറക്ടർ അച്ചൻമാർക്കും, വൈസ്ഡയറക്ടേഴ്സ്, മേഖലാ - ശാഖാ ഭാരവാഹികൾക്കും അതിരൂപതാ കുടുംബത്തിന്റെ നന്ദിയും അഭിനന്ദനങ്ങളും അറിയിക്കുന്നു.

**15. എം റ്റി സി തീർത്ഥയാത്ര**

അതിരൂപതാ എം റ്റി സി ക്യാമ്പിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട 41 കുട്ടികളും 8 അതിരൂപതാ എക്സിക്യൂട്ടീവ് അംഗങ്ങളും ഏപ്രിൽ 21 മുതൽ 26 വരെ ആന്ധ്രാപ്രദേശിലെ കോസുഗി മിഷൻ ഗ്രാമത്തിലേക്ക് തീർത്ഥയാത്ര നടത്തി. കോസുഗി മിഷൻഗ്രാമത്തിലുള്ള ഭവന സന്ദർശനം കുട്ടികൾക്ക് മറക്കാനാവാത്ത അനുഭവമായിരുന്നു. എല്ലാവിധ സഹായ സഹകരണങ്ങൾ ചെയ്തുതന്ന അച്ചന്മാർക്കും തീർത്ഥയാത്രയ്ക്കായി കുഞ്ഞു മിഷനറിമാരെ പറഞ്ഞയച്ച പ്രിയപ്പെട്ട മാതാപിതാക്കളെ നന്ദിയോടെ ഓർക്കുന്നു.

**16. അതിരൂപതാ മാനേജിംഗ്കമ്മറ്റി**

2025 -2026 വർഷത്തെ പ്രവർത്തനങ്ങളെക്കുറിച്ച് വിലയിരുത്തുന്നതിനും 2026-2027 വർഷത്തെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള പദ്ധതികൾ തയ്യാറാക്കുന്നതിനും മെയ് 16-ാം തീയതി ശനിയാഴ്ച ചെമ്പേരി വിമൽജ്യോതി എൻജിനിയറിംഗ് കോളേജിൽ വച്ച് അതിരൂപതാ മാനേജിംഗ് കമ്മിറ്റി ചേർന്നു. അതിരൂപതാ പ്രസിഡന്റ് ശ്രീ. സുനിൽ ചെന്നിക്കരയുടെ അധ്യക്ഷതയിൽ ചേർന്ന മാനേജിംഗ് കമ്മിറ്റി മീറ്റിംഗ് ചെമ്പേരി ഫൊറോന വികാരി ഫാ. മാത്യു തയ്യിൽ ഉദ്ഘാടനം ചെയ്തു. തുടർന്ന് അതിരൂപതാ

സെക്രട്ടറി ശ്രീ. മനോജ് മുടവനാട്ട് മാനേജിംഗ് കമ്മിറ്റി, കണക്ക്, ഓഡിറ്റ് റിപ്പോർട്ട് 2026–2027 വർഷത്തെ കരട് ബഡ്ജറ്റ് അവതരിപ്പിച്ചു. അതിനു ശേഷം അതിരൂപതാ ഡയറക്ടർ ഫാ. ജോസഫ് വയലുങ്കൽ 2025–2026 വർഷത്തെ പ്രവർത്തനങ്ങളെ വിലയിരുത്തുകയും ചെയ്തു. അതോടൊപ്പം 2026 – 2027 വർഷത്തെ കരട് മാർഗ്ഗരേഖ അവതരിപ്പിച്ച് പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ചചെയ്തു.

**17. ആദരാഞ്ജലികൾ**

ഈ ഭൂമിയിൽ ദൈവം ഭരമേൽപ്പിച്ചിരുന്ന എല്ലാ ഉത്തരവാദിത്വങ്ങളും അതിന്റെ പൂർണ്ണതയിൽ പൂർത്തിയാക്കി നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട ഫിലിപ്പ് കവിയിൽ അച്ചന്റെ വത്സല പിതാവ് ചാക്കോ കവിയിൽ നിര്യാണത്തിൽ അതിരൂപതാ കുടുംബത്തിന്റെ പ്രാർത്ഥനകളും ആദരാഞ്ജലികളും.

**കൃതജ്ഞത**

തലശ്ശേരി അതിരൂപത ചെറുപുഷ്പ മിഷൻ ലീഗിന്റെ വൈസ് ഡയറക്ടറായി 4 വർഷകാലം സ്നേഹത്തോടെയും സമർപ്പണത്തോടെയും സേവനം അനുഷ്ഠിച്ച സി. ട്രീസ ജോയി എഫ്സിസിക്ക് ഹൃദയം നിറഞ്ഞ നന്ദി. കുട്ടികളുടെയും യുവജനങ്ങളുടെയും വിശ്വാസ വളർച്ചക്കായി സിസ്റ്റർ നൽകിയ മാർഗ്ഗനിർദ്ദേശങ്ങളും പ്രാർത്ഥനാഭരിതമായ സാന്നിധ്യവും എന്നും നന്ദിയോടെ ഓർക്കുന്നു. വി. കൊച്ചുത്രേസ്യയുടെ ചെറുവഴിപോലെ സ്നേഹവും ലാളിത്യവും നിറഞ്ഞ ശുശ്രൂഷകളിലൂടെ അനേകംഹൃദയങ്ങളിൽ ദൈവസ്നേഹം വിതച്ച സിസ്റ്ററിന് ദൈവം സമൃദ്ധമായി പ്രതിഫലം നൽകട്ടെ. പ്രാർത്ഥനപൂർവ്വം നന്ദിയും യാത്രമംഗളങ്ങളും.

**ഫാ. ജോസഫ് വയലുങ്കൽ**
*ഡയറക്ടർ*

# തിരുബാലസഖ്യം

സ്നേഹ ബഹു. അച്ചന്മാരെ, ആനിമേറ്റേഴ്സ്, കുഞ്ഞുങ്ങളെ,

രണ്ടുമാസത്തെ അവധിക്കാലത്തിനുശേഷം വീണ്ടും പുതിയൊരു പ്രവർത്തനവർഷത്തിലേയ്ക്ക് നാം പ്രവേശിക്കുമ്പോൾ ഉണ്ണീശോയുടെ അനുഗ്രഹത്തിനും സംരക്ഷണത്തിനുമായി ഈ വർഷത്തെ നമ്മുടെ പ്രവർത്തനങ്ങളെ സമർപ്പിക്കാം, സുകൃതജപങ്ങളും, തിരുവചനങ്ങളും, പ്രാർത്ഥനകളും വിശുദ്ധരുടെ ജീവിതകഥകളുമൊക്കെ പഠിച്ച് നമുക്കും ഈശോയെപ്പോലെ വളരാം. ഉണ്ണീശോയുടെ അനുഗ്രഹവും സംരക്ഷണവും എപ്പോഴും നിങ്ങളോടുകൂടെ ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

അനുസ്മരിക്കുന്ന തിരുനാൾ : ഈശോയുടെ തിരുഹൃദയതിരുനാൾ
അനുസ്മരിക്കുന്ന വിശുദ്ധർ : വി. പത്രോസ്, വി. പൗലോസ്
പ്രാർത്ഥനാനിയോഗം : നവാഗതരായ വിദ്യാർത്ഥികൾക്കുവേണ്ടി
സുകൃതജപം : ഈശോയുടെ തിരുഹൃദയമേ, എന്നെ കഴുകി വിശുദ്ധീകരിക്കണമേ.
വചനം : എന്നെ ശക്തനാക്കുന്നവനിലൂടെ എനിക്ക് എല്ലാം ചെയ്യാൻ സാധിക്കും (ഫിലി: 4-13).
പ്രവൃത്തി : തിരുബാലസഖ്യം സംഘടനയെക്കുറിച്ച് അധ്യാപകരോടും, മാതാപിതാക്കളോടും ചോദിച്ചറിയുക.

**1. ശാഖകൾ ശ്രദ്ധിക്കാൻ**

| | | |
|---|---|---|
| 06 ശനി | : | അതിരൂപതാതല പ്രവർത്തനവർഷ ഉദ്ഘാടനവും, മാർഗ്ഗരേഖ പ്രകാശനവും |
| 07 ഞായർ | : | ശാഖാ - മേഖലാതല പ്രവർത്തനവർഷ ഉദ്ഘാടനം, വി. മറിയംത്രേസ്യായുടെ തിരുനാൾ |
| 12 വെള്ളി | : | ഈശോയുടെ തിരുഹൃദയ തിരുനാൾ |
| 13 ശനി | : | മാതാവിന്റെ വിമലഹൃദയ തിരുനാൾ |

13 ശനി : പാദുവായിലെ വി. അന്തോണീസിന്റെ തിരുനാൾ
23 ചൊവ്വ : മാർ ജോർജ് ഞറളക്കാട്ട് പിതാവിന്റെ ജന്മദിനം
29 തിങ്കൾ : വി. പത്രോസ്, വി. പൗലോസ് ശ്ലീഹൻമാരുടെ തിരുനാൾ

**2. ഈശോയെപ്പോലെ വളരാം... വലുതാകാം...**

തിരുബാലസഖ്യം കുട്ടികൾക്കായി ഈശോയെപ്പോലെ വളരാം... വലുതാകാം എന്ന വർക്ക്ബുക്ക് തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. വിശ്വാസപരിശീലനം ആരംഭിക്കുമ്പോൾ 1-ാം ക്ലാസ്സ് മുതൽ 4-ാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്ക് വേദപാഠ പുസ്തകത്തിന്റെ കൂടെ ഈ വർക്കുബുക്കുകൂടി നൽകുവാൻ ബഹു. ആനിമേറ്റേഴ്സും ഹെഡ്മാസ്റ്റർമാരും ശ്രദ്ധിക്കുമല്ലോ. ബുക്കിന്റെ എണ്ണം വേദപാഠപുസ്തകങ്ങൾക്ക് ഓഡർ ചെയ്യുമ്പോൾ തന്നെ മിഷൻലീഗ് ഓഫീസിലോ, സൺഡേസ്ക്കൂൾ ഓഫീസിലോ അറിയിക്കേണ്ടതാണെന്ന് ഓർമ്മിപ്പിക്കുന്നു. ഒന്നുമുതൽ നാല് വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ എണ്ണം ഒന്നിച്ച് നൽകിയാൽ മതിയാകും ഓരോ ക്ലാസ്സും തിരിച്ച് എണ്ണം നൽകേണ്ടതില്ല. പുസ്തകത്തിന്റെ വില 35 രൂപ ആയിരിക്കും

**3. തിരുബാലസഖ്യം പ്രവർത്തനവർഷ ഉദ്ഘാടനവും ആനിമേറ്റേഴ്സ് മീറ്റിംഗും**

തിരുബാലസഖ്യം 2026 – 2027 പ്രവർത്തന വർഷ ഉദ്ഘാടനവും ആനിമേറ്റേഴ്സ് മീറ്റിംഗും തളിപ്പറമ്പ് സെന്റ് മേരീസ് ഓഡിറ്റോറിയത്തിൽ വച്ച് ജൂൺ 6 ശനിയാഴ്ച രാവിലെ 9.15 ന് വി. കുർബാനയോടുകൂടി ആരംഭിക്കും. തുടർന്ന് 10.15 ന് നടക്കുന്ന പ്രവർത്തനവർഷ ഉദ്ഘാടനം അതിരൂപതാ വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി നിർവഹിക്കും. അതോടൊപ്പം തിരുബാലസഖ്യം മാർഗ്ഗരേഖാ പ്രകാശനവും ഉണ്ടായിരിക്കും. എല്ലാ ആനിമേറ്റേഴ്സും മീറ്റിംഗിൽ പങ്കെടുക്കുവാൻ കൃത്യസമയത്തുതന്നെ എത്തിച്ചേരുമല്ലോ. സംഘടന പ്രവർത്തനങ്ങൾക്ക് ആവശ്യമായ സാധന സാമഗ്രികൾ വാങ്ങുവാനും; കുടിശ്ശിക അടക്കാനുള്ളവർക്ക് അടക്കാനുള്ള സൗകര്യവും അന്നേദിവസം ഉണ്ടായിരിക്കുന്നതാണ്. അതിരൂപത, ശാഖാതല തിരുബാലസഖ്യപ്രവർത്തനവർഷ ഉദ്ഘാടനം വെള്ളരിക്കുണ്ട് ഇടവകയിൽ ജൂൺ 14 ന് നടത്തുന്നു.

**ഫാ. ജോസഫ് വയലുങ്കൽ**
*ഡയറക്ടർ*

# യൂത്ത് അപ്പൊസ്റ്റൊലേറ്റ്

''യൗവനം മുതൽ അവനെ ഞാൻ പിതാവിനെപ്പോലെ പോറ്റുകയും ജനിച്ചപ്പോൾ മുതൽ നയിക്കുകയും ചെയ്തു'' (ജോബ് 31:18).

പ്രിയപ്പെട്ട ഡയറക്ടറച്ചന്മാരെ, ആനിമേറ്റേഴ്സ്, യുവജന സുഹൃത്തുക്കളെ,

ജൂൺ മാസം പുതിയ അധ്യയന വർഷാരംഭമാണല്ലോ. എല്ലാവർക്കും ആശംസകൾ നേരുന്നു. പുതുവർഷം ദൈവാനുഗ്രഹപ്രദമായിത്തീരട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

**ഇലക്ഷൻ വിജ്ഞാപനം:**

ഈ വർഷം മൂന്ന് ഘട്ടങ്ങളിലായിട്ടാണ് ഇലക്ഷൻ ക്രമീകരിക്കുന്നത്.

ഒന്നാം ഘട്ടം - ജൂൺ മാസം (യൂണിറ്റ് തലം)

രണ്ടാം ഘട്ടം - ഒക്ടോബർ - നവംബർ (ഫൊറോന തലം)

മൂന്നാം ഘട്ടം - ജനുവരി 02 (അതിരൂപത തലം)

കെസിവൈഎം യുവജനപ്രസ്ഥാനത്തെ 2026-27 വർഷത്തിൽ ക്രിസ്തീയ വിശ്വാസത്തിൽ അടിയുറച്ചുനിന്നുകൊണ്ട് നയിക്കുവാൻ പ്രാപ്തരായ പുതിയ നേതൃത്വനിരയെ യൂണിറ്റ് തലത്തിൽ ജൂൺ മാസത്തിൽ തെരഞ്ഞെടുക്കേണ്ടതാണ്.

**യൂണിറ്റ് എക്സിക്യൂട്ടീവ് അംഗങ്ങൾ**

1. ഡയറക്ടർ
2. ആനിമേറ്റർ
3. അത്മായ ആനിമേറ്റർ
4. പ്രസിഡന്റ്
5. വൈസ് പ്രസിഡന്റുമാർ (പുരുഷൻ + വനിത)
6. ജനറൽ സെക്രട്ടറി
7. രണ്ട് സെക്രട്ടറിമാർ (പുരുഷൻ + വനിത)
8. ട്രഷറർ
9. കൗൺസിലേഴ്സ് (പുരുഷൻ +വനിത)

എന്നിവർ അടങ്ങുന്ന 12 പേരാണ് ഇടവക സമിതി. ഇത് യൂണിറ്റ് സമിതി എന്നറിയപ്പെടും. യുവതീയുവാക്കന്മാർക്ക് ഏത് ഭാരവാഹിത്വത്തിലേക്ക് തിരഞ്ഞെടുക്കാവുന്നതാണ്. എന്നാൽ മൂന്നുപേരെങ്കിലും

ഇരുകൂട്ടരുടെയും ഭാഗത്തുനിന്ന് പ്രതിനിധികൾ ആയിട്ടുണ്ടെന്ന് തെരഞ്ഞെടുപ്പ് റിട്ടേണിംഗ് ഓഫീസർ ഉറപ്പുവരുത്തേണ്ടതാണ്.

**ഇടവകയുടെ ഗ്രേഡ് - അഫിലിയേഷൻ ഫീസിന്റെ ക്രമം**

| | | |
|---|---|---|
| A+ | - | 2400 |
| A | - | 2000 |
| B | - | 1600 |
| C | - | 1200 |
| D | - | 800 |

ജൂലൈ 12 ന് മുമ്പ് യൂണിറ്റുകളുടെ അഫിലിയേഷൻ പൂർത്തിയാക്കാൻ ബഹു. ഡയറക്ടറച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

**മിഷൻ പഞ്ചാബ് 2026**

"നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ" എന്ന ക്രിസ്തുനാഥന്റെ വാക്കുകൾ അന്വർത്ഥമാക്കുന്നതിനായി തലശ്ശേരി അതിരൂപതയുടെ മിഷനായ പഞ്ചാബിലേക്ക് കെസിവൈഎം എസ്എംവൈഎം തലശ്ശേരി അതിരൂപത സമിതിയുടെ നേതൃത്വത്തിൽ 16 പേരടങ്ങുന്ന ടീം 15 ദിവസത്തെ മിഷൻ യാത്ര സംഘടിപ്പിച്ചു.

ഏപ്രിൽ 29-ന് ഹരിയാനയിലെ അംബാലയിൽ ട്രെയിൻ ഇറങ്ങിയ ശേഷം ആദ്യം പോയത് പഞ്ചാബിലെ പാട്യാല ജില്ലയിലേക്കാണ്. ഫാ. സ്റ്റിനോ മുക്കുഴിയാണ് പാട്യാലയിലെ മിഷൻ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. മിഷൻ പ്രവർത്തനം അതിന്റെ ശൈശവദിശയിലാണെങ്കിലും പരിമിതമായ സൗകര്യങ്ങൾക്കിടയിൽനിന്നുകൊണ്ട് വിശ്വാസം കരുപിടിപ്പിക്കുന്ന ഒരു ക്രൈസ്തവ സമൂഹം അവിടെയുണ്ട്. കുട്ടികളും മുതിർന്നവരും ഉൾപ്പെടെ പത്തോളംപേർ മാമ്മോദീസ സ്വീകരിച്ചതും നേരിൽ കാണാൻ കഴിഞ്ഞു. ദൈവാലയം നിർമിക്കാനായി വാങ്ങിയിരിക്കുന്ന സ്ഥലവും സന്ദർശിച്ചു. ഫാ. മനോജ് കരിമ്പൂഴിക്കൽ നേതൃത്വം കൊടുക്കുന്ന മദർ മേരി കത്തോലിക്ക ചർച്ച് ബാരനിലേക്കാണ് സംഘം പിന്നീട് പോയത്. അവിടുത്തെ ഗ്രാമങ്ങൾ സന്ദർശിക്കുകയും പണി പൂർത്തിയായിക്കൊണ്ടിരിക്കുന്ന പുതിയ ദൈവാലയം കാണുകയും യുവജനങ്ങൾ സമാഹരിച്ച തുക കൈമാറുകയും ചെയ്തു. ബാരനിൽ നിന്നും സംഘം യാത്ര ചെയ്തത് അമൃത്സറിലേക്കാണ്. മേരിഗിരി ഇടവകാംഗമായ ഫാ. ചെറിയാനും പൈസക്കരി ഇടവകാംഗമായ ഫാ. അനീഷുമാണ് സംഘത്തെ സ്വീകരിച്ചത്. അമൃത്സറിലെ ഭവനങ്ങൾ സന്ദർശിച്ചതിനോടൊപ്പം ഇന്ത്യയുടെ ചരിത്രസ്മാരകങ്ങളായ ജാലിയൻ വാല ബാഗ്, സുവർണ്ണ ക്ഷേത്രം, വാഗ അതിർത്തി എന്നിവയും സംഘം സന്ദർശിച്ചു. അമൃത്സർ പിന്നിട്ട് സംഘം പോയത് മുതുക്കിലേക്കാണ്. അവിടെ മിഷൻ ഗ്രാമങ്ങൾ സന്ദർശിക്കുകയും സമ്മാനങ്ങൾ വിതരണം ചെയ്യുകയും ചെയ്തു.

മിഷൻ ഗ്രാമങ്ങളിലെ ഹൃദയങ്ങളിലൂടെ, സംസ്കാരങ്ങളെ തൊട്ടറിഞ്ഞ്, ഭക്ഷണരീതികൾ രുചിച്ചറിഞ്ഞ്, നിർമ്മാണ രീതികൾ മനസ്സിലാക്കി,

പ്രാർത്ഥനകളിൽ പങ്കാളികളായ സുന്ദരമായ ദിനങ്ങൾ. മിഷൻ യാത്രയ്ക്ക് ആവശ്യമായ എല്ലാ സഹായ സഹകരണങ്ങളും ചെയ്തുതന്ന ബഹു. സ്റ്റിനോ മുക്കുഴി അച്ചന് അതിരൂപത യുവജന കുടുംബത്തിന്റെ ഹൃദയം നിറഞ്ഞ നന്ദി.

**നേഴ്സസ് ഡേ**

അന്താരാഷ്ട്ര നേഴ്സ് ദിനത്തോടനുബന്ധിച്ച് കെസിവൈഎം എസ്എംവൈഎം തലശ്ശേരി അതിരൂപത സമിതിയുടെ നേതൃത്വത്തിൽ പേരാവൂർ ഫൊറോനയുടെ ആതിഥേയത്വത്തിൽ തൊക്കിലങ്ങാടി സിംഹാൻസ് ഹോസ്പിറ്റലിൽ വെച്ച് നേഴ്സസ് ഡേ ദിനാഘോഷം സംഘടിപ്പിച്ചു. മാലാഖമാർക്ക് ആദരം എന്ന പേരിൽ നടത്തിയ പരിപാടി നിയുക്ത എംഎൽഎ പി.കെ പ്രവീൺ ഉദ്ഘാടനം ചെയ്തു. അതിരൂപത പ്രസിഡന്റ് ശ്രീ. അബിൻ വടക്കേക്കര അധ്യക്ഷത വഹിച്ചു. നേഴ്സസ് ഡേ ദിനാഘോഷത്തിന് ആതിഥേയത്വം വഹിച്ച പേരാവൂർ ഫൊറോന സമിതിക്കും ഫൊറോന പ്രസിഡന്റ് ജിൻസ് കളമുണ്ടയിലിനും ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ഇടയാടിക്കും സിംഹാൻസ് ഹോസ്പിറ്റൽ മാനേജ്മെന്റിനും സ്റ്റാഫിനും ക്രിസ്തുരാജ നേഴ്സിംഗ് സ്കൂളിനും അതിരൂപത യുവജന കുടുംബത്തിന്റെ ഹൃദയം നിറഞ്ഞ നന്ദി.

**യാത്രാ മംഗളങ്ങൾ**

കെസിവൈഎം എസ്എംവൈഎം ഫൊറോന ഡയറക്ടർമാരായി തലശ്ശേരി അതിരൂപത യുവജനപ്രസ്ഥാനത്തിന് കരുത്ത് പകർന്ന് പുതിയ പ്രവർത്തന മേഖലയിലേക്ക് യാത്രയായ പ്രിയപ്പെട്ട ഡയറക്ടർ അച്ചന്മാർക്ക് ഫാ. എഡ്വിൻ കോയിപ്പുറം (നെല്ലിക്കാംപൊയിൽ), ഫാ. ആശിഷ് അറക്കൽ (കാസർഗോഡ്), ഫാ. ജെയ്സ് കുരിശുംമൂട്ടിൽ (മണിക്കടവ്), ഫാ. റോബിൻ പരിയാനിക്കൽ (ആലക്കോട്), ഫാ. അലക്സ് നിരപ്പേൽ (എടൂർ), ഫാ. ജോബിൻ കാഞ്ഞിരത്തിങ്കൽ (മാലോം) ഫാ. സെബാൻ ഇടയാടിയിൽ (പേരാവൂർ), ഫാ. സ്കറിയ ചക്കനാനിക്കൽ (തോമാപുരം), ഫാ. തോമസ് നടുവിലേക്കൂറ്റ് (വെള്ളരിക്കുണ്ട്), എന്നിവർക്ക് അതിരൂപത യുവജന കുടുംബത്തിന്റെ ഹൃദയം നിറഞ്ഞ നന്ദി.

**വിവാഹമംഗളാശംസകൾ**

വിവാഹജീവിതത്തിന്റെ പുതുവഴികളിലേക്ക് പ്രവേശിച്ച കെസിവൈഎം എസ്എംവൈഎം തലശ്ശേരി അതിരൂപതയുടെ മുൻ ട്രഷററും ചെമ്പന്തൊട്ടി ഫൊറോന പ്രസിഡന്റുമായ എബിൻ ഐസക്കിനും വധു ക്രിസ്റ്റീനക്കും തലശ്ശേരി അതിരൂപത മുൻ ഡെപ്യൂട്ടി പ്രസിഡന്റ് ജിബിനും വധു അലീനക്കും തലശ്ശേരി അതിരൂപത യുവജനകുടുംബത്തിന്റെ പ്രാർത്ഥനാപൂർവ്വകമായ ആശംസകൾ.

**ഫാ. മാത്യു മുക്കുഴി**
*ഡയറക്ടർ*

# ഫാമിലി അപ്പൊസ്റ്റൊലേറ്റ്

പ്രിയപ്പെട്ടവരെ,

ജൂൺ മാസം കുടുംബങ്ങളെ സംബന്ധിച്ചിടത്തോളം പല കാര്യങ്ങൾ കൊണ്ട് പ്രധാനപ്പെട്ടതാണ്. ഈശോയുടെ തിരുഹൃദയ വണക്കമാസം ചൊല്ലുന്ന ഈ മാസം 12 ന് ആണ് നമ്മൾ തിരുഹൃദയ തിരുനാൾ ആഘോഷിക്കുക. പരിശുദ്ധ കുർബ്ബാനയുടെ തിരുനാളും ഈ മാസത്തിൽ തന്നെയാണല്ലോ. അതുപോലെ ജൂൺ 21 അന്താരാഷ്ട്ര പിതൃദിനമായും നമ്മൾ ആചരിക്കുന്നു. ദിവ്യകാരുണ്യ കേന്ദ്രീകൃതമായ ഒരു ജീവിതം നയിച്ച് സ്വജീവിതത്തെയും കുടുംബങ്ങളെയും ഈശോയുടെ തിരുഹൃദയത്തിന് പ്രതിഷ്ഠിച്ച് കുടുംബനാഥന്മാരെ ഉചിതമായ വിധത്തിൽ ആദരിച്ച് ഈ മാസം നമ്മുക്ക് അർത്ഥപൂർണ്ണമാക്കാം.

## I. കുടുംബകൂട്ടായ്മ

കുടുംബകൂട്ടായ്മയുടെ ത്രിതല എക്സിക്യൂട്ടീവ് സമിതിയുടെ പ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കാൻ എല്ലാവരും സഹകരിക്കുമല്ലോ.

### 1. ഇടവക എക്സിക്യൂട്ടീവ്

വികാരിയച്ചൻ (ചെയർമാൻ), കോർഡിനേറ്റർ (കൺവീനർ), മദർ സുപ്പീരിയർ, പാരീഷ് കൗൺസിൽ സെക്രട്ടറി, മാതൃവേദി പ്രസിഡന്റ് (വലിയ ഇടവകകളിൽ സോണൽ പ്രസിഡന്റുമാർ).

പ്രസ്തുത സമിതി മാസത്തിൽ ഒരിക്കൽ (പാരിഷ് കൗൺസിൽ യോഗത്തോടനുബന്ധിച്ച്) സമ്മേളിച്ച് ഇടവകയിലെ കുടുംബ കൂട്ടായ്മകളെ വിലയിരുത്തുക. ഈ സമിതിയിലെ അംഗങ്ങളെ ഉൾപ്പെടുത്തി ഒരു വാട്സാപ്പ് കൂട്ടായ്മ രൂപീകരിച്ച് പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുക. ഓരോ കൂട്ടായ്മകളുടേയും നടത്തിപ്പ് സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ശേഖരിച്ച് ക്രിയാത്മകമാക്കാൻ നിർദ്ദേശങ്ങൾ നല്കുക.

### 2. ഫൊറോന എക്സിക്യൂട്ടീവ്

ഫൊറോന വികാരിയച്ചൻ (ചെയർമാൻ), ഫൊറോന കൗൺസിൽ പ്രസിഡന്റ് (കൺവീനർ), ഫാമിലി അപ്പൊസ്റ്റൊലേറ്റ് മേഖല ഡയറക്ടർ (പ്രസിഡന്റ്), ഫാമിലി അപ്പൊസ്റ്റൊലേറ്റ് മേഖല ആനിമേറ്റർ, ഫൊറോന കൗൺസിൽ സെക്രട്ടറി, മാതൃവേദി മേഖല പ്രസി

ഡൻ്റ്, പ്രത്യേക ക്ഷണിതാക്കൾ: എല്ലാ ഇടവകകളിലേയും കോർഡിനേറ്റർമാർ.

പ്രസ്തുത സമിതി മാസത്തിൽ ഒരിക്കൽ (വൈദികരുടെ മാസധ്യാന യോഗത്തോടനുബന്ധിച്ച്) സമ്മേളിച്ച് ഫൊറോനയിലെ കുടുംബ കൂട്ടായ്മ പ്രവർത്തനങ്ങളെ വിലയിരുത്തുക. ഈ സമിതിയിലെ അംഗങ്ങളെ ഉൾപ്പെടുത്തി ഒരു വാട്സാപ്പ് കൂട്ടായ്മ രൂപീകരിച്ച് പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുക. മുഴുവൻ ഇടവകളിലേയും കുടുംബകൂട്ടായ്മകളുടെ നടത്തിപ്പ് സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ശേഖരിച്ച് മെച്ചപ്പെടുത്താൻ നിർദ്ദേശങ്ങൾ നല്കുക.

**3. അതിരൂപതാ എക്സിക്യൂട്ടീവ്**

സംഘടന ചുമതലയുള്ള വികാരി ജനറാൾ, അതിരൂപതാ ഡയറക്ടർ, അതിരൂപതാ ആനിമേറ്റർ, അതിരൂപതാ പ്രസിഡൻ്റ്, അതിരൂപതാ സെക്രട്ടറി, മാതൃവേദി അതിരൂപതാ പ്രസിഡൻ്റ്.

പ്രസ്തുത സമിതി ആവശ്യമായ സമയത്ത് സമ്മേളിച്ച് അതിരൂപതയിലെ മുഴുവൻ കുടുംബ കൂട്ടായ്മകളുടേയും പ്രവർത്തനങ്ങളെ വിലയിരുത്തുക. ഈ സമിതിയിലെ അംഗങ്ങളെ ഉൾപ്പെടുത്തി ഒരു വാട്സാപ്പ് കൂട്ടായ്മ രൂപീകരിച്ച് അതിൽ ഫൊറോന കൗൺസിൽ പ്രസിഡൻ്റുമാർ, ഫൊറോന കൗൺസിൽ സെക്രട്ടറിമാർ എന്നിവരെക്കൂടി ഉൾപ്പെടുത്തി പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുക. ഓരോ ഫൊറോനയിലെയും കുടുംബ കൂട്ടായ്മകളുടെ നടത്തിപ്പ് സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ശേഖരിച്ച് ക്രിയാത്മകമാക്കാൻ നിർദ്ദേശങ്ങൾ നല്കുക.

**1. പ്രത്യേക ശ്രദ്ധയ്ക്ക്**

a) എല്ലാ മാസവും മുഴുവൻ വാർഡുകളിലും കുടുംബകൂട്ടായ്മകൾ നടത്തുക.

b) ഓരോ കൂട്ടായ്മയുടേയും മദ്ധ്യസ്ഥൻ/മദ്ധ്യസ്ഥ തിരുനാൾ സമുചിതമായി ആഘോഷിക്കുക.

c) കൂട്ടായ്മയുടെ പേരെഴുതിയ ഒരു ചെറിയ ബോർഡ് ഓരോ കൂട്ടായ്മ പരിധിക്കുള്ളിലും വഴിയരികിലായി സ്ഥാപിക്കുക.
**ഉദാ: സെൻ്റ് മേരീസ് കുടുംബകൂട്ടായ്മ, ആടാംപാറ ഇടവക**

d) ഏറ്റവും ഉപകാരപ്രദമായ ഒരു ഇൻഷുറൻസ് പദ്ധതിയിൽ കൂട്ടായ്മയിലുള്ള മുഴുവൻ കുടുംബങ്ങളെയും ചേർക്കുവാൻ ഭാരവാഹികൾ നേതൃത്വം കൊടുക്കുക.

e) ഇടവക കൂട്ടായ്മയിൽ നിന്ന് അകന്ന് കഴിയുന്നവരെയും പള്ളിയിൽ കൃത്യമായി വരാത്തവരെയും സന്ദർശിക്കുകയും സഹകരിപ്പിക്കാനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കുകയും ചെയ്യുക.

f) ഓരോ ഞായറാഴ്ചത്തെയും തിരുക്കർമ്മങ്ങൾ മനോഹരമാക്കാൻ ദൈവാലയശുചീകരണം, ദൈവാലയ അലങ്കാരം, കുർബാനയ്ക്ക് കൂടുന്നത്, പാട്ട് പാടുന്നത്, പഴയനിയമ-ലേഖന വായനകൾ എന്നിവ ഓരോ കൂട്ടായ്മകളുടെ നേതൃത്വത്തിൽ ക്രമീകരിക്കുക.

g) കുടുംബ കൂട്ടായ്മ ആന്തം എല്ലാ കൂട്ടായ്മകളിലും ആലപിക്കുക.
h) പ്രായമായവർ, കിടപ്പുരോഗികൾ എന്നിവർക്ക് മാസത്തിൽ ഒരിക്കൽ കുമ്പസാരിപ്പിച്ച് വി. കുർബാന നല്കാനുള്ള ക്രമീകരണങ്ങൾ നടത്തുക.
i) പ്രതിമാസ റിപ്പോർട്ടിന്റെ ഗൂഗിൾ ഫോം പൂരിപ്പിച്ച് അതാതുമാസം അതിരൂപതാ ഓഫീസിലേക്ക് അയക്കുക.
j) വിവിധ വാർഡ് കൂട്ടായ്മകളുടെ നേതൃത്വത്തിൽ അഗതിമന്ദിരങ്ങൾ സന്ദർശിച്ച് സേവനം നടത്തുകയും ഭക്ഷണസാധനങ്ങൾ, അവശ്യവസ്തുക്കൾ എന്നിവ നൽകുകയും ചെയ്യുക.

## II. മാര്യേജ് പ്രിപ്പറേഷൻ കോഴ്സ് (എം.പി.സി)

ഏപ്രിൽ 23-25, മെയ് 14-16 തീയതികളിലായി നടത്തിയ മാര്യേജ് പ്രിപ്പറേഷൻ കോഴ്സിൽ 233 പേർ സംബന്ധിച്ചു. മാതാപിതാക്കൾക്കുള്ള ക്ലാസ്സുകൾ നൽകി. അതിൽ 150 പേർ പങ്കെടുത്തു. കോഴ്സിൽ പങ്കെടുത്ത 82 പേർക്ക് കൗൺസിലിംഗ് നൽകി.

### Time Schedule

- കോഴ്സിന്റെ ഒന്നാം ദിവസം രാവിലെ 9 മണിക്ക് രജിസ്ട്രേഷനോടെ ആരംഭിച്ച് മൂന്നാം ദിവസം വൈകിട്ട് 4.30 ന് എം.പി.സി. സമാപിക്കുന്നു.
- എം.പി.സി. കോഴ്സ് കൂടാനായി ആഗ്രഹിക്കുന്നവർ **www.familytly.com** എന്ന വെബ് സൈറ്റിൽ രജിസ്റ്റർ ചെയ്യാൻ വികാരിയച്ചന്മാർ ഓർമ്മിപ്പിക്കുമല്ലോ. **എം.പി.സിയുടെ ഫീസ് 2,000 രൂപയായിരിക്കും.** Online Registration ചെയ്യുമ്പോൾ Reg. Fee 1000 രൂപ അടയ്ക്കേണ്ടതാണ്. കോഴ്സിനു വരുമ്പോൾ ബാക്കി 1000 രൂപ കൊണ്ടുവരേണ്ടതാണ്.
- കോഴ്സിൽ പങ്കെടുക്കുന്നവർ അപേക്ഷാഫോം ഡൗൺലോഡ് ചെയ്ത് പ്രിന്റ്ഔട്ട് എടുത്ത് വികാരിയച്ചന്റെ ഒപ്പും സീലും വച്ച് കൊണ്ടുവരേണ്ടതാണ്.
- **2024 ജനുവരി മുതൽ അവസാനദിവസം നടക്കുന്ന മാതാപിതാക്കളുടെ ക്ലാസ്സ് ഉണ്ടായിരിക്കുന്നതാണ്.**
- ഈ വർഷത്തെ എം.പി.സി. കോഴ്സിന്റെ ഷെഡ്യൂൾ താഴെ കൊടുക്കുന്നു.

| MPC - 2026 | | | |
|---|---|---|---|
| June | 18-20 | (Thusday - Saturday) | Thalassery |
| July | 16-18 | (Thusday - Saturday) | Padannakkad |
| August | 13-15 | (Thusday - Saturday) | Thalassery |
| September | 17-19 | (Thusday - Saturday) | Padannakkad |
| October | 15-17 | (Thusday - Saturday) | Thalassery |
| November | 03-05 | (Tuesday - Thursday) | Padannakkad |
| November | 16-18 | (Monday - Wednesday) | Thalassery |
| December | 07-09 | (Monday - Wednesday) | Padannakkad |
| December | 28-30 | (Monday - Wednesday) | Thalassery |

## III. മാതൃവേദി

### a) അതിരൂപതാ എക്സിക്യുട്ടീവ് മീറ്റിംഗ്

അതിരൂപതാ ഭാരവാഹികളുടെ മീറ്റിംഗ് നടത്തി. അടുത്ത മാസത്തെ പ്രധാന പ്രവർത്തനങ്ങളെക്കുറിച്ച് വിശദീകരിച്ചു.

### b) സീറോ മലബാർ സമുദായ ശക്തീകരണ വർഷ ജ്വാല പ്രോഗ്രാം

സീറോ മലബാർ സമുദായ ശക്തീകരണ വർഷത്തോടനുബന്ധിച്ച് വായാട്ടുപറമ്പ് മേഖലയിൽ ഏപ്രിൽ 29 തീയതിയിൽ അൽഫോൻസാഗിരി ദൈവാലയത്തിൽ വെച്ച് ജ്വാല പ്രോഗ്രാം നടത്തപ്പെട്ടു. മേഖല പ്രസിഡന്റിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗം റവ. ഫാ. തോമസ് തെങ്ങുംപള്ളിൽ ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി. വായാട്ടുപറമ്പ് മേഖല ഡയറക്ടർ ഫാ. തോമസ് ആമക്കാട്ട് അനുഗ്രഹപ്രഭാഷണം നടത്തി. അതിരൂപത ആനിമേറ്റർ, അതിരൂപത ഭാരവാഹികൾ, മേഖല ഡയറക്ടർ, ആനിമേറ്റർ, ഭാരവാഹികൾ എന്നിവർ നേതൃത്വം നൽകി. 'അമ്മമാർ കൂട്ടായ്മയുടെ സംരക്ഷകർ' എന്ന വിഷയത്തെ ആസ്പദമാക്കി അതിരൂപത ഡയറക്ടർ ക്ലാസ് എടുത്തു. തുടർന്ന് അമ്മമാരുടെ വിവിധങ്ങളായ കലാപരിപാടികളും ജ്വാല പ്രോഗ്രാമിന് മിഴിവേകി. വിവിധ മത്സരങ്ങളിൽ വിജയികൾ ആയവർക്ക് സമ്മാനങ്ങൾ നൽകി. യൂണിറ്റ് മേഖല ഭാരവാഹികളുടെ സജീവ സാന്നിധ്യം പ്രോഗ്രാമിനെ വിജയത്തിൽ എത്തിച്ചു.

### c) സീറോ മലബാർ മാതൃവേദി ഗ്ലോബൽ ജനറൽ ബോഡി

സീറോ മലബാർ മാതൃവേദിയുടെ ഗ്ലോബൽ ജനറൽ ബോഡി തലശ്ശേരി അതിരൂപതയുടെ പാസ്റ്റർ സെന്ററായ സന്ദേശഭവനിൽ ഏപ്രിൽ 21,22 തീയതികളിലായി നടത്തപ്പെട്ടു. ഗ്ലോബൽ മാതൃവേദി പ്രസിഡന്റ് ശ്രീമതി ബീന ജോഷി പതാക ഉയർത്തി. തുടർന്ന് എടൂർ മേഖലയിലെ അമ്മമാരുടെ ബാന്റ് മേളത്തോടെ റാലി ആരംഭിച്ചു. അമ്മമാർ പരമ്പരാഗത വേഷമണിഞ്ഞ് റാലിയിൽ പങ്കെടുത്തു. സമുദായ ശക്തീകരണ വർഷത്തോടനുബന്ധിച്ച് മുദ്രാവാക്യം വിളിച്ചുകൊണ്ട് ആവേശത്തോടെ റാലിയിൽ പങ്കുചേർന്ന അമ്മമാർ വലിയ സാക്ഷ്യമാണ് നൽകിയത്. തുടർന്ന് ലുത്തീനിയ പാടി സന്ദേശഭവനിലേക്ക് ഏവരേയും ആനയിച്ചു. മാലോം യൂണിറ്റിലെ അമ്മമാരുടെ രംഗപൂജയോടുകൂടി ഉദ്ഘാടനസമ്മേളനം തുടങ്ങി.

ഗ്ലോബൽ പ്രസിഡന്റ് ശ്രീമതി ബീന ജോഷി അധ്യക്ഷത വഹിച്ച യോഗത്തിൽ, പാലക്കാട് രൂപതാധ്യക്ഷനും, സീറോ മലബാർ മാതൃവേദിയുടെ ബിഷപ്പ് ഡെലഗേറ്റുമായ അഭിവന്ദ്യ മാർ പീറ്റർ കൊച്ചുപുരയ്ക്കൽ ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു. ഓരോ അമ്മമാരും സുകൃതങ്ങളുടെ സുഗന്ധവാഹിനികളായി പുതുതലമുറയെ ശക്തിപ്പെടുത്തുന്നവരും സമൂഹ നിർമിതിയിൽ മുഖ്യമായ പങ്കുവഹിക്കുന്നവരുമാണെന്ന് പിതാവ് പറയുകയുണ്ടായി. ഗ്ലോബൽ ഡയറക്ടർ ഏവരെയും സ്വാഗതം ചെയ്ത് സംസാരിച്ചു. ക്ലാസുകൾ, ചർച്ച, സെമിനാറുകൾ, വിളക്കന്നൂർ തീർത്ഥയാത്ര എന്നിവയും ഇതിൽ ഉൾപ്പെട്ടു.

തലശ്ശേരി, എറണാകുളം - അങ്കമാലി അതിരൂപതകളുടെ അധ്യക്ഷനായ ആർച്ച് ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി പിതാവ് അനുഗ്രഹ പ്രഭാ

ഷണം നടത്തി. തലശ്ശേരി അതിരൂപത മാതൃവേദി ടീം അംഗങ്ങൾ വേണ്ട തായ എല്ലാ ഒരുക്കങ്ങളും നടത്തി. ഇരുപത് രൂപതകളിൽ നിന്നായി 130 ഓളം അമ്മമാർ ഈ മീറ്റിംഗിൽ പങ്കെടുത്തു.

### d) വി. ജാന്ന ബെറേത്ത മൊള്ളയുടെ തിരുനാൾ

സീറോ മലബാർ മാതൃവേദി തലശ്ശേരി അതിരൂപത വി. ജാന്ന ബെറോത്ത മൊള്ളയുടെ തിരുനാൾ പനത്തടി മേഖലയിലെ മാനടുക്കം സെന്റ് സെബാസ്റ്റ്യൻസ് ചർച്ചിൽ വെച്ച് നടത്തപ്പെട്ടു. അതിരൂപതാ ഡയറക്ടർ ഫാ. ജോബി കോവാട്ട് ബലിയർപ്പിച്ച് സന്ദേശം നൽകി. അതിരൂപതാ ജോയിന്റ് സെക്രട്ടറി ശ്രീമതി വത്സമ്മ മുണ്ടിയാനിക്കലിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിന് റവ. ഫാ ജോൺസൺ പടിഞ്ഞാറയിൽ സ്വാഗതമരുളി. അതിരൂപതാ ഡയറക്ടർ ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. പനത്തടി മേഖല ഡയറക്ടർ ഫാ. ജോർജ് പഴേപറമ്പിൽ അനുഗ്രഹ പ്രഭാഷണം നടത്തി. ഫാമിലി അപ്പൊസ്റ്റോലേറ്റ് തലശ്ശേരി അതിരൂപതാ ആനിമേറ്റർ സി. ലിന്റ ക്ലാസെടുത്തു. കൂടുതൽ മക്കളുള്ള അമ്മമാരെ ആദരിച്ചു. തുടർന്ന് വിവിധ കലാപരിപാടികൾ നടത്തി. വി ജാന്ന ബെറേത്ത ക്വിസ് മത്സര വിജയികൾക്കുള്ള സമ്മാന ദാനം നിർവഹിച്ചു.

### e) മാതൃദിനാഘോഷം - അതിരൂപത തലത്തിൽ

അതിരൂപത മാതൃവേദിയുടെ നേതൃത്വത്തിൽ എടൂർ മേഖലയിലെ കരിക്കോട്ടക്കരി ഇടവകയിൽ വെച്ച് മാതൃദിനം ആഘോഷിച്ചു. അതിരൂപത പ്രസിഡന്റ് ശ്രീമതി സിസി ആന്റണി നിലവിളക്ക് തെളിച്ചു. അതിരൂപത ഡയറക്ടർ ഫാ. ജോബി കോവാട്ട് ബലിയർപ്പിച്ച് സന്ദേശം നൽകി. തുടർന്ന് പൊതുസമ്മേളനത്തിൽ ഇടവക ജനത്തോടൊപ്പം അതിരൂപതാ - മേഖലാ ഭാരവാഹികളും പങ്കെടുത്തു. യൂണിറ്റ് ആനിമേറ്റർ സി. ഇൻഫന്റ് മേരി FCC ഏവർക്കും സ്വാഗതമരുളി. അതിരൂപത പ്രസിഡന്റ് അധ്യക്ഷപദം അലങ്കരിച്ചു. അതിരൂപതാ ഡയറക്ടർ മാതൃദിനം ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. ആനിമേറ്റർ ആശംസകൾ അർപ്പിച്ചു. ഇടവകയിൽ വിവിധ തലങ്ങളിൽ മികവ് തെളിയിച്ച പത്തോളം അമ്മമാരെ ആദരിക്കുകയും ചെയ്തു. അതിരൂപത ആനിമേറ്റർ സി. ലിന്റയ്ക്ക് സമർപ്പണ ജീവിതത്തിന്റെ രജതജൂബലി മംഗളങ്ങൾ നേരുകയും ചെയ്തു. യൂണിറ്റ് പ്രസിഡന്റ് ഏവർക്കും നന്ദിപറഞ്ഞ് യോഗം അവസാനിപ്പിച്ചു.

### f) കുടുംബദിനാഘോഷം

അന്താരാഷ്ട്ര കുടുംബദിനത്തോടനുബന്ധിച്ച് തലശ്ശേരി അതിരൂപത മാതൃവേദിയുടെ നേതൃത്വത്തിൽ കാഞ്ഞങ്ങാട് മേഖലയിലെ പടന്നക്കാട് ഇടവകയിൽ വെച്ച് വിപുലമായ രീതിയിൽ കുടുംബദിനം ആചരിച്ചു. അതിരൂപത ഡയറക്ടർ ഫാ. ജോബി കോവാട്ട് വി. ബലിയർപ്പിച്ച് സന്ദേശം നൽകി. തുടർന്ന് അതിരൂപത വൈസ് പ്രസിഡന്റ് ശ്രീമതി മേഴ്‌സി വാതപ്പള്ളിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഫൊറോന ഡയറക്ടർ ഏവരെയും സ്വാഗതം ചെയ്തു. അതിരൂപത വൈസ് പ്രസിഡന്റും, മേഖല പ്രസിഡന്റുമായ ശ്രീമതി മേഴ്‌സി വാതപ്പള്ളി അധ്യക്ഷ പ്രസംഗം നടത്തി.

മോൺ. റവ. ഫാ. മാത്യു ഇളംതുരുത്തിപ്പടവിൽ കുടുംബദിനം ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി. അതിരൂപത ഡയറക്ടർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. വിവാഹത്തിന്റെ ഗോൾഡൻ, സിൽവർ ജൂബിലി ആഘോഷി ക്കുന്ന ദമ്പതികൾക്കും വലിയ കുടുബങ്ങൾക്കും, പുതുതായി രൂപംകൊണ്ട കുടുംബത്തിനും ആദരവ് ഏകി. പങ്കെടുത്ത എല്ലാവർക്കും കേക്കും, മറ്റ് സമ്മാനങ്ങളും നൽകി. അതിരൂപത ആനിമേറ്റർ ഏവർക്കും നന്ദി പറഞ്ഞു.

### g) മാതൃദിനാഘോഷം – അതിരൂപത തലത്തിൽ

സീറോ മലബാർ മാതൃവേദി തലശ്ശേരി അതിരൂപത ജനറൽ ബോഡി യോഗം തളിപ്പറമ്പ് സെന്റ് മേരിസ് ഫൊറോന പാരിഷ് ഹാളിൽ നടന്നു. മാതൃ വേദി അതിരൂപത പ്രസിഡന്റ് സിസി തൈപ്പറമ്പിൽ പതാക ഉയർത്തിയ ശേഷം യോഗത്തിൽ അധ്യക്ഷത വഹിച്ചു. ആർച്ച് ബിഷപ് മാർ ജോസഫ് പാംപ്ലാനി ഉദ്ഘാടനം ചെയ്തു.

സഭയിലും സമൂഹത്തിലും അമ്മമാർ വഹിക്കുന്ന സുപ്രധാന പങ്കും ഉത്തരവാദിത്തങ്ങളും വിളിച്ചോതുന്നതായിരുന്നു ജനറൽബോഡി യോഗം. മാതൃവേദി അതിരൂപത ഡയറക്ടർ ഫാ. ജോബി കോവാട്ട് ആമുഖ പ്രഭാ ഷണം നടത്തി. അതിരൂപത സെക്രട്ടറി ലിൻസി കുന്നുംപുറത്ത്, ട്രഷറർ റജീന തെക്കേപ്പറമ്പിൽ എന്നിവർ പ്രവർത്തന റിപ്പോർട്ടുകൾ അവ തരിപ്പിച്ചു. തളിപ്പറമ്പ് ഫൊറോന വികാരി ഫാ. മാത്യു ആശാരിപറമ്പിൽ അനുഗ്രഹ പ്രഭാഷണം നടത്തി. ഫൊറോന ഡയറക്ടർ പ്രതിനിധി ഫാ. ജോൺ മുണ്ടോളിയ്ക്കൽ, ഫൊറോന ആനിമേറ്റർ പ്രതിനിധി സിസ്റ്റർ ജെറോസ് എസ്എബിഎസ്, ഫൊറോന പ്രസിന്റ് പ്രതിനിധി ഷൈനി കാണ്ടാ വനത്തിൽ, അതിരൂപത ജോയിന്റ് സെക്രട്ടറി വത്സമ്മ മുണ്ടയാനിയ്ക്കൽ എന്നിവർ പ്രസംഗിച്ചു.

മാതൃവേദി അതിരൂപത ആനിമേറ്റർ സി. ലിന്റ സിഎച്ച്എഫിന് ജൂബിലി ആശംസകൾ നേർന്നു. ചർച്ചകളും സമ്മാനദാനവും നടന്നു.

**2026 ജൂൺ മാസത്തെ പ്രവർത്തന മാർഗ്ഗരേഖ**

1 – തിരുഹൃദയ വണക്കമാസം ആരംഭിക്കുന്നു.
4 – പരിശുദ്ധ കുർബ്ബാനയുടെ തിരുനാൾ – യൂണിറ്റ് തലത്തിൽ ഒരു മണിക്കൂർ ദിവ്യകാരുണ്യസന്നിധിയിൽ ആരാധന നടത്തുക.
5 – പരിസ്ഥിതി ദിനം – സ്വന്തം പറമ്പിൽ ഒരു തൈ നടുക.
6 – ജ്വാല @ നെല്ലിക്കാംപൊയിൽ.
8 – വി. മറിയം ത്രേസ്യ തിരുനാൾ – വേദനിക്കുന്ന കുടുംബങ്ങൾക്കായി പ്രാർത്ഥിക്കുക.
12 – ഈശോയുടെ തിരുഹൃദയത്തിരുനാൾ – തിരുഹൃദയ പ്രതിഷ്ഠ ചൊല്ലി കുടുംബത്തെ ഈശോയ്ക്ക് സമർപ്പിക്കുക.
13 – വി. അന്തോണീസിന്റെ തിരുനാൾ – ആരോടെങ്കിലും ഒരു ദൈവവ ചനം പറയുക.
– ജ്വാല @ എടൂർ
16 – ജ്വാല @ ചെമ്പന്തൊട്ടി.

18–20 – MPC @ തലശ്ശേരി
20 – ഡയറക്ടേഴ്സ് സംഗമം.
21 – പിതൃദിനം, ഭർത്താവിനും സ്വന്തം പിതാവിനും ഭർതൃപിതാവിനും ആശംസകൾ നേരുക.
26 – ലോക ലഹരി വിരുദ്ധ ദിനം – ലഹരി വിരുദ്ധ പ്രതിജ്ഞ ചൊല്ലുക
27 – ജ്വാല @ പൈസക്കരി
29 – വി. പത്രോസ്, വി. പൗലോസ് ശ്ലീഹന്മാരുടെ തിരുനാൾ – നാമധാരികളെ ആദരിക്കുക. മാർപാപ്പയ്ക്കുവേണ്ടി പ്രാർത്ഥിക്കുക.

**പ്രത്യേക പ്രവർത്തനം**

തിരുഹൃദയ ചിത്രരചന മത്സരം. അയച്ചു തരുന്ന ചിത്രം നോക്കി ഒരു ചാർട്ട് പേപ്പറിന്റെ നാലിൽ ഒരു ഭാഗത്ത് വരച്ച് 12ന് രാത്രി 12 മണിക്ക് മുമ്പായി 9400206974 എന്ന നമ്പറിലേക്ക് അയച്ചു തരിക.

**IV. അമല പ്രോലൈഫ്**

**പ്രോലൈഫ് ദിനാഘോഷം**

പ്രോലൈഫ് പ്രവർത്തനങ്ങളുടെ വിജയത്തിനായി മെയ് 7 ന് ചെമ്പേരി കരുണാലയത്തിൽ വെച്ച് ആരാധന നടത്തി. ജപമാല, മദ്ധ്യസ്ഥ പ്രാർത്ഥന, കരുണകൊന്ത എന്നിവയിലൂടെ അതിരൂപതയിലെ കുടുംബങ്ങളെ മുഴുവനും സമർപ്പിച്ച് പ്രാർത്ഥിച്ചു. അതിരൂപത ഡയറക്ടർ, ആനിമേറ്റർ, ടീം അംഗങ്ങളായ 17 ഓളം പേർ ഈ ആരാധനയിൽ പങ്കെടുത്തു.

ഡയറക്ടർ ഫാ. ജോബി കോവാട്ടിന്റെ നേതൃത്വത്തിൽ അതിരൂപത പ്രോലൈഫ് കോർ ടീം അംഗങ്ങൾ മാനസികോല്ലാസനത്തിനായി കൂർഗിലേക്ക് ഒരു ദിവസത്തെ ഉല്ലാസ യാത്ര സംഘടിപ്പിച്ചു. 20 പേർ അടങ്ങുന്ന ടീം വളരെ സന്തോഷത്തോടെ പോയി വിവിധ സ്ഥലങ്ങൾ സന്ദർശിച്ച് തിരിച്ച് എത്തി.

**V. പ്രോലൈഫ് മാര്യേജ് ബ്യൂറോ:** മലബാർ മേഖല പ്രോലൈഫ് സമിതി നടത്തുന്ന ബ്യൂറോ പെൺകുട്ടികൾക്ക് സൗജന്യ രജിസ്ട്രേഷൻ, ആൺകുട്ടികൾക്ക് രജി. ഫീ 500 രൂപ നാല് മാസത്തേക്ക്. Web Site: www.prolifemarry.com

**VI. ആദരാഞ്ജലികൾ:** ഏപ്രിൽ 21 ന് സന്ദേശഭവൻ ഡയറക്ടർ റവ. ഫാ. ഫിലിപ്പ് കവിയിന്റെ വത്സല പിതാവ് ചാക്കോ കവിയിൽ നിര്യാതയായി. ഏപ്രിൽ 25 ന് നടന്ന മൃതസംസ്ക്കാരശുശ്രൂഷയിൽ ജോബിയച്ചൻ പങ്കെടുത്തു.

**VII. റീജൻസി ബ്രദർ:** ഒരു മാസത്തെ റീജൻസി കാലഘട്ടം പൂർത്തിയാക്കി സന്ദേശഭവനിലേക്ക് പോയ അഖിലിന് നന്ദിയും, പുതിയതായി കടന്നുവന്ന ബ്രദർ അമൽ നീർനാക്കുന്നേലിന് സ്വാഗതവും നേരുന്നു.

**VILI. ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ Mail ID: familytly92@gmail.com**
**Web Site: www.familytly.com**

**ഫാ. ജോർജ് കോവാട്ട്**
*ഡയറക്ടർ*

# എജ്യൂക്കേഷണൽ അപ്പൊസ്റ്റൊലേറ്റ്

പുതിയ അധ്യയന വർഷത്തിലെ പ്രവർത്തനങ്ങൾക്ക് എല്ലാ നന്മകളും ദൈവാനുഗ്രഹങ്ങളും ആശംസിക്കുന്നു. പ്രധാനാധ്യാപകരും അധ്യാപകരും, അനധ്യാപകരും, രക്ഷിതാക്കളും ഒന്നു ചേർന്ന് ഏറ്റവും ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികൾക്ക് നൽകാൻ പരിശ്രമിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

- കൃത്യമായ പ്ലാനിങ്ങും ചുമതലാ വിഭജനവുമാണ് വിദ്യാലയ പ്രവർത്തനങ്ങളെ വിജയകരമായി മുമ്പോട്ട് കൊണ്ടുപോകാൻ സഹായിക്കുന്നത്.
- ക്ലാസുകൾ നഷ്ടപ്പെടുത്താതെ അധ്യയനവർഷാരംഭത്തിനു മുമ്പു തന്നെ അധ്യാപകർക്ക് ചുമതലകൾ വിഭജിച്ചു നൽകണം.
- നിലവിലെ കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായ തസ്തികകളെല്ലാം എടുക്കുന്നതിന് ശ്രദ്ധിക്കണം.
- മാനേജരച്ചനോടൊപ്പം മീറ്റിംഗ് കൂടി ഭൗതിക സാഹചര്യം മെച്ചപ്പെടുത്താനും അക്കാദമിക നിലവാരം ഉയർത്താനുമുള്ള പദ്ധതികൾ തയ്യാറാക്കണം.
- സ്കൂൾ തുറക്കുന്നതിനുമുൻപ് സ്റ്റാഫ് മീറ്റിംഗ് ചേർന്ന് വ്യത്യസ്തങ്ങളായ ഉത്തരവാദിത്വങ്ങൾ ഓരോ അധ്യാപകരെയും ഏല്പിക്കണം.
- അധ്യാപകർ തങ്ങൾക്കു ലഭിച്ച ചുമതലകൾ കൃത്യമായി മനസ്സിലാക്കി ജൂൺ 1 മുതൽ മാർച്ച് 31 വരെയുള്ള കാലഘട്ടത്തിൽ നടപ്പിലാക്കേണ്ട പദ്ധതികളുടെ പ്ലാൻ ജൂൺ 1-നകം പ്രധാനാധ്യാപകർക്കു നൽകണം.
- സ്കൂളുകളിൽ വന്നിരിക്കുന്ന പുസ്തകങ്ങൾ ജൂൺ 1 നു മുമ്പ് കുട്ടികൾക്ക് വിതരണം ചെയ്യേണ്ടതാണ്. കുട്ടികൾക്ക് പുസ്തകങ്ങൾ നേരത്തെ തന്നെ നൽകിയാൽ അവർ അത് നേരത്തെ മറിച്ച് നോക്കും, പൊതിഞ്ഞ് പേരെഴുതും, ചിലർ നേരത്തെ തന്നെ പഠിക്കാൻ തുടങ്ങും. ഇത് കുട്ടികൾക്ക് പുതിയ അധ്യയന വർഷത്തിലേക്കുള്ള നല്ല മാനസിക ഒരുക്കം നടത്താൻ സഹായിക്കും.
- കുട്ടികളെ പുതിയ അധ്യയന വർഷത്തിൽ സ്വീകരിക്കാനായി സ്റ്റാഫ് അംഗങ്ങളും, പിടിഎ അംഗങ്ങളും ചേർന്ന് ക്ലീനിംഗ്, മറ്റ് അറേ

ഞ്ച്മെന്റ് എന്നിവ സമയബന്ധിതമായി പൂർത്തിയാക്കാൻ ശ്രദ്ധിക്കണം. സ്കൂൾ തുറക്കുന്നതിനു മുമ്പ് സ്കൂളും പരിസരവും, ക്ലാസ് റൂമുകളും എല്ലാം വൃത്തിയാക്കുകയും ബെഞ്ച്, ഡസ്ക് എന്നിവ തുടച്ചിടേണ്ടതു മാണ്.

- ഫിക്സേഷന്റെ ഭാഗമായി വിദ്യാഭ്യാസ ഓഫീസുകളിൽ സമർപ്പിക്കുന്ന യു.ഐ.ഡി രേഖകൾ കൃത്യമാണെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
- സ്കൂളിൽ നിന്ന് സ്ഥാനക്കയറ്റം, സ്ഥലംമാറ്റം എന്നിവ വഴി അധ്യാപ കർ, അനധ്യാപകർ എന്നിവർ സ്ഥലം മാറി പോകുമ്പോൾ അവരെ കൊണ്ടുവിടാൻ പ്രധാനാധ്യാപകനും, സ്റ്റാഫ് സെക്രട്ടറിയും മാത്രം പോയാൽ മതി.
- സ്കൂൾ പ്രവർത്തി ദിവസത്തിൽ അധ്യാപകർ എല്ലാവരും സ്കൂളിൽ ഉണ്ടായിരിക്കേണ്ടതാണ്. ജൂൺ ഒന്നു മുതൽ സ്ഥലം മാറിപ്പോകുന്നവരെ (ക്ലാസ് സമയത്ത് 9 മണി മുതൽ 4 മണിവരെ) കൊണ്ടുവിടാൻ സ്കൂൾ അംഗങ്ങൾ കൂടെ പോകുന്ന ശീലം ഒഴിവാക്കേണ്ടതാണ്. നമ്മുടെ കോർപ്പ റേറ്റിലെ എല്ലാ സ്കൂളുകളും ഈ പൊതു പോളിസി പാലിക്കേണ്ടതാണ്.
- ആറാം പ്രവൃത്തിദിന റിപ്പോർട്ട് മൂന്നുദിവസം മുമ്പേ തയ്യാറാക്കി കോർപ്പ റേറ്റ് ഓഫീസിലേക്ക് ഇ-മെയിൽ ചെയ്യേണ്ടതാണ്.
- വിദ്യാലയങ്ങളിൽ അധ്യാപകരുടെയും പ്രധാനാധ്യാപകരുടെയും സാന്നിധ്യം അച്ചടക്കത്തിനും വിദ്യാലയ മികവിനും അത്യാവശ്യമാണ്. സമ്മേളനങ്ങൾക്കും, ട്രെയിനിംഗുകൾക്കും സ്കൂളിലെ സ്റ്റാഫ് പരിശീല നങ്ങൾക്കും മറ്റുമായി പോകുമ്പോൾ ക്ലാസ്സുകൾ മുടങ്ങാതിരിക്കാൻ ഏറ്റവും അത്യാവശ്യമുള്ളവർ മാത്രം പോകുക. ക്ലാസുകൾ മുടങ്ങുന്നില്ലെന്ന് ഉറപ്പു വരുത്തുക. അധ്യാപകരുടെ സാന്നിധ്യം പരമാവധി നഷ്ടമാകാതിരിക്കാൻ ശ്രദ്ധിക്കണം.
- ലോക്കൽ മാനേജരുമായി നല്ല ബന്ധം പ്രധാനാധ്യപകർക്കുണ്ടാകണം. വിദ്യാലയ പ്രവർത്തനങ്ങളെക്കുറിച്ച് യഥാസമയം ചർച്ച ചെയ്യുകയും റിപ്പോർട്ട് ചെയ്യുകയും അനുവാദം വാങ്ങിക്കേണ്ട കാര്യങ്ങളിൽ അനു വാദം വാങ്ങിക്കുകയും ചെയ്യണം.
- കഴിഞ്ഞ വർഷത്തെയും ഈ വർഷത്തെയും മെയിന്റനൻസ് ഗ്രാന്റ് ലഭി ക്കാത്ത സ്കൂളുകൾ വിദ്യാഭ്യാസ ഓഫീസുകളിൽ അന്വേഷിച്ച് എത്രയും പെട്ടെന്ന് ഗ്രാന്റ് ലഭ്യമാക്കാൻ പരിശ്രമിക്കണം.
- സ്കൂൾ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് മെയ് മാസത്തിൽ തന്നെ ലഭിച്ചിട്ടു ണ്ടെന്ന് കരുതുന്നു. ചില സ്കൂളുകളിലെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭി ക്കാൻ എല്ലാ വർഷവും വൈകുന്നുണ്ട്. ഏതെങ്കിലും സ്കൂളിന് ലഭിച്ചിട്ടി ല്ലായെങ്കിൽ കോർപ്പറേറ്റ് ഓഫീസിൽ അറിയിക്കേണ്ടതാണ്.

- സന്മാർഗപാഠം, മതബോധനം എന്നീ പുസ്തകങ്ങൾക്ക് ഓർഡർ ചെയ്ത സ്കൂളുകൾക്ക് യഥാക്രമം സന്ദേശഭവൻ ബുക്ക് സ്റ്റാൾ, ബൈബിൾ അപ്പോസ്തലേറ്റ് എന്നിവിടങ്ങളിൽ നിന്ന് ലഭിക്കുന്നതാണ്.
- സന്മാർഗ മതബോധന ക്ലാസുകൾ ജൂൺ മാസത്തിൽ തന്നെ ആരംഭിക്കണം. കൃത്യമായ ടൈം ടേബിൾ ഉണ്ടാക്കണം. സന്മാർഗ മതബോധന മാർക്ക് രജിസ്റ്റർ സ്കൂളിൽ സൂക്ഷിക്കണം.
- നമ്മുടെ സ്കൂളുകളുടെ വളർച്ചയ്ക്ക് പി.ടി.എ നൽകുന്ന സംഭാവനകളെ നന്ദിയോടെ സ്മരിക്കണം. പി.ടി.എയുടെ സഹകരണവും പ്രോത്സാഹനവും സ്കൂൾ പ്രവർത്തനങ്ങൾക്ക് ഉറപ്പു വരുത്തണം. രക്ഷാകർത്താക്കളുമായി നല്ല ബന്ധം നിലനിർത്തി ക്രിയാത്മക സഹകരണം ലഭ്യമാക്കണം. പി.ടി.എ കമ്മിറ്റിയുടെ ഉത്തരവാദിത്വത്തിൽ വരേണ്ട കാര്യങ്ങൾ മാത്രം പി.ടി.എ അജണ്ടയിൽ ഉൾപ്പെടുത്തുക. മാനേജുമെന്റ് തീരുമാനമെടുക്കേണ്ട കാര്യങ്ങൾ പി.ടി.എ അജണ്ടയിൽ ഉൾപ്പെടുത്തി തീരുമാനം എടുക്കരുത്. പി.ടി.എ കമ്മിറ്റികൾക്ക് മാനേജർമാരുടെ പരിഗണനയ്ക്ക് ആവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കാം. പിടിഎ എക്സിക്യൂട്ടീവിൽ സ്കൂൾ മാനേജർ എക്സ് ഒഫീഷ്യോ ആണെന്ന കാര്യം ഓർക്കുക. പ്രധാനാധ്യാപകർ ഇക്കാര്യത്തിൽ ശ്രദ്ധ പുലർത്തണമെന്ന് ഓർമ്മിപ്പിക്കുന്നു.
- വിദ്യാലയങ്ങളുടെ മികവിനും വിദ്യാർത്ഥികളുടെ കാര്യക്ഷമമായ പരിശീലനത്തിനും സ്കൂളിൽ അച്ചടക്കം അനിവാര്യമാണ്. നല്ല അച്ചടക്കമുള്ള സ്കൂളുകൾ മികച്ച അക്കാദമിക് നിലവാരം നിലനിർത്തുന്നുണ്ട്. എല്ലാ വിദ്യാലയങ്ങളിലും അച്ചടക്ക സമിതി ഉണ്ടാകണം. അധ്യാപകരുടെയും, രക്ഷിതാക്കളുടെയും വിദ്യാർത്ഥികളുടെയും പ്രതിനിധികൾ ഈ സമിതിയിൽ ഉണ്ടാകണം.
- സ്കൂൾ അസംബ്ലി എല്ലാ ആഴ്ചയും ഭംഗിയായും ചിട്ടയോടും കൂടി നടത്തണം. പ്രധാനാധ്യാപകർക്ക് വിദ്യാർത്ഥികളോട് നേരിട്ട് കാര്യങ്ങൾ സൂചിപ്പിക്കുന്നതിനുള്ള അവസരം സ്കൂൾ അസംബ്ലിയിൽ ലഭിക്കും. അച്ചടക്കത്തോടെ ക്രമീകൃതമായ രീതിയിൽ സ്കൂൾ അസംബ്ലി സംഘടിപ്പിക്കണം. എല്ലാ വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും പങ്കാളിത്തം ഉറപ്പുവരുത്തണം.
- ആദ്യവെള്ളിയാഴ്ച ദിവസങ്ങളിൽ കത്തോലിക്കരായ അധ്യാപകർ വിദ്യാർത്ഥികളോടൊപ്പം ദൈവാലയത്തിൽ പോകണം. കത്തോലിക്കരായ കുട്ടികൾക്ക് ആദ്യവെള്ളിയാഴ്ചകളിലെ വിശുദ്ധ കുർബാന മുടക്കരുത്.
- മുഴുവൻ അധ്യാപകരും നിശ്ചിത സമയത്തിനുമുമ്പേ സ്കൂൾ ഓഫീസിലെത്തി അധ്യാപക രജിസ്റ്ററിൽ ഒപ്പുവയ്ക്കേണ്ടതാണ്. ക്ലാസ് ചാർജ്ജുള്ള മുഴുവൻ അധ്യാപകരും സെക്കന്റ് ബെൽ അടിച്ചാൽ ഉടൻതന്നെ ക്ലാസിൽ

എത്തിച്ചേരണം. പ്രഭാതപ്രാർത്ഥന നടക്കുമ്പോൾ ക്ലാസ് ചാർജ്ജുള്ള അധ്യാപകർ നിർബന്ധമായും ക്ലാസിൽ ഉണ്ടായിരിക്കണം.

- സ്കൂളിന്റെ അച്ചടക്കം നിലനിർത്താൻ പ്രധാന അധ്യാപകനോടൊപ്പം എല്ലാ അധ്യാപകരും സഹകരിക്കണം. അധ്യാപകർക്കിടയിലുണ്ടാകുന്ന പ്രശ്നങ്ങൾ കഴിവതും പുറമെയുള്ളവരെ അറിയിക്കാതിരിക്കുക മാനേജരുടെ നേതൃത്വത്തിൽ ഒത്തുതീർപ്പാക്കുക.
- ക്ലാസ് ദിവസങ്ങൾ പൂർണ്ണമായും ഉപയോഗപ്പെടുത്തുക. സ്റ്റാഫ് മീറ്റിംഗ് തുടങ്ങിയവ അവധി ദിവസങ്ങളിൽ അല്ലെങ്കിൽ സ്കൂൾ വിട്ടതിനുശേഷം ക്രമീകരിക്കുക. ക്ലാസ് സമയത്തുള്ള ഓഫീസ് ജോലികൾ ഒഴിവാക്കി അവ വിശ്രമസമയങ്ങളിൽ തീർക്കുവാൻ ശ്രദ്ധിക്കുക.

**പ്രധാനാധ്യാപക സമ്മേളനം**

മെയ് 20-ാം തീയതി ചെമ്പേരി വച്ച് നടന്ന പ്രിൻസിപ്പൽ/പ്രധാനാധ്യാപകരുടെ സംയുക്ത സമ്മേളനത്തിൽ മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി ആശംസകൾ നേർന്ന് സംസാരിച്ചു. കോർപ്പറേറ്റ് മാനേജർ ക്ലാസ്സുകൾക്ക് നേതൃത്വം നല്കി. നമ്മുടെ വിദ്യാലായങ്ങൾ ഹൃദയാലയങ്ങളാക്കി മാറ്റി ക്വാളിറ്റിയുള്ള സ്ഥാപനങ്ങളാക്കി മാറ്റുക. കോർപ്പറേറ്റിലെ സ്കൂളുകളെ ഒറ്റ യൂണിറ്റായി കണക്കാക്കുക. ഒരു സ്കൂളിലും ഞാൻ മൂലം കുറവുവരരുതെന്ന് നിഷ്ഠ വെയ്ക്കുക. സാമ്പത്തിക കാര്യങ്ങളിൽ സുതാര്യത പുലർത്തുക. രക്ഷാകർത്താക്കളുമായി നല്ല ബന്ധം പുലർത്തുക. തുടങ്ങിയ കാര്യങ്ങൾ ചർച്ച ചെയ്തു.

**6-ാം പ്രവൃത്തിദിന റിപ്പോർട്ട്**

ആറാം പ്രവൃത്തിദിന റിപ്പോർട്ട് അവസാന നിമിഷത്തേക്ക് മാറ്റി വയ്ക്കാതെ നേരത്തെതന്നെ തയ്യാറാക്കണം. ഫോർമാറ്റുകളൊക്കെ മുൻകൂട്ടി തയ്യാറാക്കി വെച്ചാൽ 6-ാം പ്രവൃത്തിദിന റിപ്പോർട്ട് പെട്ടെന്ന് തന്നെ നൽകാൻ സാധിക്കും. ഈ റിപ്പോർട്ട് നൽകുമ്പോൾ വളരെ ശ്രദ്ധവേണം. അറബിക്, ഉറുദു, സംസ്കൃതം എന്നീ തസ്തികകളുള്ള സ്കൂളുകളിൽ ആവശ്യത്തിന് കുട്ടികൾ ഉണ്ടെന്ന് ഉറപ്പുവരുത്തണം. വ്യക്തമായ പഠനവും അന്വേഷണവും നടത്തി കുട്ടികളുടെ എണ്ണം ക്രമീകരിച്ചതിനുശേഷം മാത്രമേ ഓഫീസിൽ കൊടുക്കാവൂ. 6-ാം പ്രവൃത്തിദിന റിപ്പോർട്ട് കൊടുക്കുന്നതിന്റെ മൂന്നുദിവസം മുമ്പേ കോർപ്പറേറ്റിന്റെ സോഫ്റ്റ്‌വെയറിൽ കുട്ടികളുടെ വിവരങ്ങൾ ചേർക്കേണ്ടതാണ്. കൂടാതെ 6-ാം പ്രവർത്തിദിന റിപ്പോർട്ടിന്റെ ഫോർമാറ്റ് കോർപ്പറേറ്റ് ഓഫീസിലേക്ക് ഇ-മെയിൽ ചെയ്തു തരേണ്ടതാണ്.

പുതിയ അനുപാതക്രമമനുസരിച്ച് കിട്ടാവുന്ന തസ്തികകൾക്കെല്ലാം പ്രൊപ്പോസൽ നൽകുക. നിർദ്ദേശിക്കുന്ന ഡിവിഷനുകൾക്ക് അനുസൃതമായി ക്ലാസ്റൂമുകൾ ഉണ്ടെന്ന് ഉറപ്പുവരുത്തണം.

**എസ്.എസ്.എൽ.സി റിസൾട്ട് 2025 – 2026**

| സ്കൂളിന്റെ പേര് | പരീക്ഷ എഴുതിയവർ | വിജയി ച്ചവർ | Full A+ | 9A+ | % |
|---|---|---|---|---|---|
| അങ്ങാടിക്കടവ് എച്ച്.എസ് | 121 | 121 | 7 | 4 | 100% |
| ചന്ദനക്കാംപാറ എച്ച്.എസ് | 57 | 57 | 4 | 2 | 100% |
| ചെമ്പന്തൊട്ടി എച്ച്.എസ് | 105 | 105 | 14 | 5 | 100% |
| ചെമ്പേരി എച്ച്.എസ് | 164 | 163 | 21 | 13 | 99.39% |
| ചെറുപ്പുഴ എച്ച്.എസ് | 272 | 272 | 46 | 14 | 100% |
| എടൂർ എച്ച്.എസ് | 240 | 240 | 19 | 10 | 100% |
| കടുമേനി എച്ച് എസ് | 74 | 74 | 2 | 4 | 100% |
| കരിക്കോട്ടക്കരി എച്ച്.എസ് | 101 | 101 | 8 | 2 | 100% |
| കിളിയന്തറ എച്ച്.എസ് | 64 | 64 | 5 | 1 | 100% |
| കൊളക്കാട് എച്ച് എസ് | 103 | 103 | 16 | 10 | 100% |
| കുടിയാൻമല എച്ച്.എസ് | 72 | 72 | 9 | 6 | 100% |
| കുന്നോത്ത് എച്ച്.എസ് | 155 | 155 | 3 | 1 | 100% |
| മണിക്കടവ് എച്ച്.എസ് | 156 | 156 | 13 | 5 | 100% |
| മേരിഗിരി എച്ച്.എസ് | 88 | 88 | 6 | 1 | 100% |
| നെല്ലിക്കുറ്റി എച്ച്.എസ് | 65 | 65 | 8 | 4 | 100% |
| പൈസക്കരി എച്ച്.എസ് | 102 | 102 | 10 | 5 | 100% |
| പാലാവയൽ എച്ച്.എസ് | 98 | 98 | 12 | 3 | 100% |
| പേരാവൂർ എച്ച്.എസ് | 264 | 264 | 27 | 7 | 100% |
| പെരുമ്പടവ് എച്ച്.എസ് | 154 | 152 | 20 | 6 | 98.7% |
| പുലിക്കുരുമ്പ എച്ച്.എസ്. | 26 | 26 | 0 | 0 | 100% |
| തോമാപുരം എച്ച്എസ് | 148 | 148 | 15 | 5 | 100% |
| വായാട്ടുപറമ്പ എച്ച് എസ് | 232 | 231 | 29 | 15 | 99.57% |
| വെളിമാനം എച്ച്.എസ് | 186 | 186 | 6 | 6 | 100% |
| വെള്ളരിക്കുണ്ട് എച്ച്.എസ് | 147 | 147 | 9 | 6 | 100% |

**പ്രവേശനോത്സവം**

പുതിയ വിദ്യാഭ്യാസ വർഷം ജൂൺ 02-ാം തീയതി ആരംഭിക്കുകയാണല്ലോ. പുതിയ കുട്ടികളുടെ പ്രവേശനം ഒരു ഉത്സവമാക്കി തീർക്കാൻ എല്ലാവരും ശ്രദ്ധിക്കുക. പ്രധാനാധ്യാപകകരും, അധ്യാപക-അനധ്യാപകരും, പി.ടി.എ. അംഗങ്ങളും കൂട്ടായി സഹകരിച്ച് പ്രവർത്തിക്കണം. മാനേജരച്ചന്മാരുടെ നേതൃത്വത്തിൽ പ്രാർത്ഥനാ ശുശ്രൂഷകളും സ്കൂൾ വെഞ്ചിരിപ്പും കഴിഞ്ഞ വർഷങ്ങളിലേതുപോലെ ഈ വർഷവും നടത്തേണ്ടതാണ്.

അധ്യയനവർഷാരംഭം മുതൽ അധ്യാപകർ സ്കൂളിൽ മുടങ്ങാതെ വരികയും കുട്ടികളുടെ കാര്യത്തിൽ ശ്രദ്ധിക്കുകയും വേണം. അച്ചടക്കത്തിന്റെ

കാര്യത്തിലും പഠനത്തിന്റെ കാര്യത്തിലും വളരെയേറെ മികവു പുലർത്താൻ എല്ലാവരും പ്രത്യേകം ശ്രദ്ധിക്കണം. എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷകൾക്ക് നല്ല റിസൾട്ട് നമ്മുടെ സ്കൂളുകൾക്ക് ലഭിച്ചിട്ടുണ്ട്. ഉന്നതമായ വിജയത്തിന്റെ ശൈലി നമ്മുടെ എല്ലാ സ്കുളുകൾക്കും തുടർന്നും നിലനിർത്താൻ കഴിയണം. അതിനു സാധിക്കണമെങ്കിൽ അധ്യാപക അനധ്യാപകർ എല്ലാവരും പ്രധാനാധ്യാപകനോട് ചേർന്നുകൊണ്ട് സ്കൂളിന്റെയും വിദ്യാർത്ഥികളുടെയും നന്മയ്ക്കുവേണ്ടി അക്ഷീണം പ്രവർത്തിക്കണം. തുടക്കം മുതലേ കഠിനാദ്ധ്വാനം ചെയ്താൽ മാത്രമേ നല്ല റിസൾട്ട് ലഭിക്കുകയുള്ളൂ.

പഠനത്തോടൊപ്പം തന്നെ പാഠ്യേതര പ്രവർത്തനങ്ങളിലും വിദ്യാർത്ഥികളെ പങ്കെടുപ്പിക്കണം. കലാകായിക രംഗങ്ങളിൽ വിദ്യാർത്ഥികൾ പങ്കെടുത്താൽ മാത്രമേ അവരുടെ വ്യക്തിത്വം വളർന്നുവരികയുള്ളൂ. വിദ്യാർത്ഥികളെ അച്ചടക്കമുള്ളവരായി വളരാൻ സഹായിക്കുന്ന എൻ.സി.സി. സ്റ്റുഡന്റ് പോലീസ്, സ്കൗട്ട് ആന്റ് ഗൈഡ്, എൻ.എസ്.എസ്, ജെ.ആർ.സി, കബ്ബ്, ബുൾബുൾ മുതലായവയിൽ കുട്ടികളെ ചേരുവാൻ പ്രേരിപ്പിക്കുകയും അവർക്ക് അവസരങ്ങൾ ഉണ്ടാക്കികൊടുക്കുകയും വേണം. ഇതിനാവശ്യമായ ട്രെയിനിംഗ് എല്ലാ അധ്യാപകരും നേടേണ്ടതാണ്. പ്രധാനാധ്യാപകർ ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധപുലർത്തേണ്ടതാണ്.

പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിൽ കുട്ടികൾക്ക് വളർന്നുവരാൻ അവസരങ്ങളുണ്ടാകുന്നതോടു കൂടി അവരുടെ സ്വഭാവരൂപീകരണത്തിലും അധ്യാപകർക്ക് ഗണ്യമായ പങ്ക് ഉണ്ട് എന്ന കാര്യം ഓർമ്മിപ്പിക്കുന്നു. കുട്ടികൾ പല കാര്യങ്ങളും തങ്ങളുടെ അധ്യാപകരിൽ നിന്നുമാണ് കണ്ടുപഠിക്കുന്നത്. അതിനാൽ അധ്യാപകർ എല്ലാ കാര്യത്തിലും കുട്ടികൾക്ക് മാതൃകയാകാൻ ശ്രദ്ധിക്കണം. മൂല്യബോധമുള്ള ഒരുതലമുറയെ വളർത്തിയെടുക്കുവാൻ നമുക്ക് ഒത്തൊരുമിച്ച് പ്രവർത്തിക്കാം.

**ഫാ. സ്കറിയ വടശ്ശേരിൽ**
*കോർപ്പറേറ്റ് മാനേജർ*

# വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജ്
## ചെമ്പേരി

**2026–27 അധ്യയന വർഷത്തിലെ വിവിധ സ്കോളർഷിപ്പുകൾ:**

1. പ്ലസ് വൺ പരീക്ഷയ്ക്ക് ഫിസിക്സ് കെമിസ്ട്രി – മാത്തമാറ്റിക്സ് വിഷയങ്ങൾക്ക് 95 ശതമാനത്തിൽ അധികം മാർക്ക് ലഭിച്ച കുട്ടികൾക്ക് ഓരോ വർഷവും പതിനായിരം രൂപ മാത്രം ട്യൂഷൻ ഫീസ് അടച്ചുകൊണ്ട് B-TECH പഠനം പൂർത്തിയാക്കാവുന്നതാണ്. +2 റിസൾട്ട് വന്നു കഴിഞ്ഞാൽ പിന്നെ അതായിരിക്കും പരിഗണിക്കുക. സ്കോളർഷിപ്പിന് ഇപ്പോൾ അപേക്ഷ സമർപ്പിക്കാം.
2. KEAM RANK SCHOLARSHIP
   I. 1 – 8000 റാങ്ക് ലഭിക്കുന്നവർക്ക് കോളേജ് ഫീസ് പൂർണ്ണമായി സൗജന്യമായിരിക്കും.
   II. 8001 – 20,000 വരെ റാങ്ക് ലഭിക്കുന്നവർക്ക് ഗവൺമെന്റ് കോളേജിലെ ഫീസിനു തുല്യമായ പതിനായിരം രൂപ മാത്രം ഒരു വർഷത്തെ ട്യൂഷൻ ഫീസ്.

**വിമൽജ്യോതി MBA കോളേജിൽ സ്കോളർഷിപ്പോടെ പഠിക്കാം.**

ഡിഗ്രിക്ക് 50 ശതമാനം മാർക്കോടെ KMAT/CMAT പരീക്ഷ പാസായവർക്ക് അഡ്മിഷന് അപേക്ഷിക്കാവുന്നതാണ്. ഡിഗ്രി പരീക്ഷയ്ക്ക് 85% മാർക്കുള്ളവർക്ക് ഗവൺമെന്റ് ഫീസിൽ MBA പഠനം പൂർത്തിയാക്കാം. 75% മാർക്കുള്ളവർക്ക് 60,000 രൂപ സ്കോളർഷിപ്പിൽ പഠിക്കാം.

**സാൻജോസ് അക്കാദമി ജർമൻ ഔദ്യോഗിക പരീക്ഷാകേന്ദ്രം** (telc).

വിമൽജ്യോതി ക്യാമ്പസിൽ പ്രവർത്തിക്കുന്ന സാൻജോസ് അക്കാദമിയിൽ ജർമ്മൻ ഔദ്യോഗിക പരീക്ഷാ കേന്ദ്രം അനുവദിച്ചിട്ടുണ്ട്. ഇവിടെ പഠിക്കുന്നവർക്കും, പുറമേ നിന്ന് വരുന്നവർക്കും ഇവിടെ പരീക്ഷയെഴുതാവുന്നതാണ്. എല്ലാ മാസവും പുതിയ ബാച്ചുകൾ ആരംഭിക്കുന്നുണ്ട്. സ്കോളർഷിപ്പോടെ പഠിക്കാനുള്ള അവസരവും ഉണ്ട്.

[ആദ്യം അപേക്ഷിക്കുന്നവരിൽ നിന്നും സ്കോളർഷിപ്പിന് അർഹരായവരെ തിരഞ്ഞെടുക്കുന്നു. സീറ്റുകളുടെ എണ്ണവും ലിമിറ്റ് ചെയ്തിട്ടുണ്ട്. മറ്റു വിവിധ സ്കോളർഷിപ്പുകളും ആനുകൂല്യങ്ങളും അർഹരായവർക്ക് ലഭ്യമാണ്.*]

കൂടുതൽ വിവരങ്ങൾക്ക് കോളേജ് ഓഫീസുമായി നേരിട്ട് ബന്ധപ്പെ

ടുകയോ താഴെ കൊടുത്തിരിക്കുന്ന ഫോൺ നമ്പറുകളിൽ വിളിക്കുകയോ ചെയ്യുക.

| | | |
|---|---|---|
| ENGINEERING | : | 8846423448 , 7907231291 |
| MBA | : | 9400512240 , 7012799277 |
| SANJOS ACADEMY | : | 8281750777 , 8281730777 |

## PLACEMENT NEWS - MAY 2026

- ചെന്നൈ ആസ്ഥാനമായി പ്രവർത്തിക്കുന്ന TRANSENERGY PVT. LTD നടത്തിയ ക്യാമ്പസ് റിക്രൂട്ട്മെന്റിലൂടെ 5 അവസാനവർഷ വിദ്യർത്ഥികൾക്ക് ജോലി ലഭിച്ചു. തിരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾ മെയ് 18-ാം തീയതി ജോലിക്ക് ഹാജരാകണമെന്ന് അറിയിച്ചിട്ടുണ്ട്. പ്രതിമാസം 25000 രൂപ ശമ്പളമായി ലഭിക്കും.
- SPIRAL OVERSEAS SERVICESF കമ്പനി നടത്തിയ ക്യാമ്പസ് റിക്രൂട്ട് മെന്റിൽ പങ്കെടുത്ത 8 അവസാനവർഷ CIVIL ENGINEERING വിദ്യാർത്ഥികൾക്ക് ജോലി ലഭിച്ചു. ഈ വിദ്യാർത്ഥികൾ ജൂൺ ആദ്യവാരത്തിൽ കമ്പനിയുടെ തൃശൂർ ഓഫീസിൽ ജോലിയിൽ പ്രവേശിക്കണമെന്ന് കമ്പനി അറിയിച്ചിട്ടുണ്ട്.
- AXCESS 10 എന്ന കമ്പനി അവരുടെ ബാംഗ്ലൂർ ഓഫീസിൽ നിലവിലുള്ള CLOUD ENGINEER, CLOUD DEVELOPER തസ്തികളിലേക്കായി നടത്തിയ റിക്രൂട്ട്മെന്റിൽ വിമൽജ്യോതിയിൽ നിന്നും 100 ലധികം വിദ്യാർത്ഥികൾ പങ്കെടുത്തു. 25 വിദ്യാർത്ഥികളെ FINAL INTERVIEW-നായി തിരഞ്ഞെടുത്തിട്ടുണ്ട്. ജൂൺ പകുതിയോടെ SELECTION LIST ലഭ്യമാകുമെന്ന് കരുതുന്നു.
- TCS നടത്തിയ NQT EXAMലൂടെ 30 ലധികം വിദ്യാർത്ഥികളെ FINAL INTERVIEW-നായി തിരഞ്ഞെടുത്തിട്ടുണ്ട്. 8 വിദ്യാർത്ഥികളുടെ ഇന്റർവ്യൂ പൂർത്തിയായി. 5 വിദ്യാർത്ഥികൾക്ക് ഇതുവരെ JOB OFFER ലഭിച്ചിട്ടുണ്ട്. മാറ്റ് വിദ്യാർത്ഥികളുടെ INTERVIEW ജൂൺ അവസാനത്തോടെ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.
- TOKYO ആസ്ഥാനമായി പ്രവർത്തിക്കുന്ന ജാപ്പനീസ് മൾട്ടി നാഷണൽ കമ്പനിയായ KYB Corporation മെയ് മാസം അവസാനത്തോടെ Campus Recruitment നായി വരുവാൻ താല്പര്യം അറിയിച്ചിട്ടുണ്ട്. Computer Science and Allied Branches - Â- നിന്നുമുള്ള അവസാനവർഷ വിദ്യാർത്ഥികൾക്ക് പങ്കെടുക്കാമെന്ന് അറിയിച്ചിട്ടുണ്ട്.

  Placement Cellന്റെ ആഭിമുഖ്യത്തിൽ ജൂൺ 11 നു വിമൽ ജ്യോതിയിൽ വെച്ച് FACULTY MEMBERSനായി ഒരു H.R INTERACTION പ്രോഗ്രാം സംഘടിപ്പിക്കുന്നു. കമ്പനികൾക്കാവശ്യമായ രീതിയിൽ കുട്ടികളെ TRAIN ചെയ്യുന്നതിനായി, അവബോധം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ പ്രോഗ്രാം സംഘടിപ്പിക്കുന്നത്.

**ഫാ. ജെയിംസ് ചെല്ലങ്കോട്ട്**
*മാനേജർ*

# നിർമലഗിരി കോളേജ്
## കൂത്തുപറമ്പ്

**കണ്ണൂർ യൂണിവേഴ്സിറ്റി പരീക്ഷകളിൽ നിർമലഗിരി കോളേജിന് തിളക്കമാർന്ന വിജയം**

കണ്ണൂർ യൂണിവേഴ്സിറ്റി ഡിഗ്രി പരീക്ഷാ ഫലം പുറത്തു വന്നപ്പോൾ ഉജ്ജ്വല വിജയവുമായി നിർമലഗിരി കോളേജ് (ഓട്ടോണമസ്). മുൻ വർഷങ്ങളെപ്പോലെ കോളേജിന്റെ മൊത്തത്തിലുള്ള വിജയശതമാനത്തിലും റാങ്ക് ജേതാക്കളുടെ എണ്ണത്തിലും ഇത്തവണയും നിർമ്മലഗിരി കോളേജ് മുൻപന്തിയിൽ. കോളേജിലെ പതിനൊന്നു ഡിപ്പാർട്ട്മെന്റുകളും യൂണിവേഴ്സിറ്റി തലത്തിൽ വിജയശതമാനത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ സ്വന്തമാക്കിയാണ് ഈ ഉജ്ജ്വല നേട്ടം കൈവരിച്ചത്.

ഹോം സയൻസ് വിഭാഗത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങളും, കോമേഴ്സ് വിഭാഗത്തിൽ ഒന്നും രണ്ടും നാലും സ്ഥാനങ്ങളും സുവോളജി വിഭാഗത്തിൽ ഒന്നും രണ്ടും സ്ഥാനങ്ങളും, ബോട്ടണി രണ്ടാം സ്ഥാനവും ഹിസ്റ്ററി & കെമിസ്ട്രി വിഭാഗത്തിൽ ഒന്നാം സ്ഥാനവും ഇംഗ്ലീഷിന് മൂന്നാം സ്ഥാനവും നേടി കോളേജ് അഭിമാനകരമായ നേട്ടം കൈവരിച്ചു.

**റെക്കോർഡ് വേഗതയിൽ ഓട്ടോണമസ് പരീക്ഷാഫലം**

ഓട്ടോണമസ് പദവി ലഭിച്ചതിനുശേഷമുള്ള പരീക്ഷാ നടത്തിപ്പിലും ഫലപ്രഖ്യാപനത്തിലും റെക്കോർഡ് വേഗതയാണ് കോളേജ് കാഴ്ച വെക്കുന്നത്. രണ്ടാം സെമസ്റ്റർ യു.ജി. പരീക്ഷകളുടെ മൂല്യനിർണ്ണയവും ഫലപ്രഖ്യാപനവും പരീക്ഷയ്ക്കുശേഷം 9 ദിവസങ്ങൾക്കുള്ളിൽ പൂർത്തിയാക്കാൻ കോളേജിന് സാധിച്ചു. പി.ജി. രണ്ടാം സെമസ്റ്റർ ഫലപ്രഖ്യാപനമാകട്ടെ, പരീക്ഷ കഴിഞ്ഞ് 2 ദിവസത്തിനുള്ളിലാണ് പ്രഖ്യാപിച്ചത്. പരീക്ഷാ നടത്തിപ്പിലെ ഈ കൃത്യതയും വേഗതയും വിദ്യാർത്ഥികൾക്ക് വലിയ അനുഗ്രഹമായി മാറിയിരിക്കുകയാണ്.

**പുതിയ അധ്യയന വർഷത്തെ അഡ്മിഷൻ ആരംഭിച്ചു**

നിർമലഗിരി ഓട്ടോണമസ് കോളേജിൽ 2026-27 അധ്യയന വർഷത്തേക്കുള്ള പ്രവേശന നടപടികൾ ആരംഭിച്ചു. പി.ജി. വിഭാഗത്തിൽ 4 എയ്ഡഡ് കോഴ്സുകളിലേക്കും 2 സെൽഫ് ഫിനാൻസിങ് കോഴ്സുകളിലേക്കും പ്രവേശനം നേടാം. പിജി കോഴ്സുകളായ MSc ക്ലിനിക്കൽ സൈക്കോളജി, മാസ്റ്റർ ഓഫ് സോഷ്യൽ വർക്ക് (MSW) യുജി കോഴ്സുകളായ BSc ഹോട്ടൽ മാനേജ്മെന്റ് BCom ഫിനാൻസ് ആൻഡ് ടാക്സേഷൻ BSc കമ്പ്യൂട്ടർ സയൻസ്, BSc ഡാറ്റ അനലറ്റിക്സ്, BSc സൈക്കോളജി, BA ഇംഗ്ലീഷ് വിത്ത് ജേർണലിസം, ബാച്ചിലർ ഓഫ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് (BCA) ബാച്ചിലർ ഓഫ് ബിസിനസ് അഡ്മിനിസ്ട്രേഷൻ (BBA) എന്നീ കോഴ്സുകൾ

മികച്ച വിജയശതമാനവും സമയബന്ധിതമായ പരീക്ഷാ നടത്തിപ്പും ഉറപ്പുനൽകുന്ന നിർമലഗിരി കോളേജിലേക്ക് പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് ഇപ്പോൾ അപേക്ഷിക്കാം.

**ഇൻഡക്ഷൻ മീറ്റിംഗ് സംഘടിപ്പിച്ചു**

നിർമലഗിരി കോളേജ് ഇഗ്നോസ്റ്റഡി സെന്ററിൽ 2026 ജനുവരി ബാച്ചിൽ വിവിധ കോഴ്സുകൾക്ക് ചേർന്ന വിദ്യാർഥികൾക്കായി ഇൻഡക്ഷൻ പ്രോഗ്രാം നടത്തി. ഇഗ്നോയുടെ വടകര റീജിയണൽ സെന്ററിലെ ഡയറക്ടർ ഡോ. സഫ്ദരെ അസം മുഖ്യാതിഥിയായി പങ്കെടുത്തു. കോഡിനേറ്റർ ഡോ. ജയ്സൺ ജോസഫ്, അസിസ്റ്റന്റ് കോഡിനേറ്റർ ഡോ. ടെസ്സി ജോർജ്, എം.എസ്. ഡബ്ല്യു. കൗൺസിലർ ഡോ. ജയനേഷ്, ശ്രീമതി സ്നിഗ, എന്നിവർ സംസാരിച്ചു.

**പി ആർ ഒ**
നിർമലഗിരി കോളേജ്

# എയ്ഞ്ചൽ ട്രസ്റ്റ്

**എല്ലാവരുടെയും ശ്രദ്ധക്ക്**

എയ്ഞ്ചൽ ഡയാലിസിസിന്റെ പ്രവർത്തനങ്ങൾ ഫൊറോനാ തലങ്ങളിൽ ഭംഗിയായി നടത്തുന്നതിന് സഹകരിക്കുന്ന എല്ലാവരെയും ഹൃദയപൂർവ്വം അഭിനന്ദിക്കുന്നു. സാമ്പത്തികപ്രയാസങ്ങൾക്കുനടുവിലും എയ്ഞ്ചൽ ഡയാലിസിസ് പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകുവാൻ തുടർന്നും നിങ്ങളുടെ സഹകരണം അഭ്യർത്ഥിക്കുന്നു. വിവിധ ഫൊറോനകളിൽ നിന്നും ലഭിച്ചിട്ടുള്ള കണക്കുകൾ ഓഡിറ്റിംഗിനായി സമർപ്പിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ നിങ്ങൾ ശ്രദ്ധിക്കുമല്ലോ.

1. കഴിഞ്ഞ വർഷത്തെ ഓഡിറ്റിങ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കണക്കുകൾ പൂർത്തീകരിക്കാത്തതിൽ അതൃപ്തി അറിയിച്ചിട്ടുണ്ട്.
2. ബില്ലും വൗച്ചറും കൃത്യമായി സൂക്ഷിക്കുന്നതിൽ വരുന്ന വീഴ്ചകൾ പരിഹരിക്കണം.
3. ഇടവകയുടെ പേരിൽ കൊടുത്തിരിക്കുന്ന എല്ലാ തുകകളും പള്ളിയുടെ കണക്കിലും ചേർത്തിരിക്കണം.
4. ലഭിച്ച എല്ലാ തുകകൾക്കും റെസിപ്റ്റ് ലഭ്യമാക്കണം.
5. എല്ലാ കണക്കുകളും സോഫ്റ്റ് വെയറിൽ തന്നെ രേഖപ്പെടുത്തണം.
6. 2026 ഏപ്രിൽ ഒന്നു മുതൽ പുതിയ റെസിപ്റ്റ് ഉപയോഗിക്കണം.
7. വർഷത്തിൽ 4 തവണ കൂടേണ്ട ഫൊറോനാ മാനേജിംഗ് കമ്മിറ്റിയുടെ പ്രഥമ സമ്മേളനം ഇതിനോടകം കഴിഞ്ഞുകാണുമല്ലോ. രണ്ടാമത്തെ യോഗം ഈ ജൂൺ മാസം സൗകര്യപ്രദമായ സമയത്ത് അതാതു ഫൊറോനകളിൽ സമ്മേളിച്ചു തീരുമാനങ്ങൾ മിനിറ്റ്സ് ബുക്കിൽ രേഖപ്പെടുത്തണം.

5\. മിനിറ്റ്സ് ബുക്കും ഓഡിറ്റിംഗ് സമയത്ത് സമർപ്പിക്കേണ്ടതാണ്.

**മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി**
*വികാരി ജനറാൾ*

# കരിസ്മാറ്റിക് മൂവ്മെന്റ്

**തിരുസന്നിധേ**

കരിസ്മാറ്റിക് ജൂബിലി ആഘോഷങ്ങൾക്ക് ഒരുക്കമായി നടന്ന തിരുസന്നിധേ ശുശ്രൂഷ അതിരൂപതയിലെ 3 സോണുകളിലും സമാപിച്ചു. കാസർഗോഡ് സോണിൽ പാണത്തൂർ സെന്റ് മേരീസ് ദൈവാലയത്തിൽ വച്ച് 24-4-2026 ന് ശുശ്രൂഷ നടന്നു. തലശ്ശേരി സോണിൽ സഹസ്രദിന പ്രാർത്ഥനയുടെ സമാപനം ഉളിക്കൽ ഉണ്ണിമിശിഹാ ദൈവാലയത്തിൽ വച്ച് 22-4-2026 ന് നടന്നു. കണ്ണൂർ സോണിൽ 23-4-2026 ന് നെല്ലിപ്പാറ തിരുക്കുടുംബ ദൈവാലയത്തിൽ വച്ച് തിരുസന്നിധേ സമാപന ശുശ്രൂഷ നടന്നു.

**കെറിഗ്മ കോഴ്സ്**

27-4-2026 ന് കെറിഗ്മ മിനിസ്ടിയുടെ നേതൃത്വത്തിൽ ഏകദിന പ്രോഗ്രാം മണ്ഡപം സെന്റ് ജോസഫ് ദൈവാലയത്തിൽ വച്ച് രാവിലെ 9.30 മുതൽ 3.30 വരെ നടന്നു.

**ജൂബിലി സംഗമം**

2026 മെയ്1,2,3 തീയതികളിലായി മുരിങ്ങൂർ ഡിവൈൻ ധ്യാനകേന്ദ്ര ത്തിൽ വച്ച് നടന്ന ജൂബിലി സംഗമത്തിൽ കാസർഗോഡ് സോണൽ കോർഡിനേറ്റർ ശ്രീ. ബിനോയ് പുതിയ മംഗലത്തിന്റെ നേതൃത്വത്തിൽ 130 പേർ പങ്കെടുത്തു. കണ്ണൂർ സോണിൽ നെല്ലിപ്പാറ തിരുകുടുംബ ദൈവാലയ ത്തിൽ വച്ച് ബഹു. സെബാസ്റ്റ്യൻ മുട്ടത്തുപാറയിൽ അച്ചന്റെ സാന്നിധ്യത്തിൽ 23-04-2026 വ്യാഴാഴ്ച രാവിലെ 09.30 ന് 'ജൂബിലേവൂസ്' തീരുസന്നിധേ 2026 പ്രാർത്ഥനാ കൂട്ടായ്മ നടത്തപ്പെട്ടു. തുടർന്ന് ജൂബിലി ദീപം കണ്ണൂർ സോണിന് കൈമാറി. കണ്ണൂർ സോണിൽ നിന്നും മുരിങ്ങൂർ ഡിവൈൻ ധ്യാനകേന്ദ്രത്തിൽ വച്ച് മെയ് 1, 2, 3 തീയതികളിൽ (വെള്ളി, ശനി, ഞായർ) നടത്തപ്പെട്ട കരിസ്മാറ്റിക് ജൂബിലിക്ക് റവ. ഫാ. സെബാസ്റ്റ്യൻ മുട്ടത്തുപാറയിൽ, ആന്റണി പാലാട്ടി (കണ്ണൂർ സോൺ കോ-ഓർഡിനേറ്റർ) എന്നിവരുടെ നേതൃത്വത്തിൽ 100 ൽ അധികം ആളുകൾ പങ്കെടുത്തു.

തലശ്ശേരി സോണിൽ നിന്ന് ജൂബിലി സംഗമത്തിൽ 200 പേർ കോർഡിനേറ്റർ ഷാജി ചെട്ട്യാശ്ശേരിയുടെ നേതൃത്വത്തിൽ പങ്കെടുത്തു. നമ്മുടെ അതിരൂപതയിൽ നിന്ന് 2 അച്ചന്മാരും 20 ഓളം സിസ്റ്റേഴ്സും, 400 ൽ പരം അൽമായരും ജൂബിലി സംഗമത്തിൽ പങ്കെടുത്തു.

**സേവന സമിതി**

കണ്ണൂർ സോണിന്റെ സർവ്വീസ് സമിതി 12-05-2026 ചൊവ്വാഴ്ച്ച 02.00 pm ന് നെല്ലിപ്പാറ തിരുകുടുംബ ദൈവാലയത്തിൽ വച്ച് ബഹു. സെബാസ്റ്റ്യൻ

മുട്ടത്തുപാറയിൽ അച്ചന്റെ നേതൃത്വത്തിൽ സോണൽ സർവ്വീസ് സമിതി അംഗങ്ങൾ, KAC മെമ്പേഴ്സ്, സബ് സോൺ കോ-ഓർഡിനേറ്റർമാർ, സെക്രട്ടറിമാർ, മിനിസ്ട്രി കോ-ഓർഡിനേറ്റർമാർ എന്നിവരുടെ സാന്നിദ്ധ്യ ത്തിൽ ചേർന്നു. മീറ്റിംഗിൽ ശ്രീമതി മിനി സെബാസ്റ്റ്യൻ (കണ്ണൂർ സോൺ ട്രഷറർ) സ്വാഗതം പറയുകയും, ജോജോ മഞ്ഞളാംകുന്നേൽ (സോൺ സെക്രട്ടറി) എല്ലാവർക്കും ആശംസകൾ അർപ്പിച്ച് സംസാരിക്കുകയും, ആന്റണി പാലാട്ടി (കണ്ണൂർ സോൺ കോ-ഓർഡിനേറ്റർ) രണ്ട് വർഷക്കാലം ഏകമനസ്സോടെ സഹകരിച്ച് പ്രവർത്തിച്ച എല്ലാവർക്കും നന്ദി പറയുകയും ചെയ്തു. ബഹു. സെബാസ്റ്റ്യൻ മുട്ടത്തുപാറയിൽ അച്ചൻ തിരുവചന സന്ദേശം നല്കി.

**പന്തക്കുസ്താ ജാഗരണ പ്രാർത്ഥന**

കണ്ണൂർ സോണിൽ പെന്തക്കുസ്ത തിരുനാളിന് ഒരുക്കമായി നെല്ലിപ്പാറ തിരുക്കുടുംബ ദൈവാലയത്തിൽ വച്ച് ബഹു. സെബാസ്റ്റ്യൻ മുട്ടത്തു പാറയിൽ അച്ചന്റെ നേതൃത്വത്തിൽ 23-05-2026 ശനിയാഴ്ച ജാഗരണ പ്രാർത്ഥന നടന്നു. അന്നേ ദിവസം വൈകിട്ട് 06.00 മണിക്ക് പരിശുദ്ധ കുർബ്ബാനയോടെ ആരംഭിച്ച് 24-05-2026 ഞായറാഴ്ച രാവിലെ 05.00 ന് പരിശുദ്ധ കുർബ്ബാനയോടെയാണ് ജാഗരണ പ്രാർത്ഥന അവസാനിച്ചത്.

**ഫാ. സേവ്യർ പുത്തൻപുരയയ്ക്കൽ**
ഡയറക്ടർ, കരിസ്മാറ്റിക് മൂവ്മെന്റ്

# ACCOMPANYING DIFFERENTLY – ABLED AND AWAKENING MISSION (ADAM)

**ബധിര ബൈബിൾ കൂട്ടായ്മ - ആലക്കോട്**

മാസാധ്യ ഞായറാഴ്ചയായ 3-ാം തീയതി ആലക്കോട് സെന്റ് മേരീസ് ഇംഗ്ലീഷ് മീഡിയം സ്കൂളിൽ വച്ച് ബധിര വിശ്വാസസമൂഹത്തിനായി ബൈബിൾ ക്ലാസ് നടത്തുകയും, തുടർന്ന് സെന്റ്മേരിസ് കോൺവെന്റ് ചാപ്പലിൽ വിശുദ്ധ കുർബാന അർപ്പിക്കുകയും ചെയ്തു.

**ബാംഗ്ലൂർ എഫ്ഫാത്ത**

10-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മണി മുതൽ ബാംഗ്ലൂർ വിശ്വാസസമൂഹത്തിന് ക്ലാസുകളും, ബലിയർപ്പണവും നടത്തി. കൂട്ടായ്മയിലേക്ക് പുതുതായി കടന്നുവന്ന അലക്സ്, ജോളി എന്നിവർക്ക് കൂട്ടായ്മയിൽ അംഗത്വം നൽകി.

**ബേത്സയ്ദാ മീറ്റ് - തോമാപുരം ഫൊറോന**

തലശ്ശേരി അതിരൂപത ഭിന്നശേഷി വിഭാഗം ആദം മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന വിശ്വാസ കൂട്ടായ്മയായ ബേത്സയ്ദാ മീറ്റിന്റെ തോമാപുരം ഫൊറോന സമ്മേളനം 13-ാം തീയതി ഉച്ചകഴിഞ്ഞ് 2 മണിക്ക് മണ്ഡപം സെന്റ് തോമസ് ദൈവാലയത്തിൽ വിശുദ്ധ ബലിയോടെ ആരംഭിച്ചു. തോമാപുരം ഫൊറോനയിലെ എല്ലാ ഇടവകകളിൽ നിന്നുമായി 75 ഓളം ഭിന്നശേഷിക്കാർ, അവരുടെ മാതാപിതാക്കൾ, സഹോദരങ്ങൾ എന്നിവരും അടക്കം 150 ഓളം പേർ സമ്മേളനത്തിൽ പങ്കുചേർന്നു. ആംഗ്യഭാഷയിൽ അർപ്പിക്കപ്പെട്ട വിശുദ്ധ ബലിയോട് ഉച്ചകഴിഞ്ഞ് 2 മണിക്ക് ആരംഭിച്ച കൂട്ടായ്മ തുടർന്ന് അഭിവന്ദ്യ പിതാവ് ഉദ്ഘാടനം ചെയ്യുകയും തലശ്ശേരി അതിരൂപതയ്ക്ക് ഭിന്നശേഷിക്കാരോടുള്ള വാത്സല്യവും, പരിഗണനയും അവർക്ക് നൽകുന്ന പ്രാധാന്യത്തെക്കുറിച്ചും അഭിവന്ദ്യ പിതാവ് ഉദ്ഘാടനപ്രസംഗത്തിൽ സംസാരിച്ചു. തുടർന്ന് എല്ലാ ഭിന്നശേഷിക്കാരുടെയും അരികിൽ എത്തി അവരെ സ്നേഹസമ്മാനങ്ങൾ നൽകുകയും അവരുടെ ഒപ്പം ഫോട്ടോ എടുക്കുകയും ചെയ്തു. പെരിയ ബഹു. ഫൊറോന വികാരി ഫാ. മാണി മേൽവട്ടം മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു സംസാരിച്ചു. മണ്ഡപം പള്ളി വികാരി ബഹു. സെബാസ്റ്റ്യൻ ചെരിപുറത്തച്ചൻ ഏവരെയും ഹൃദയപൂർവ്വം സ്വാഗതം ചെയ്തു. മണ്ഡപം ഇടവക KCYM പ്രവർത്തകർ മനോഹരമായ നൃത്തം കാഴ്ചവച്ച് ഏവർക്കും സന്തോഷം നൽകി. ബഹു. എബിൻ

മടപ്പാട്ടുതൊട്ടിയിലച്ചൻ അവതരിപ്പിച്ച മിമിക്രി കൂട്ടായ്മ അംഗങ്ങൾക്ക് ഏറെ ആനന്ദം നൽകി. കൂട്ടായ്മ അംഗങ്ങൾ കഥകൾ, പാട്ടുകൾ എന്നിവയിലൂടെ സദസിനെ ആനന്ദിപ്പിച്ചു. മണ്ടപം ഇടവക ഒരുക്കിയ സ്നേഹവിരുന്ന് കൂട്ടായമയിലെ മക്കളോടുള്ള കരുതലിന്റെ, സ്നേഹത്തിന്റെ തിളക്കം കൂട്ടി.

തോമാപുരം ഫൊറോനയിൽ 84 പേരെയാണ് ഭിന്നശേഷി സർട്ടിഫിക്കറ്റ് ഉള്ളവരായി കണ്ടെത്തിയത്. ഭവനസന്ദർശനത്തിനായി സഹായിച്ച വികാരി യച്ചന്മാർ, ഇടവകാ പ്രതിനിധികൾ, യുവജനങ്ങൾ, സമ്മേളനത്തിന് അവരെ എത്തിക്കുവാൻ സഹായം നൽകിയവർ ഏവർക്കും ആദം മിനിസ്ട്രിയുടെ നന്ദി. സ്നേഹവിരുന്നൊരുക്കുവാൻ വ്യക്തിപരമായി സംഭാവനകൾ നൽകിയ തോമാപുരം വൈദിക കൂട്ടായ്മയ്ക്ക് പ്രത്യേകം അഭിനന്ദനങ്ങൾ. അംഗങ്ങൾക്കായി ആദം മിനിസ്ട്രി അംഗത്വപ്രഫയിം തയ്യാറാക്കിയ ബഹു. ജോജി ചക്കനാനിയിൽ അച്ചന് പ്രത്യേകം നന്ദി. അംഗങ്ങളെ കുമ്പസാരി പ്പിച്ച് അവർക്ക് വേണ്ട സഹായങ്ങൾ ചെയ്യുവാൻ നേതൃത്വം നൽകിയ വൈദികർ, ശുശ്രൂഷ നൽകിയ സിസ്റ്റേഴ്സ്, സംഘടനാ പ്രവർത്തകർ, വളരെ പ്രത്യേകമായി മണ്ഡപം ഇടവക പാരീഷ് കൗൺസിൽ അംഗങ്ങൾക്കും പ്രത്യേകം നന്ദി.

**ശാലോം ടെലിവിഷൻ**

ആംഗ്യഭാഷയിലുള്ള ഞായറാഴ്ച വിശുദ്ധ ബലി അർപ്പണത്തിനായി 14,15 തീയതികളിൽ ശാലേം സെന്ററിൽ ബലിയർപ്പണം നടത്തി. സഹായ കരായി എത്തിയ ബഹു. സി. പ്രീജ, ശ്രീമതി ബിൻസി എന്നിവർക്ക് നന്ദി.

**ഡിവൈൻ വാർഷിക ധ്യാനം 2026**

2026 വർഷത്തിലെ വിശ്വാസസമൂഹത്തിനായി കാത്തലിക് ഡഫ് അസോസിയേഷൻ ഓഫ് ഇന്ത്യയുടെ ആഭിമുഖ്യത്തിൽ വാർഷിക ധ്യാനം 22, 23, 24 തീയതികളിലായി ഡിവൈൻ ധ്യാനസെന്ററിൽ നടത്തപ്പെട്ടു. ആംഗ്യഭാഷ ശുശ്രൂഷ കൈകാര്യം ചെയ്യുന്ന വിവിധ സ്ഥലങ്ങളിലുള്ള ഫാ. ബിജു, ഫാ. ജോസഫ്, ഫാ. ജോളി, ഫാ. പ്രിയേഷ്, സി. അഭയ, സി. സ്മിത, സി. പ്രീജ തുടങ്ങിയവർ ധ്യാനത്തിന് നേതൃത്വം നൽകി. ബോംബെ, ഗോവ, ആന്ധ്രാപ്രദേശ് തുടങ്ങി ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള 105 ആളുകൾ പങ്കുചേർന്നു. 22, 23, 24 തീയതികളിലായി നടത്തപ്പെട്ട ധ്യാനം അംഗങ്ങൾക്ക് ജീവിത നവീകരണത്തിന് സഹായകമായി എന്ന് അംഗങ്ങൾ സാക്ഷ്യം നൽകി. തലശ്ശേരി അതിരൂപത കൂട്ടായ്മയിൽ നിന്നും 15 അംഗങ്ങൾ ധ്യാനത്തിൽ പങ്കുചേർന്നു.

**വയനാട് എഫ്ഫാത്ത**

വയനാട് ബധിര വിശ്വാസസമൂഹത്തിനായി 31-ാം തീയതി ഞായറാഴ്ച ബത്തേരി അസംഷൻ ദൈവാലയത്തിൽ ബൈബിൾ ക്ലാസും, വിശുദ്ധ ബലിയും അർപ്പിച്ചു.

**ഫാ. ജോർജ് കളരിമുറിയിൽ**
ഡയറക്ടർ

# കെ.സി.ബി.സി. മദ്യ – ലഹരിവിരുദ്ധസമിതി

## മുക്തിശ്രീ, പ്രതീക്ഷ മദ്യപാനരോഗ ചികിത്സാകേന്ദ്രം

സംസ്ഥാനത്ത് പുതിയ സർക്കാർ നിലവിൽ വന്നു. പുതിയ സ്കൂൾ വർഷത്തിലേക്ക് നമ്മൾ പ്രവേശിക്കുന്നു. ലഹരിക്കെതിരായ പോരാട്ടത്തിൽ സമൂഹത്തിന് വെളിച്ചവും ദിശാബോധവും നൽകുന്ന നയങ്ങളും നിർദ്ദേശങ്ങളും കൈകൊള്ളുവാൻ പുതിയ സർക്കാരിന് സാധിക്കട്ടെ. ലഹരിയുടെ കരാളഹസ്തങ്ങളിൽ നിന്ന് പുതിയ തലമുറയെ സംരക്ഷിക്കാനും സ്കൂൾ തലങ്ങളിൽ ബോധവത്ക്കരണ പരിപാടികളും ജാഗ്രതാനിർദ്ദേശങ്ങളുമായി സമഗ്രമായ കർമപരിപാടികൾ ആവിഷ്കരിച്ച് മുന്നേറുവാൻ ഏവർക്കും സാധിക്കട്ടെ. സമൂഹത്തിന്റെ മുഴുവൻ ജാഗ്രതയും കൂട്ടായ പരിശ്രമങ്ങളും ലഹരിമുക്ത സമൂഹത്തിനായി ആവശ്യമാണ്. അതിന് നേതൃത്വം നൽകുവാൻ എല്ലാ മദ്യ-ലഹരി വിരുദ്ധ പ്രവർത്തകരെയും മുക്തിശ്രീ അംഗങ്ങളെയും സ്നേഹത്തോട ഓർമ്മിപ്പിക്കുന്നു.

**പുതിയ സർക്കാരിന് ഭാവുകങ്ങൾ**

മദ്യ-ലഹരി വിരുദ്ധ സമിതി വലിയ പ്രതീക്ഷയോടെയും ആവേശത്തോടെയുമാണ് പുതിയ സംസ്ഥാന സർക്കാരിനെ നോക്കി കാണുന്നത്. കഴിഞ്ഞ പത്തു വർഷങ്ങളായി അധികാരത്തിലുണ്ടായിരുന്ന സർക്കാർ വികലവും വഞ്ചനാത്മകവുമായ മദ്യനയമാണ് നടപ്പിലാക്കിയത്. ഘട്ടംഘട്ടമായി മദ്യലഭ്യത കുറയ്ക്കുമെന്ന വാഗ്ദാനത്തോടെ അധികാരത്തിലേറിയെങ്കിലും ഒരു മദ്യപ്രളയം തന്നെ സംസ്ഥാനത്ത് ഉളവാക്കിയശേഷമാണ് അധികാരത്തിൽനിന്ന് പിൻവാങ്ങിയത്. ആഗ്രഹിക്കുന്നവർക്കെല്ലാം എവിടെയും എപ്പോഴും സുലഭമായി മദ്യം ലഭിക്കുന്ന സാഹചാര്യമാണ് നിലവിൽ.

പുതിയ സർക്കാരിനെ നയിക്കുന്ന മുഖ്യമന്ത്രിയായ വി.ഡി. സതീശൻ സാർ പ്രതിപക്ഷനേതാവായിരുന്നപ്പോൾ മദ്യ-ലഹരി വിരുദ്ധ സമിതി സമ്മേളനങ്ങളിൽ സ്ഥിരം സാന്നിധ്യമായിരുന്നു. ലഹരിക്കെതിരായ കാഴ്ചപ്പാടുകളും നിലപാടുകളും അദ്ദേഹം പലപ്പോഴും വെളിപ്പെടുത്തിയിട്ടുണ്ട്. അത് മദ്യ-ലഹരി വിരുദ്ധ പ്രവർത്തകർക്ക് പ്രതീക്ഷയും ആവേശവും നൽകുന്നതാണ്. പൊതുസമൂഹത്തിന്റെ പ്രതീക്ഷക്കൊത്തുയരുവാൻ പുതിയ സർക്കാരിന് സാധിക്കട്ടെ.

മദ്യ-ലഹരി വിരുദ്ധസമിതിയും മുക്തിശ്രീയും ചേർന്ന് പുതിയ സർക്കാരിന് സമർപ്പിച്ച ചില പൊതുനിർദ്ദേശങ്ങൾ താഴെ പറയുന്നവയാണ്.

1. പുതിയ സർക്കാരിന്റെ മദ്യനയം ഉടൻ വ്യക്തമാക്കുക.
2. മദ്യ ലഭ്യത കുറയ്ക്കുന്നതും മദ്യവർജ്ജനത്തെ പ്രോത്സാഹിപ്പിക്കുന്നതുമായ വ്യക്തമായ കാഴ്ചപ്പാട് രൂപീകരിക്കുക.
3. ലഹരിക്കേസുകളിൽ പെടുന്നവരെ സംരക്ഷിക്കാത്ത ശക്തമായ നിലപാടുകൾ സ്വീകരിക്കുകയും ഉറവിടങ്ങളെയും വൻ സ്രാവുകളെയും നിയമത്തിന്റെ ദൃഷ്ടിയിലേക്ക് നയിക്കുന്നതുമായ ശക്തമായ നടപടികൾ കൈക്കൊള്ളുക.
4. പുതിയ മദ്യഷാപ്പുകൾ അനുവദിക്കാതിരിക്കുകയും മുമ്പ് അനുവദിച്ചിട്ടുള്ളവയിൽ ഘട്ടംഘട്ടമായി എണ്ണം കുറയ്ക്കുകയും ചെയ്യുക.
5. സ്കൂൾ - കോളേജ് കാമ്പസുകളെയും പരിസരങ്ങളെയും ലഹരിമുക്തമാക്കുവാൻ ഉതകുന്ന കർമപരിപാടികളും ആവിഷ്കരിക്കുക.
6. ഡി-അഡിക്ഷൻ സെന്ററുകൾക്കുള്ള സർക്കാർ കരുതലും സഹായവും വർദ്ധിപ്പിക്കുക.

**പുതിയ ഫൊറോനാ ഡയറക്ടർമാർ**

അതിരൂപതയിലെ 19 ഫൊറോനകളിലും മദ്യ-ലഹരി വിരുദ്ധ സമിതിക്കും മുക്തിശ്രീക്കും പുതിയ ഡയറക്ടർമാരെ മാസധ്യാനങ്ങളിൽ കണ്ടെത്തി ഉടൻതന്നെ അറിയിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. നിലവിൽ ഫൊറോനകളിൽ ശുശ്രൂഷ ചെയ്യുന്ന മദ്യ-ലഹരി വിരുദ്ധ പ്രവർത്തനങ്ങളിൽ തല്പരനായ ഒരു വൈദികനെയാണ് കണ്ടെത്തി അറിയിക്കേണ്ടത്. പ്രസ്തുത തീരുമാനം ജൂൺ മാസത്തിൽ തന്നെ അറിയിക്കുക. ജൂലൈ 31 ന് മുമ്പായി എല്ലാ ഇടവകകളിലും യൂണിറ്റുകൾ നിലവിൽവന്ന് പുതിയ ഫൊറോനാസമിതികൾ രൂപീകൃതമാക്കേണ്ടതാണ്. ഓഗസ്റ്റ് 31 ന് മുമ്പ് പുതിയ അതിരൂപതാസമിതി നിലവിൽ വരുവാൻ തക്കവിധത്തിലാണ് കാര്യങ്ങൾ ക്രമീകരിക്കുന്നത്.

**എ. എ കൂട്ടായ്മകൾ:** പ്രതീക്ഷയിൽ മെയ് 10ന് എ.എ. കൂട്ടായ്മ നടന്നു. പ്രശസ്ത മോട്ടിവേഷണൽ സ്പീക്കർ ജോബി മൂലയിൽ സാർ നേതൃത്വം നല്കി. ജൂൺ മാസത്തിലെ കൂട്ടായ്മ ജൂൺ 7 ഞായറാഴ്ച നടക്കും. പ്രശസ്ത മനശാസ്ത്ര വിദഗ്ധൻ ബഹു. ഫാ. സെബാൻ ചെരിപുറത്ത് ക്ലാസ്സുകൾക്ക് നേതൃത്വം നല്കും. പ്രതീക്ഷയിൽ ചികിത്സ തേടി കടന്നുപോയ എല്ലാവരും കുടുംബസമേതം കൂട്ടായ്മയിൽ പങ്കാളികളാകണമെന്ന് ഓർമ്മിപ്പിക്കുന്നു.

**ടോമി വെട്ടിക്കാട്ട്**
*പ്രസിഡണ്ട്*

**ഫാ. കുര്യാക്കോസ് കോലക്കുന്നേൽ**
*ഡയറക്ടർ*

**ഷിനോ പാറക്കൽ**
*മുക്തിശ്രീ പ്രസിഡന്റ്*

# സോഷ്യൽ സർവ്വീസ് അപ്പൊസ്റ്റൊലേറ്റ്

**ടി. എസ്. എസ്. എസ്.**

**ഗ്രാമീയ നോട്ടുബുക്കുകളും, വഴികാട്ടിയും**

തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ഏറെ ശ്രദ്ധേയവും വർഷങ്ങളായി ജനപ്രിയവുമായ ഗ്രാമീയ നോട്ടു ബുക്കുകളും വഴികാട്ടിയും ഈ വർഷവും വിപണിയിലെത്തിച്ചു. മികച്ച നിലവാരത്തിലും ഡിസൈനിലുമുള്ള ഗ്രാമീയ നോട്ടുബുക്കുകൾ ഓർഡർ അനുസരിച്ച് ടിഎസ്എസ്എസിന്റെ റീജിയണൽ ഓഫീസുകൾ വഴി വിതരണം നടത്തുന്നതാണ്.

മതബോധന ആവശ്യങ്ങൾക്കായി "വഴികാട്ടി" എന്ന പേരിൽ തയ്യാറാക്കിയിരിക്കുന്ന ഈ പ്രത്യേക നോട്ടുബുക്ക്, പഠനത്തിനും ആത്മീയ വളർച്ചയ്ക്കും സഹായകമായ നിരവധി വിവരങ്ങൾ ഉൾക്കൊള്ളുന്നു. കഴിഞ്ഞ വർഷം ലഭിച്ച മികച്ച പ്രതികരണത്തെ അടിസ്ഥാനമാക്കി, ഈ വർഷവും കൂടുതൽ മെച്ചപ്പെട്ട രൂപത്തിൽ ഇതിന്റെ വിതരണം നടത്തുകയാണ്. "വഴികാട്ടി"യുടെ ഉള്ളടക്കത്തിൽ സഭയെക്കുറിച്ചുള്ള വിവരങ്ങൾ, ബൈബിളിലെ വാകൃങ്ങളും അവയുടെ അർത്ഥങ്ങളും, വിശുദ്ധരെക്കുറിച്ചുള്ള അറിവുകൾ, പൊതുവിജ്ഞാന ചോദ്യങ്ങൾ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വിവിധ തൊഴിൽ മേഖലകളിൽ നിന്നുള്ള വിശുദ്ധർ, കൂദാശകൾ, ദൈവകല്പനകൾ, കുമ്പസാരത്തിനുള്ള തയ്യാറെടുപ്പിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ എന്നിവയും ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. ഓർഡറുകൾക്കായി താഴെ നൽകിയിരിക്കുന്ന നമ്പറിൽ ബന്ധപ്പെടുക. ഓർഡറുകൾക്കായി : 9496684784

**ടി.എസ്.എസ്. എസിൽ സോഷ്യൽ വർക്ക് ഇന്റേൺഷിപ്പ്**

അക്കാദമിക് പഠനത്തിന്റെ ഭാഗമായി തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റിയുടെ പ്രവർത്തനരീതിയും, വിവിധ പദ്ധതികളും സംബന്ധിച്ച് പ്രായോഗിക പഠനം നടത്തുന്നതിനായി പൂനയിലുള്ള ഫ്ളയിം യൂണിവേഴ്സിറ്റിയിൽ നിന്നുള്ള വിദ്യാർത്ഥി ടി.എസ്. എസ്.എസ്. ഓഫീസിൽ ഇന്റേൺഷിപ്പ് ചെയ്തുവരുന്നു.

**കാൻസർ പരിശോധന ക്യാമ്പ്**

തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റി മലബാർ ക്യാൻസർ സെന്ററുമായി സഹകരിച്ച് നടത്തിവരുന്ന സൗജന്യ ക്യാൻസർ പരിശോധന ക്യാമ്പ് ഈ മാസം മേയ് 23 ന് ആലക്കോട് ടിഎസ്എസ്എസ് ഓഫീസിൽ വച്ച് നടത്തി. മലബാർ ക്യാൻസർ സെന്റർ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തിലെ ഡോ. ഫിൻസിന്റെയും ടീമംഗങ്ങളുടെയും നേതൃത്വത്തിലാണ് ക്യാമ്പ് നടത്തിയത്. അടുത്ത മാസത്തെ ക്യാൻസർ ക്യാമ്പ് ജൂൺ 01 ന് നെല്ലിക്കാംപൊയിൽ വച്ച് നടത്തപ്പെടുന്നു. ക്യാമ്പിൽ പങ്കെടുക്കുവാൻ താല്പര്യം ഉള്ളവർ ടി.എസ്.എസ്.എസ് സ്റ്റാഫ് അംഗങ്ങളുമായി ബന്ധപ്പെടുക.

**പ്രതിമാസ പ്രവർത്തനങ്ങൾ**

2026 ജൂൺ മാസത്തിൽ നടത്തേണ്ട പ്രവർത്തനം ചുവടെ ചേർക്കുന്നു.

**ജൂൺ 1**

**ലോക ക്ഷീരദിനം (World Milk Day)**

ലോക ക്ഷീരദിനത്തോടനുബന്ധിച്ച് എല്ലാ യൂണിറ്റുകളും പാലിന്റെ പോഷകഗുണങ്ങൾ, ആരോഗ്യകരമായ ഭക്ഷണശീലം, ക്ഷീരകർഷകരുടെ പങ്ക് എന്നിവയെക്കുറിച്ചുള്ള ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുക. കൂടാതെ, പ്രദേശത്തെ ക്ഷീരകർഷകരെ ആദരിക്കുന്ന ചടങ്ങുകളും സംഘടിപ്പിക്കാവുന്നതാണ്.

**ജൂൺ 5**

**ലോക പരിസ്ഥിതി ദിനം (World Environment Day)**

ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് എല്ലാ യൂണിറ്റുകളും പരിസ്ഥിതി സംരക്ഷണം, ശുചിത്വം, ജലസംരക്ഷണം, വൃക്ഷത്തൈ നട്ടുപിടിപ്പിക്കൽ എന്നിവയെക്കുറിച്ചുള്ള ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുക. കൂടാതെ, വൃക്ഷത്തൈ നട്ട് പരിപാലിക്കൽ, ശുചീകരണ പ്രവർത്തനങ്ങൾ, പ്ലാസ്റ്റിക് വിരുദ്ധ ക്യാമ്പയിൻ എന്നിവയും സംഘടിപ്പിക്കാവുന്നതാണ്.

- **രോഗീസന്ദർശനം & ചികിത്സാസഹായം**

കാഞ്ഞിരകൊല്ലി, അറബി, മാട്ടറ, മണിക്കടവ്, രണ്ടാംകടവ്, പടുപ്പ്, ചുള്ളി എന്നീ യൂണിറ്റുകൾ, കിടപ്പുരോഗികളെ സന്ദർശിക്കുകയും സാമ്പത്തിക സഹായം നൽകുകയും ചെയ്തു.

- **അഗതിമന്ദിരം & അനാഥാലയം സന്ദർശനം**

ചെമ്പന്തൊട്ടി, ചുള്ളി, വെള്ളരിക്കുണ്ട് എന്നീ യൂണിറ്റുകൾ അഗതിമന്ദിരങ്ങളും അനാഥാലയങ്ങളും സന്ദർശിച്ച് സാമ്പത്തിക സഹായവും ആവശ്യമായ സാധനങ്ങളും നൽകി.

• **മെഡിക്കൽ ക്യാമ്പ്**

മെയ് മാസത്തെ മാനസിക രോഗികൾക്കായുള്ള മെഡിക്കൽ ക്യാമ്പ് മേയ് മാസം 31 ന് ചെമ്പേരി വിമല ആശുപത്രിയിൽ വെച്ച് ഉച്ചയ്ക്ക് 2:30 ന് ഡോക്ടർ സി. വിനീതയുടെ നേതൃത്വത്തിലുള്ള സംഘം നടത്തി.

• **ബോധവത്കരണ ക്ലാസ്**

കരുവഞ്ചാൽ യൂണിറ്റ് വനിതകൾക്ക് വേണ്ടി ഗൈനക്കോളജിസ്റ്റിന്റെ നേതൃത്വത്തിൽ ബോധവൽക്കരണ ക്ലാസ് നടത്തി. വെള്ളരിക്കുണ്ട് യൂണിറ്റ് മഴക്കാലരോഗബോധവൽക്കരണ ക്ലാസും ജീവിതശൈലി രോഗ നിർണയ ക്യാമ്പും സംഘടിപ്പിച്ചു. പെർള യൂണിറ്റ് മേയ് 3-ന് മാതാപിതാക്കൾക്കായി ബോധവത്ക്കരണ ക്ലാസ് സംഘടിപ്പിച്ചു. മുണ്ടാനൂർ യൂണിറ്റ് ലോകാരോഗ്യ ദിനത്തോടനുബന്ധിച്ചും, മാതൃഭൂമി ദിനത്തോടനുബന്ധിച്ചും ബോധ വത്കരണ ക്ലാസുകൾ നടത്തി

• **വിവാഹ സഹായം**

മുണ്ടാനൂർ യൂണിറ്റ് ഒരു കുടുംബത്തിന് വിവാഹ ആവശ്യങ്ങൾക്കായി സാമ്പത്തിക സഹായം നൽകി.

• **വനനിർമ്മാണം**

മാലോം യൂണിറ്റിന്റെ നേതൃത്വത്തിൽ ഭവനനിർമാണ ആവശ്യത്തിനായി ധനസഹായം നൽകി.

**വിവിധ ദിനാഘോഷങ്ങൾ**

**ലോക തൊഴിലാളി ദിനം: മേയ് 1**

കരുവഞ്ചാൽ, വെള്ളരിക്കുണ്ട്, ചെമ്പേരി, നടുവിൽ, ചെമ്പന്തൊട്ടി, നെടുംപുറംചാൽ, ഉളിക്കൽ എന്നീ യൂണിറ്റുകൾ മെയ് ദിനത്തോടനുബ ന്ധിച്ച് തൊഴിലാളികളെ ആദരിച്ചു.

**ലോക നഴ്സസ് ദിനം: മേയ് 12**

കാഞ്ഞിരക്കൊല്ലി, നടുവിൽ, കരുവഞ്ചാൽ, ചെമ്പന്തൊട്ടി, നെടുംപുറംചാൽ, വായാട്ടുപറമ്പ്, മണിക്കടവ്, അറബി, മുണ്ടാനൂർ, കാലിച്ചാനടുക്കം എന്നീ യൂണിറ്റുകൾ നേഴ്സസ് ദിനത്തോടനുബന്ധിച്ച് നേഴ്സുമാരെ ആദരിച്ചു.

**മറ്റ് പ്രവർത്തനങ്ങൾ**

- വെള്ളരിക്കുണ്ട്, ഉളിക്കൽ എന്നീ യൂണിറ്റുകളുടെ നേതൃത്വത്തിൽ സ്വാഭിമാൻ, ബയോ മൗണ്ടൻ ഉൽപ്പന്നങ്ങൾ യൂണിറ്റുകളിൽ വിതരണം ചെയ്തു.
- കരുവഞ്ചാൽ യൂണിറ്റ് സൗജന്യ മെഡിക്കൽ ക്യാമ്പും കിഡ്നി രോഗ നിർണയ ക്യാമ്പും നടത്തി.
- വായാട്ടുപറമ്പ് യൂണിറ്റ് ആശാൻ കവല തിരുരക്താശ്രമം സന്ദർശിച്ചു ഭക്ഷ്യസാധനങ്ങളും മറ്റും കൈമാറി.

- അറബി യൂണിറ്റ് കർഷക ദിനത്തിൽ കർഷകനെ ആദരിച്ചു.
- വായാട്ടുപറമ്പ് യൂണിറ്റ് ഭരണ സമിതി അംഗങ്ങൾ വിനോദ വിജ്ഞാന പഠന യാത്ര നടത്തി.
- പേരട്ട ക്രെഡിറ്റ് യൂണിയന്റെയും, എം.എസ്.എസ്ന്റെയും നേതൃത്വത്തിൽ സൗജന്യ നേത്ര, ആയുർവേദ പരിശോധന ക്യാമ്പ് ബഹു. ഫാ. മാത്യു ശാസ്താംപടവിൽ ഉദ്ഘാടനം ചെയ്തു.
- വിൻസന്റ് ഡീ പോൾ സംഘടനയോടൊപ്പം അങ്ങാടിക്കടവ് ക്രെഡിറ്റ് യൂണിയൻ അംഗങ്ങളും ഭവനനിർമ്മാണത്തിൽ പങ്കെടുത്തു.
- പരപ്പ എം.എസ്.എസിന്റെ നേതൃത്വത്തിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് ആവശ്യമായ വിദ്യാഭ്യാസ സഹായങ്ങൾ നൽകി.
- മഴക്കാല പൂർവ ശുചീകരണത്തിന്റെ ഭാഗമായി മാട്ടറ, പൂളക്കുറ്റി എന്നീ യൂണിറ്റുകൾ ടൗൺ ക്ലീൻ പരിപാടിയിൽ പങ്കെടുത്തു.
- മണിക്കടവ് യൂണിറ്റിന്റെ നേതൃത്വത്തിൽ ആട് വിതരണം നടത്തി.

## Radio 4U 89.6 FM കമ്മ്യൂണിറ്റി റേഡിയോ സ്റ്റേഷൻ

കാസർഗോഡ് ജില്ലയിലെ ആദ്യത്തെ കമ്മ്യൂണിറ്റി റേഡിയോ ആയ റേഡിയോ ഫോർ യു 89.6 എഫ്എം പ്രവർത്തന മികവിൽ മാധ്യമ രംഗത്ത് മുന്നേറുന്നു.

### പ്രത്യേക പരിപാടികൾ

ലോക ഭൗമ ദിനത്തോടനുബന്ധിച്ച് റേഡിയോ ഫോർയുവിന്റെ സ്റ്റാഫ് ആയ ജസ്റ്റിൻ ടി ഡി പ്രത്യേക പരിപാടി അവതരിപ്പിച്ചു. അതോടൊപ്പം തന്നെ ശ്രീ. രഘുനാഥൻ പി വിയുടെ നേതൃത്വത്തിൽ അന്തരിച്ച പ്രശസ്ത തിരക്കഥാകൃത്തും നിർമ്മാതാവുമായ ജോൺ പോൾ അനുസ്മരണവും കൂടാതെ വേൾഡ് ബുക്ക് ആൻഡ് കോപ്പിറൈറ്റ് ദിനത്തോട് അനുബന്ധിച്ചുള്ള പ്രത്യേക പരിപാടിയും പ്രക്ഷേപണം ചെയ്തു. ആരോഗ്യപരമായ വിവരങ്ങൾ കൈമാറാനുള്ള ഏറ്റവും പുതിയ സംവിധാനമായിട്ടുള്ള മുൻപേ മൊബൈൽ ആപ്പിനെ സംബന്ധിച്ചുള്ള പ്രത്യേക പരിപാടി റേഡിയോയുടെ സ്റ്റാഫ് ആയിട്ടുള്ള സജി സെബാസ്റ്റ്യന്റെ നേതൃത്വത്തിലും പ്രക്ഷേപണം ചെയ്തു.

അതോടൊപ്പം തന്നെ ജെൻസി പാരന്റിങ്ങിനെ സംബന്ധിച്ച് കൃഷ്ണ രാജും അന്താരാഷ്ട്ര തൊഴിലാളി ദിനത്തോടനുബന്ധിച്ച് ഡോക്ടർ വിനീഷ് കുമാറും, കൺസമ്പ്ഷൻ ഓഫ് ആൽക്കഹോൾ ആൻഡ് ഫിസിക്കൽ ഹെൽത്ത് ഇഷ്യൂവിനെ സംബന്ധിച്ച് ഫാ. ജെയ്സൺ കോലക്കുന്നേലും പ്രത്യേക പരിപാടി അവതരിപ്പിച്ചു.

**കോർഡിനേറ്റേഴ്സ് മീറ്റിംഗ്**

റേഡിയോ ഫോർ യു 89. 6 എഫ്എമ്മിൽ രണ്ടാം തവണയും കോഡിനേറ്റേഴ്സ് മീറ്റിംഗ് സംഘടിപ്പിച്ചു. റേഡിയോയുടെ മുന്നോട്ടുള്ള പ്രവർത്തനം മുൻനിർത്തി വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന പത്തോളം വ്യക്തികളെ ഉൾപ്പെടുത്തിയാണ് പരിപാടി സംഘടിപ്പിച്ചത്. രാമകൃഷ്ണൻ മോനാച്ച, എംപി ഭരതൻ, സജ്ന കെ, ബിജു എൻ സി, ജോൺ മൈക്കിൾ, ഷെറിൻ ജോസ്, സിജോ അമ്പാട്ട്, മോഹൻദാസ്, സിസമ്മ ഫ്രാൻസിസ് എന്നിവരാണ് പരിപാടിയിൽ പങ്കെടുത്തത്. ഈ മീറ്റിങ്ങിൽ പുതിയതായി പ്രക്ഷേപണം ആരംഭിച്ച പൈതൃകം, ഓർമ്മച്ചെപ്പ് എന്നീ പരിപാടികളെ സംബന്ധിച്ച് ചർച്ച ചെയ്തു. അതോടൊപ്പം മാർക്കറ്റിംഗ് ഭാഗമായി വാഹനങ്ങളുടെ പിൻവശത്ത് റേഡിയോയുടെ പരസ്യം സ്റ്റിക്കർ രൂപത്തിൽ പതിപ്പിക്കുന്നതിനെ കുറിച്ചും ചർച്ചയിൽ ഉൾപ്പെടുത്തി സംസാരിച്ചു. സാഹിത്യകാരന്മാരെയും അവരുടെ പുസ്തകങ്ങളെയും പറ്റിയുള്ള പ്രത്യേക അഭിമുഖ പരിപാടി സാഹിത്യ പദത്തെക്കുറിച്ച് വിശകലനം ചെയ്യുകയും ചെയ്തു.

**ഫാ. ജോസഫ് ചെരിയംകുന്നേൽ**
അസ്സോസിയേറ്റ് ഡയറക്ടർ, TSSS

**ഫാ. സ്കറിയ വരമ്പകത്ത്**
ഡയറക്ടർ, TSSS

**ഫാ. തോമസ് കളത്തിൽ**
സ്റ്റേഷൻ ഡയറക്ടർ, റേഡിയോ

**ഫാ. ആന്റണി മറ്റക്കോട്ടിൽ**
അഡ്മിനിസ്ട്രേറ്റർ, റേഡിയോ

# ബയോമൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി

**സ്വാഗതം**

ബയോ മൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെ മാർക്കറ്റിംഗ് ഡയറക്ടർ ആയി ചുമതല ഏറ്റെടുത്ത ബഹു. ജോസഫ് കുരിശുമൂട്ടിൽ അച്ചന് ബയോ മൗണ്ടൻ കമ്പനിയിലേക്ക് സ്വാഗതം.

**ബയോ മൗണ്ടൻ പുട്ട് പൊടി വിപണനത്തിനായി തയ്യാറായി**

ബയോ മൗണ്ടൻ ഫുഡ് പ്രൊഡക്റ്റിന്റെ ഉൽപ്പന്നമായ ബയോ മൗണ്ടൻ സ്റ്റീം (അരി) പുട്ടുപൊടിയും കപ്പ പുട്ടുപൊടിയും വിപണനം ആരംഭിച്ചു. ഉൽപ്പന്നങ്ങൾ ആവശ്യമുള്ളവർക്കായി എല്ലാ ബയോ മൗണ്ടൻ സ്റ്റാളുകളും ബയോ മൗണ്ടൻ പുട്ട് പൊടി ലഭ്യമാക്കിയിട്ടുണ്ട്.

**സൗജന്യ മഞ്ഞൾ വിത്ത് വിതരണം**

ബയോ മൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെ നേതൃത്വത്തിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പൈസസ് റിസർച്ച് (IISR) സെന്റർ കോഴിക്കോടുമായി സഹകരിച്ചുകൊണ്ട് കാർഷിക മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനായി പായം, എരിവേശ്ശി എന്നീ ഗ്രാമപഞ്ചായത്തുകളിലും ബയോ മൗണ്ടൻ കാർത്തികപുരം മേഖലയിലും സൗജന്യ മഞ്ഞൾ വിത്ത് വിതരണം നടത്തി.

പായം ഗ്രാമ പഞ്ചായത്ത് കാര്യാലയത്തിൽ വച്ച് നടത്തിയ ചടങ്ങിൽ പദ്ധതിയുടെ ഉദ്ഘാടനം പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. വിനോദ് കുമാറും എരിവേശ്ശിയിൽ പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. ജോസ് പാറത്തനാൽ കാർത്തികപുരം മേഖലയിൽ ഇടവക വികാരി ഫാ. ജോസഫ് കുളത്തറ എന്നിവർ നിർവഹിച്ചു. ബയോ മൗണ്ടൻ കമ്പനി മാനേജിംഗ് ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ, മാർക്കറ്റിംഗ് ഡയറക്ടർ ഫാ. ജെയ്സ് കുരിശുമൂട്ടിൽ എന്നിവർ അധ്യക്ഷത വഹിച്ച ചടങ്ങിൽ ബയോ മൗണ്ടൻ ചെമ്പേരി മേഖല പ്രസിഡണ്ട് ശ്രീ. കുര്യാക്കോസ്, കാർത്തികപുരം മേഖല പ്രസിഡണ്ട് ആന്റണി നിരപ്പേൽ എന്നിവർ നന്ദി അർപ്പിച്ച് സംസാരിച്ചു.

ഗ്രാമപഞ്ചായത്തിലെ കാർഷിക ഉൽപാദനം വർധിപ്പിക്കുകയും ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും മഞ്ഞളിന്റെ ഔഷധ

ഗുണങ്ങളും വിപണിയിലെ ആവശ്യകതയും കണക്കിലെടുത്ത് കൂടുതൽ പേർ കൃഷിയിലേക്ക് കടന്നുവരുന്നതിനുമായി ഇരുന്നൂറോളം കർഷകർക്കാണ് മഞ്ഞൾ വിത്ത് വിതരണം ചെയ്തത്.

**സൗജന്യ പച്ചക്കറി വിത്ത് വിതരണം**

ബയോ മൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെ നേതൃത്വത്തിൽ സൗജന്യ പച്ചക്കറി വിത്ത് വിതരണം ചെയ്തു. കാർഷിക പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും കുടുംബങ്ങളിൽ ജൈവകൃഷി വ്യാപിപ്പിക്കുന്നതിനുമായി പായം, എരിവേശ്ശി, കാർത്തികപുരം എന്നിവിടങ്ങളിലായി നാനൂറോളം കുടുംബങ്ങൾക്കായി പച്ചക്കറി വിത്തുകൾ വിതരണം ചെയ്തത്.

വീടുതോറും പച്ചക്കറി കൃഷി വ്യാപിപ്പിച്ച് ആരോഗ്യകരമായ ഭക്ഷ്യശീലങ്ങൾ വളർത്തേണ്ടത് കാലത്തിന്റെ ആവശ്യമായതിനാലും കൃഷിയിലേക്ക് കൂടുതൽ ആളുകളെ ആകർഷിക്കുന്നതിനുമായി ആണ് വിത്തുകൾ വിതരണം ചെയ്തത്. കർഷകർക്ക് ആവശ്യമായ സാങ്കേതിക സഹായവും മാർഗനിർദേശങ്ങളും കാർഷിക വകുപ്പ് നൽകുമെന്ന് അധികൃതർ അറിയിച്ചു. ചടങ്ങിൽ പഞ്ചായത്ത് അംഗങ്ങൾ, കാർഷിക ഉദ്യോഗസ്ഥർ, കർഷക പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

**വാട്ടുകപ്പ വിതരണം ചെയ്തു**

തലശ്ശേരി അതിരൂപതയുടെ ഹരിത വ്യവസായ പാർക്കിൽ പ്രവർത്തനം ആരംഭിച്ച നാലാമത്തെ സംരംഭമായി കേരളസർക്കാർ കൃഷിവകുപ്പിന്റെ സഹകരണത്തോടെ ആരംഭിച്ച ആധുനിക സാങ്കേതിക വിദ്യകളായ കപ്പ വാഷിംഗ് & പീലർ മെഷീൻ, സ്ലൈസർ, പൾവറൈസിംഗ്, ഡ്രയർ, വാക്വം ഫ്രൈയിംഗ് എന്നിവ ഉപയോഗിച്ചുകൊണ്ട് പ്രവർത്തിക്കുന്ന ബയോ മൗണ്ടൻ ടാപ്പിയോക്ക പ്രോസസിംഗ് യൂണിറ്റിന്റെ ആദ്യ ഉൽപ്പന്നമായ വാട്ടുകപ്പയുടെ വിതരണം ആരംഭിച്ചു. കണ്ണൂർ കാസർഗോഡ് ജില്ലകളിലെ വിവിധ ഇടവകകളിൽനിന്നുമായി സ്വീകരിച്ച വാട്ടുകപ്പയുടെ ഓർഡറുകളുടെ വിതരണം ആണ് ആരംഭിച്ചത്.

**കർഷകരിൽനിന്നും പച്ച കപ്പ സ്വീകരിച്ചു**

കപ്പയിൽനിന്നും വിവിധങ്ങളായ മൂല്യവർധിത ഉൽപന്നങ്ങൾ വിപണിയിലെത്തിക്കുന്നതിനും കർഷകർക്ക് അവരുടെ വിളകൾക്ക് കൂടുതൽ മൂല്യം ലഭിക്കുന്നതിനും അതുവഴി കൃഷി കൂടുതൽ ലാഭകരമാക്കുന്നതിനുമായി ഹരിത വ്യവസായ പാർക്കിൽ പുതുതായി ആരംഭിച്ച ടാപ്പിയോക്കാ പ്രോസസിംഗ് യൂണിറ്റിലേക്ക് ചെറുപുഴ എടൂർ, ആലക്കോട് എന്നിവിടങ്ങളിലെ കർഷകരിൽനിന്നും കർഷക ഗ്രൂപ്പുകളിൽനിന്നുമായി പച്ച കപ്പ സ്വീകരിച്ചു.

നമ്മുടെ അതിരൂപതയിലെ കർഷകരുടെ ക്ഷേമത്തിനും സാമ്പത്തിക വളർച്ചയ്ക്കുംവേണ്ടി നമ്മൾ ആരംഭിച്ച ബയോമൗണ്ടൻ കമ്പനിയുടെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുവാൻ എല്ലാ അച്ചന്മാരുടെയും ഇടവക അംഗങ്ങളുടെയും സഹകരണം അപേക്ഷിക്കുന്നു. ആയതിനാൽ ഇടവകകളുടെ ഷെയറുകൾ എടുത്ത് എല്ലാവരും സഹകരിക്കണമെന്ന് അപേക്ഷിക്കുന്നു. കമ്പനി ഷെയറുകൾ എടുക്കുമ്പോൾ വികാരിയച്ചന്റെ പേരും പള്ളിയുടെ അഡ്രസ്സും ഫോൺനമ്പറും ഇമെയിൽ ഐഡിയും നല്കാൻ ശ്രദ്ധിക്കണം. ആളുകളെ കൂട്ടിയാണ് ഷെയർ എടുക്കുന്നതെങ്കിൽ അംഗങ്ങളുടെ എല്ലാവരുടെയും പേരും 8 ഫോൺ നമ്പറും പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെ പേരും നല്കണം. ഗ്രൂപ്പുകൾ ആണെങ്കിൽ വികാരി യച്ചന്റെ പേരും പള്ളിയുടെ ഫോൺനമ്പറും ഇമെയിൽ ഐഡിയും നല്കണം. അൻപത് പേരടങ്ങുന്ന ഗ്രൂപ്പിൽ ഒരു ഷെയർ അച്ചന്റെ പേരിൽ എടുക്കുകയും ചെയ്യണം. എങ്കിലെ വികാരിയച്ചന്റെയും പള്ളിയുടെയും പേരിൽ ഷെയർ സർട്ടിഫിക്കറ്റ് നൽകാൻ സാധിക്കുകയുള്ളൂ. നമ്മുടെ ഈ സംരംഭം വിജയിപ്പിക്കാൻ എല്ലാ വൈദികരുടെയും എല്ലാ സന്യാസ ഭവനങ്ങളുടെയും സ്ഥാപനങ്ങളുടെയും അല്മായ നേതാക്കളുടെയും ഭക്ത സംഘടനകളുടെയും സഹായം അപേക്ഷിക്കുന്നു. നമ്മുടെ ഉൽപ്പന്നങ്ങൾ എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും വാങ്ങി ഉപയോഗിച്ചുകൊണ്ട് കമ്പനിയുടെ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കണം. മായമില്ലാത്ത ഉൽപ്പന്നങ്ങളാണ് നമ്മൾ വിതരണം ചെയ്യുന്നത്. മാർക്കറ്റിനേക്കാളും വില ക്കുറവും നമ്മുടെ ഉൽപ്പന്നങ്ങൾക്കുണ്ട്. ഒപ്പം ഗുണമേന്മയിൽ ഏറ്റവും മികച്ചതുമാണ്.

ഓർഡറുകൾ നൽകുമ്പോൾ താഴെ തന്നിരിക്കുന്ന നമ്പറിലേക്ക് ഓർഡറുകൾ അയച്ചാൽ സാധനങ്ങൾ അതാത് സ്ഥലങ്ങളിൽ എത്തിക്കുന്ന തായിരിക്കും. ഫോൺ: 9656054322. Mail.id: tsssbiomountain@gmail.com

ജൂൺ മാസത്തിൽ എല്ലാ ഫോറോനകളിലേക്കും ഇടവകകളിലേക്കും നേരിട്ടുവരുവാനും ബഹു. വൈദികരുടെ നിർദേശങ്ങളും അഭിപ്രായങ്ങളും സ്വീകരിക്കാനും ആഗ്രഹിക്കുന്നുണ്ട്. ഈ അവസരത്തിൽ ഇടവക ഷെയറുകൾ എടുത്ത് സഹകരിച്ചുകൊണ്ട് നമ്മുടെ ഈ സംരംഭത്തെ മലബാറിന്റെ തന്നെ മാതൃകയാക്കിമാറ്റുവാൻ നിങ്ങളുടെ എല്ലാവരുടെയും സ്നേഹവും പ്രോത്സാഹനവും അപേക്ഷിക്കുന്നു.

**മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി**
ചെയർമാൻ

**ഫാ. സ്കറിയ നിരപ്പേൽ**
മാനേജിംഗ് ഡയറക്ടർ

**ഫാ. ജോസഫ് കുരിശുംമൂട്ടിൽ**
മാർക്കറ്റിംഗ ഡയറക്ടർ

# ഇൻഫാം

## ഇൻഫാം മലബാർ മേഖല മീറ്റിംഗ് സംഘടിപ്പിച്ചു

2026 മേയ് 20–ന് ഇൻഫാം മലബാർ മേഖലയുടെ നേതൃത്വത്തിൽ മേഖല ഭാരവാഹികളുടെ മീറ്റിംഗ് സംഘടിപ്പിച്ചു. മലബാർ മേഖലയിലെ വിവിധ രൂപതകളിൽ നിന്നുള്ള കാർഷിക ജില്ലാ ഭാരവാഹികൾ പങ്കെടുത്തു. ഈശ്വര പ്രാർത്ഥനയോടെ ആരംഭിച്ച പരിപാടിയിൽ ഫാ. ബിബിൻ വരമ്പകത്ത് സ്വാഗതം ആശംസിച്ചു. ഇൻഫാം മലബാർ മേഖല ഡയറക്ടർ ഫാ. ജോസഫ് പെണ്ണാപറമ്പിൽ അധ്യക്ഷത വഹിച്ചു. സംസ്ഥാന കോഡിനേറ്റർ ഫാ. ജോസഫ് മോനിപ്പള്ളി, ദേശീയ ജനറൽ സെക്രട്ടറി ഫാ. ജോസഫ് കാവനാടി, മുൻ ദേശീയ ചെയർമാൻ ഫാ. ജോസഫ് ഒറ്റപ്ലാക്കൽ, സംസ്ഥാന പ്രസിഡണ്ട് ശ്രീ ജോസ് എടപ്പാട്ട്, സംസ്ഥാന വൈസ് പ്രസിഡണ്ട് ശ്രീ. സ്കറിയ നെല്ലംകുഴി, സംസ്ഥാന ട്രഷറർ ശ്രീ. സണ്ണി മുണ്ടക്കാട്ട്, നാഷണൽ കമ്മിറ്റി അംഗമായ ശ്രീ. ജോയ് തെങ്ങുംകുടി എന്നിവർ പ്രസംഗിച്ചു. സംസ്ഥാന പ്രസിഡണ്ട് ശ്രീ. ജോസ് എടപ്പാട്ട് വിഷയാവതരണം നടത്തി. കാർഷിക മേഖലയിലെ നിലവിലെ സാഹചര്യങ്ങൾ, കർഷകർ നേരിടുന്ന വെല്ലുവിളികൾ, സംഘടനയുടെ ഭാവി പ്രവർത്തനങ്ങൾ എന്നിവയെ ആസ്പദമാക്കി ചർച്ച നടന്നു. വിവിധ വിവിധ കാർഷിക ജില്ലകളിൽ നിന്നുള്ള പ്രതിനിധികൾ ചർച്ചയിൽ സജീവമായി പങ്കെടുത്തു. തലശ്ശേരി കാർഷിക ജില്ലാ പ്രസിഡണ്ട് ശ്രീ അജി പൂന്തോട്ടം നന്ദി രേഖപ്പെടുത്തി.

## തലശ്ശേരി കാർഷിക ജില്ലാ ഭാരവാഹികളുടെ തിരഞ്ഞെടുപ്പ്

തലശേരി കാർഷിക ജില്ലയുടെ പുതിയ ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് നടന്നു. മെയ് 20 നു തലശ്ശേരിയിൽ വെച്ച് നടന്ന പൊതുയോഗത്തിൽ വെച്ച് താഴെ പറയുന്നവരെ പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു.

ശ്രീ. അജി പൂന്തോട്ടത്തിൽ – പ്രസിഡണ്ട്
ശ്രീ. ടോമി ചക്കാലക്കുന്നേൽ – വൈസ് പ്രസിഡണ്ട്
ശ്രീ. ഗിരി മാത്യു തിരുതാലിൽ – സെക്രട്ടറി
ശ്രീ. ഷാജി മേലേമുറി – ജോയിന്റ് സെക്രട്ടറി
ശ്രീ. പിയൂസ് പാറയിടം – ട്രഷറർ

എക്സിക്യൂട്ടീവ് അംഗങ്ങളായി

ശ്രീമതി ജെസ്സി തങ്കച്ചൻ
ശ്രീ. വർഗീസ് തോമസ്
ശ്രീ. സ്കറിയ നെല്ലംകുഴി
ശ്രീ. സണ്ണി അഗസ്റ്റിൻ

യോഗത്തിൽ പുതുതായി തിരഞ്ഞെടുക്കപ്പെട്ട ഭാരവാഹികൾ സംഘടനയുടെ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള പ്രതിബദ്ധത അറിയിച്ചു. യോഗത്തിൽ പങ്കെടുത്തവർ പുതിയ ഭാരവാഹികൾക്ക് ആശംസകൾ നേർന്നു.

**ശ്രീ. അജി പൂന്തോട്ടം**
പ്രസിഡണ്ട്, തലശ്ശേരി അതിരൂപത

**ഫാ. സ്കറിയ വരമ്പകത്ത്**
ഡയറക്ടർ, തലശ്ശേരി അതിരൂപത

# ധ്യാനകേന്ദ്രങ്ങളിലൂടെ
## 2026 ജൂൺ

**1. മദർഹോം, പരിയാരം; ഫോൺ: 9446567101, 8606603101**

| | | |
|---|---|---|
| 06 | : | ഏകദിന കൺവെൻഷൻ |
| 07–11 | : | ആന്തരിക സൗഖ്യ ധ്യാനം |
| 12 | : | ഏകദിന ധ്യാനം (2 pm – 8 pm) |
| 13 | : | ഏകദിന കൺവെൻഷൻ |
| 14–17 | : | KANNADA RETREAT |
| 20 | : | ഏകദിന കൺവെൻഷൻ |
| 21–25 | : | ആന്തരിക സൗഖ്യ ധ്യാനം |
| 26 | : | ഏകദിന ധ്യാനം (2 pm – 8 pm) |
| 27 | : | ഏകദിന കൺവെൻഷൻ |

**2. വിമലഗിരി ധ്യാനകേന്ദ്രം, പട്ടാരം – ഇരിട്ടി, ഫോൺ: 6282732852**

| | | |
|---|---|---|
| 13–17 | : | CROSS ROADS - YOUTH RETREAT |
| 27–30 | : | ആന്തരിക സൗഖ്യ ധ്യാനം |

**3. ഐഎംഎസ് ധ്യാനകേന്ദ്രം, കൂട്ടുപുഴ (പേരട്ട), ഫോൺ: 8281272873**

| | | |
|---|---|---|
| 06 | : | ഏകദിന ധ്യാനം (09 am – 02 pm) |
| 07–09 | : | ആന്തരിക സൗഖ്യാനുഭവ ധ്യാനം |
| 12 | : | ജാഗരണ പ്രാർത്ഥന (06 pm – 09 pm) |

**4. സിയോൻ ധ്യാനകേന്ദ്രം, നെല്ലിക്കുറ്റി, ഫോൺ: 7306859339**

| | | |
|---|---|---|
| 07–09 | : | യുവജന ധ്യാനം (10 am – 03 pm) |
| 12 | : | ജാഗരണ പ്രാർത്ഥന |
| 14–18 | : | ആന്തരിക സൗഖ്യ ധ്യാനം |

വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്

## മാർ ജോസഫ് പാംപ്ലാനി

### ഏപ്രിൽ 2026

21 എറണാകുളം-അങ്കമാലി അതിരൂപതാ കേന്ദ്രത്തിലെ വിവിധ ചുമതലകൾ നിർവ്വഹിച്ചു.

22 രാവിലെ കത്തീഡ്രൽ ദൈവാലയത്തിൽവച്ച് തലശ്ശേരി അതിരൂപതാംഗങ്ങളായ വൈദിക വിദ്യാർത്ഥികൾക്ക് കാറോയ, ഹെവുപ്പതിയാക്കോന പട്ടങ്ങൾ നൽകി. തുടർന്ന് ഗ്ലോബൽ മാതൃവേദി ജനറൽബോഡി മീറ്റിംഗ് ഉദ്ഘാടനം ചെയ്തു. ഉച്ചയ്ക്കുശേഷം ഒന്നാംവർഷ ഫിലോസഫി വിദ്യാർത്ഥികളുമായി അഭിമുഖം നടത്തി.

23 രാവിലെ പേരാവൂർ ഫൊറോനാ ദൈവാലയത്തിൽവച്ച് ബഹു. ഡീക്കൻ ആൽബിൻ മുടപ്പാന്തോട്ടത്തിലിന്റെ പൗരോഹിത്യ സ്വീകരണ ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. തുടർന്ന് പേരട്ട ഐ.എം.എസ് ധ്യാനകേന്ദ്രത്തിൽവച്ച് സംഘടിപ്പിച്ച ബൈബിൾ കൺവെൻഷനിൽ സന്ദേശം നൽകി. ഉച്ചയ്ക്കുശേഷം വിമൽജ്യോതി എഞ്ചിനിയറിംഗ് കോളേജിന്റെ ഗവേർണിംഗ് ബോഡി മീറ്റിംഗിന് അധ്യക്ഷത വഹിച്ചു. തുടർന്ന് നെല്ലിക്കുറ്റിയിൽ പുതുതായി നിർമ്മിക്കുന്ന ദൈവാലയത്തിന്റെ തറക്കല്ലിടൽ കർമ്മം നിർവ്വഹിച്ചു. വൈകുന്നേരം അതിരൂപതാ കേന്ദ്രത്തിൽവച്ച് അഭിവന്ദ്യ ജോർജ് ഞറളക്കാട്ട് പിതാവിന്റെയും ജോർജ്ജ് വലിയമറ്റം പിതാവിന്റെയും നാമഹേതുക തിരുനാൾ ആഘോഷങ്ങളിൽ പങ്കുചേർന്നു. തുടർന്ന് ചേർന്ന കൂരിയാ മീറ്റിംഗിന് അധ്യക്ഷത വഹിച്ചു.

24 തലശ്ശേരി അതിരൂപതാ കേന്ദ്രത്തിൽ വിവിധ സന്ദർശകരെ സ്വീകരിച്ചു.

25 രാവിലെ ചുണ്ടപ്പറമ്പ് ഇടവകാ ദൈവാലയത്തിൽവച്ച് റോവൻ ജെറാർഡ് മാത്യു കുഴിക്കാട്ടിന് മാമ്മോദീസാ നൽകി. തുടർന്ന് ചെമ്പേരിയിൽവച്ച് ചേർന്ന അതിരൂപതാ പാസ്റ്ററൽ കൗൺസിൽ യോഗത്തിന് അധ്യക്ഷത വഹിച്ചു. ഉച്ചയ്ക്കുശേഷം ചന്ദനക്കാംപാറ ഇടവകയിൽ നിര്യാതനായ ശ്രീ. ചാക്കോ കവിയിലിന്റെ മൃതസംസ്കാര ശുശ്രൂഷാകർമ്മം നിർവ്വഹിച്ചു. വൈകുന്നേരം ചെറുപുഴ ഫൊറോനാ ദൈവാലയത്തിൽവച്ച് ജോയൽ ജോസഫ് കാവുംപുറത്തിന്റെയും മേഘ സിബി എറനയ്ക്കലിന്റെയും വിവാഹം ആശീർവദിച്ചു.

26 രാവിലെ കരയത്തുംചാൽ ഇടവകയുടെ ജൂബിലിയോടനുബന്ധിച്ച്

ദിവ്യബലിയർപ്പിക്കുകയും വചനസന്ദേശം നൽകുകയും ചെയ്തു. ഉച്ചയ്ക്കുശേഷം പുതുതായി നിർമ്മിച്ച കോളയാട് ദൈവാലയം കൂദാശ ചെയ്തു.

27 പേരാവൂർ തിരുഹൃദയ സന്യാസിനിമാരുടെ വ്രതവാഗ്ദാന, ജൂബിലി തിരുകർമ്മങ്ങൾക്ക് മുഖ്യകാർമികത്വം വഹിച്ചു.

28 എറണാകുളം-അങ്കമാലി അതിരൂപതാ കേന്ദ്രത്തിലെ വിവിധ ചുമതലകൾ നിർവ്വഹിച്ചു.

29 രാവിലെ മാമ്പോയിൽ ഇടവകാ ദൈവാലയത്തിൽവച്ച് ബഹു. ഡീക്കൻ ഷിബിൻ പാലത്തിനാലിന്റെ പൗരോഹിത്യ സ്വീകരണ ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. ഉച്ചയ്ക്കുശേഷം തലശ്ശേരി അതിരൂപതാ കേന്ദ്രത്തിൽ വിവിധ സന്ദർശകരെ സ്വീകരിച്ചു.

30 എറണാകുളം-അങ്കമാലി അതിരൂപതാ കേന്ദ്രത്തിലെ വിവിധ ചുമതലകൾ നിർവ്വഹിച്ചു.

## മെയ് 2026

01 തലശ്ശേരി അതിരൂപതയ്ക്കുവേണ്ടി റീജൻസി പൂർത്തിയാക്കിയ ബ്രദേഴ്സിന് കത്തീഡ്രൽ ദൈവാലയത്തിൽവച്ച് വൈദിക വസ്ത്രം നൽകി. ഉച്ചയ്ക്കു ശേഷം വെള്ളരിക്കുണ്ടിൽ പുതുതായി ആരംഭിക്കുന്ന മൈനർ സെമിനാരി യുടെ ചാപ്പൽ കൂദാശ ചെയ്തു.

02 കുന്നുംകൈ ഇടവകാ ദൈവാലയത്തിൽവച്ച് ഡൊമിനിക് ജോസഫ് ഒതേറയുടെയും - എയ്ഞ്ചൽ സണ്ണി നെടിയകാലായിലിന്റെയും വിവാഹ വും, ഫിലിപ്പ് ജോസഫ് ഒതേറയുടെയും - ഫ്ളെറിൻ ജോസ് കുന്നുമ്മേ ലിന്റെയും വിവാഹവും ആശീർവ്വദിച്ചു. വൈകുന്നേരം തലശ്ശേരി അതിരൂപതാ കേന്ദ്രത്തിൽവച്ച് ചേർന്ന കൂരിയാ മീറ്റിംഗിന് അധ്യക്ഷത വഹിച്ചു.

03 രാവിലെ വിമലഗിരി ഇടവകാ ദൈവാലയത്തിൽവച്ച് ബഹു. ഡീക്കൻ ജോബിൻ കുഴിമുള്ളിലിന്റെ പൗരോഹിത്യ സ്വീകരണ ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. തുടർന്ന് ജീസസ് യൂത്തിന്റെ ആഭിമുഖ്യ ത്തിൽ ചെറുപുഴയിൽ സംഘടിപ്പിച്ച റിജോയ്സ് പ്രോഗ്രാമിനെത്തി യവരെ അഭിസംബോധന ചെയ്ത് സംസാരിച്ചു. ഉച്ചയ്ക്കുശേഷം ചരൾ ഇടവകയിൽ നിര്യാതയായ ശ്രീമതി ആലീസ് മീമ്പനാലിന്റെ മൃതസംസ്കാര ശുശ്രൂഷാകർമ്മം നിർവ്വഹിച്ചു.

04 തലശ്ശേരി അതിരൂപതാ കേന്ദ്രത്തിൽവച്ച് ചേർന്ന ആലോചനാ സമിതി മീറ്റിംഗിനും ഫിനാൻസ് കൗൺസിൽ യോഗത്തിനും അധ്യക്ഷത വഹിച്ചു.

05 രാവിലെ നെല്ലിക്കാംപൊയിൽ ഫൊറോനാ ദൈവാലയത്തിന്റെ നവീകരണപ്രവർത്തനങ്ങൾ നടത്തിയ സെമിത്തേരി വെഞ്ചരിച്ചു. തുടർന്ന് ബഹു. ഡീക്കൻ ജിബിൻ തെക്കേപ്പൂക്കുമ്പലിന്റെ പൗരോഹിത്യ സ്വീകരണ ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

06-07 എറണാകുളം-അങ്കമാലി അതിരൂപതാ കേന്ദ്രത്തിലെ വിവിധ ചുമതലകൾ നിർവ്വഹിച്ചു.

08 കത്തീഡ്രൽ ദൈവാലയത്തിൽവച്ച് ബഹു. ജോസഫ് നെടുംതകിടി അച്ചന്റെ മൃതസംസ്കാര ശുശ്രൂഷാകർമ്മം നിർവ്വഹിച്ചു. വൈകുന്നേരം തലശ്ശേരി അതിരൂപതാ കേന്ദ്രത്തിൽവച്ച് ചേർന്ന കൂരിയാ മീറ്റിംഗിന് അധ്യക്ഷത വഹിച്ചു.

09 ഇരിട്ടി സെന്റ് ജോസഫ്സ് ദൈവാലയത്തിൽവച്ച് സംഘടിപ്പിച്ച തലശ്ശേരി അതിരൂപതാ സമർപ്പിത സംഗമം ഉദ്ഘാടനം ചെയ്തു. തുടർന്ന് പൊന്മലയിൽവച്ച് വടക്കേപ്പുത്തൻപുര കുടുംബയോഗം ഉദ്ഘാടനം ചെയ്തു.

10 വെള്ളരിക്കുണ്ടിൽ പുതുതായി ആരംഭിക്കുന്ന മൈനർ സെമിനാരി സന്ദർശിച്ചു.

11-12 എറണാകുളം-അങ്കമാലി അതിരൂപതാ കേന്ദ്രത്തിലെ വിവിധ ചുമതലകൾ നിർവ്വഹിച്ചു.

13 രാവിലെ മണ്ടളം എം.എസ്.ജെ കോൺവെന്റിൽവച്ച് ധന്യൻ ജോസഫ് പഞ്ഞിക്കാരൻ സ്മരണാർത്ഥം കൃതജ്ഞതാ ബലിയർപ്പണം നടത്തി. ഉച്ചയ്ക്കുശേഷം മണ്ടപം സെന്റ് ജോസഫ്സ് ദൈവാലയത്തിൽവച്ച് സംഘടിപ്പിച്ച തലശ്ശേരി അതിരൂപതാ ഭിന്നശേഷി കൂട്ടായ്മ - 'ബേത് സയ്ദാ മീറ്റ്' ഉദ്ഘാടനം ചെയ്തു. വൈകുന്നേരം തിരുമേനിയിൽവച്ച് സംഘടിപ്പിച്ച ബൈബിൾ കൺവെൻഷന്റെ സമാപനസന്ദേശം നൽകി.

14 രാവിലെ പുലിക്കുരുമ്പ ഇടവകാ ദൈവാലയത്തിൽവച്ച് ബഹു. ഡീക്കൻ എൽദോ കാവിൽപുരയിടത്തിലിന്റെ പൗരോഹിത്യ സ്വീകരണ ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. തുടർന്ന് മേലേചൊവ്വയിൽവച്ച് സി. കീർത്തനാ സി.പി.എസിന്റെ സിൽവർ ജൂബിലി മീറ്റിംഗിന് അധ്യക്ഷത വഹിച്ചു. വൈകുന്നേരം കെ.സി.ബി.സിയുടെ നേതൃത്വത്തിൽ നടത്തിയ വിലങ്ങാട് പുനരധിവാസം - ആദ്യഘട്ട പ്രവർത്തനങ്ങളുടെ സമാപന, രണ്ടാംഘട്ട പ്രവർത്തനങ്ങളുടെ ഉദ്ഘാടന മീറ്റിംഗിന് അധ്യക്ഷത വഹിച്ചു.

15 തലശ്ശേരി അതിരൂപതാ കേന്ദ്രത്തിൽ വിവിധ സന്ദർശകരെ സ്വീകരിച്ചു. ഉച്ചയ്ക്കുശേഷം രണ്ടാംവർഷ ഫിലോസഫി വിദ്യാർത്ഥികളുമായി അഭിമുഖം നടത്തി. വൈകുന്നേരം അതിരൂപതാ കേന്ദ്രത്തിൽവച്ച് ചേർന്ന

നിർമ്മലഗിരി കോളേജ് ഗവേർണിംഗ് ബോഡി മീറ്റിംഗിന് അധ്യക്ഷത വഹിച്ചു.

16 സാൻജോസ് അക്കാദമി മാനേജിംഗ് കമ്മറ്റി മീറ്റിംഗിന് അധ്യക്ഷത വഹിച്ചു.

17 പരിയാരത്തുവച്ച് ബഹു. ജോർജ് കിഴക്കേമുറി അച്ചന്റെ മൃതസംസ്കാര ശുശ്രൂഷാകർമ്മം നിർവ്വഹിച്ചു.

18 പടന്നക്കാട് റീജിയണൽ ബിഷപ്സ് ഹൗസിൽവച്ച് വിവിധ സന്ദർശകരെ സ്വീകരിച്ചു. ഉച്ചയ്ക്കുശേഷം വെള്ളരിക്കുണ്ടിൽവച്ച് മേജർ സെമിനാരിക്കാരുടെ വർക്ക് ക്യാമ്പിനെത്തിയവരെ സന്ദർശിച്ചു. വൈകുന്നേരം തലശ്ശേരി അതിരൂപതാ കേന്ദ്രത്തിൽവച്ച് ചേർന്ന കൂരിയാ മീറ്റിംഗിന് അധ്യക്ഷത വഹിച്ചു.

19 അതിരൂപതാ കേന്ദ്രത്തിൽവച്ച് ചേർന്ന ഫൊറോനാ വികാരിമാരുടെ യോഗത്തിനും ഉച്ചയ്ക്കുശേഷം ചേർന്ന കാറ്റക്കിസം കൗൺസിൽ യോഗത്തിനും അധ്യക്ഷത വഹിച്ചു. വൈകുന്നേരം ഓൺലൈനായി ചേർന്ന തിയോളജി ഫോറം മീറ്റിംഗിൽ പങ്കെടുത്തു.

20 രാവിലെ കരുവഞ്ചാൽ പ്രീസ്റ്റ് ഹോമിൽവച്ച് ബഹു. ജോസഫ് നെടുംതകിടി അച്ചന്റെ അനുസ്മരണാർത്ഥം ദിവ്യബലിയർപ്പിച്ചു. തുടർന്ന് തളിപ്പറമ്പിൽവച്ച് ചേർന്ന മാതൃവേദി ജനറൽബോഡി യോഗം ഉദ്ഘാടനം ചെയ്തു. ഉച്ചയ്ക്കുശേഷം ചെമ്പേരിയിൽവച്ച് ചേർന്ന സ്കൂൾ മാനേജർമാരുടെ യോഗത്തിന് അധ്യക്ഷത വഹിച്ചു.

**JUNE 2026**

# ENGAGEMENTS

## ARCHBISHOP JOSEPH PAMPLANY

| | | | |
|---|---|---|---|
| 01 | 09:30 am | - | Kunnoth: NS Vestition |
| 02-16 | | - | Germany |
| 17 | 10:00 am | - | Alpha Academic Year inauguration |
| | 03:00 pm | - | Sanctha Matha Nursing College Governing Body |
| 18 | 08:30 am | - | GSMS Kunnoth |
| 19 | 08:30 am | - | GSMS Kunnoth |
| 20 | 10:00 am | - | Presbyterium |
| | 05:00 pm | - | Thalipparamba: Deepika Award Ceremony |
| 21-23 | | - | Ernakulam |
| 24 | 10-01 pm | - | Thalassery: Visitors Day |
| 25 | 08:30 am | - | GSMS Kunnoth |
| 26 | 08:30 am | - | GSMS Kunnoth |
| | 04:00 pm | - | Thalassery: Catechism Introductory Seminar |
| 27 | 10:00 am | - | Iritty: Teachers Regional Conference |
| 29 | 11:00 am | - | Perla: School Blessing |
| 30 | 10:00 am | - | Parish Co-ordinators Meet |
| | 07:00 pm | - | Vellarikkundu: Minor Seminary |

**Secretary to the Archbishop**

വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്

## മാർ ജോർജ് ഞറളക്കാട്ട്

**മെയ് 2026**

01 രാവിലെ തലശ്ശേരിയിൽ വച്ച് നടന്ന വൈദിക വിദ്യാർത്ഥികളുടെ വൈദികവസ്ത്ര സ്വീകരണത്തിൽ പങ്കെടുത്തു.

വൈകുന്നേരം “ദൈവകൃപാ ദൈവവചന കുടുംബം” ഗ്രൂപ്പിന്റെ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു.

02 രാവിലെ എടൂർ വച്ച് നടന്ന കോലക്കുന്നേൽ കുടുംബയോഗത്തിൽ വി. കുർബാന അർപ്പിക്കുകയും യോഗം ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

വൈകുന്നേരം കുറുമ്പാലകോട്ട പള്ളിയിൽ വച്ച് പ്ലാത്തോട്ടം അജിലിന്റെയും - കനാരികാവുങ്കൽ അഞ്ജനയുടെയും വിവാഹം ആശീർവദിച്ചു.

03 രാവിലെ മണ്ടളം ഇടവകയിലെ പുളിക്കൽ ജീനു-സോണിയ ദമ്പതികളുടെ നാലാമത്തെ മകൻ മാനസയ്ക്ക് പ്രാരംഭ കൂദാശകളും രണ്ടാമത്തെ മകൻ ഹെസ്രോണ് വി. കുർബാന സ്വീകരണവും നല്കി.

വൈകുന്നേരം സാൻജോസ് സ്കൂളിൽ നടന്ന വൈദിക സ്ഥലംമാറ്റ സമ്മേളനത്തിൽ പങ്കെടുത്തു.

05 രാവിലെ നടവയൽ ഇടവകയിൽ വച്ച് ഞറളക്കാട്ട് ജെയ്സ് - ബിബിഷ ദമ്പതികളുടെ മകൾ ഇസക്ക് വി. കുർബാന സ്വീകരണം നല്കുകയും ഞറളക്കാട്ട് മറിയാമ്മയുടെ നൂറാം ജന്മദിനാഘോഷത്തിൽ പങ്കെടുത്തു.

06 ഉച്ചകഴിഞ്ഞ് മാട്ടറ വച്ച് നടന്ന മണിക്കടവ് ഫൊറോന എയ്ഞ്ചൽസ് മീറ്റിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നല്കി.

07 രാവിലെ ബത്തേരി MSMI ക്രിസ്തു ജ്യോതി പ്രൊവിൻസിലെ സിസ്റ്റേഴ്സിന്റെ ജൂബിലിയിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

08 രാവിലെ ബഹു. ജോസ് നെടുംതകിടി അച്ചന്റെ മൃതസംസ്ക്കാര ശുശ്രൂഷയിൽ വി. കുർബാന അർപ്പിച്ച് പങ്കെടുത്തു.

09 രാവിലെ കരുണാപുരം ഇടവകയിലെ വച്ച് നടന്ന തോട്ടപ്പള്ളി കുടുംബയോഗം ഉദ്ഘാടനം ചെയ്തു.

വൈകുന്നേരം തളിപ്പറമ്പ് ഇടവകയിൽ വച്ച് ഇലവുങ്കൽ ജോർജിന്റെയും ചിറ്റിലപ്പള്ളി മേരിയുടെയും വിവാഹം ആശീർവദിച്ചു.

10 അമ്പലവയൽ ഇടവകയിൽ കുട്ടികളുടെ ആദ്യകുർബാന സ്വീകരണത്തിന് വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി.

ഉച്ചകഴിഞ്ഞ് ആരാധന മഠത്തിലെ പ്രായമുള്ള സിസ്റ്റേഴ്സിനെ സന്ദർശി

ക്കുകയും തുടർന്ന് മീനങ്ങാടി TOR മൈനർ സെമിനാരി സന്ദർശിക്കുകയും ചെയ്തു

11 മാമൂട്ടിൽ സി. മോണിക്കയുടെ സുവർണ്ണ ജൂബിലി ആഘോഷത്തിൽ വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നല്കി.

13 മുള്ളൻകൊല്ലി ഇടവകയിൽ കുരിശുങ്കൽ കുടുംബയോഗത്തിൽ വിശുദ്ധ കുർബാന അർപ്പിക്കുകയും യോഗം ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

14 വായാട്ടുപറമ്പ് ഇടവകയിൽ വച്ച് നടന്ന സി. ജൂലിയ ജോർജ് CMC യുടെ രജത ജൂബിലി ആഘോഷത്തിൽ വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി.

16 രാവിലെ കോലുവള്ളി ഇടവകയിൽ വച്ച് നടന്ന സി. എൽസ MSMHC യുടെ സുവർണ്ണ ജൂബിലി ആഘോഷത്തിൽ വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി.

വൈകുന്നേരം വെള്ളരിക്കുണ്ടിലെ പുതിയ മൈനർ സെമിനാരി സന്ദർശിച്ചു.

17 രാവിലെ എണ്ണപ്പാറ ഇടവകയിൽ വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി.

ഉച്ചയ്ക്ക് മുമ്പ് അട്ടേങ്ങാനം ഇടവകയിൽ വച്ച് നടന്ന വെള്ളരിക്കുണ്ട് ഫൊറോന എയ്ഞ്ചൽസ് മീറ്റിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

വൈകുന്നേരം കരുണാപുരം ഇടവകയിൽ റോബിൻ ഫിലിപ്പ് - സിയാ ദമ്പതികളുടെ മകൻ ഗ്ലാഡ്സണിന് പ്രാരംഭ കൂദാശകൾ നൽകി.

18 ത്വക്കിലങ്ങാടി SH കോൺവെന്റിൽ വിശുദ്ധ കുർബാന അർപ്പിച്ചു.

വൈകുന്നേരം കുന്നോത്ത് FCC കോൺവെന്റിൽ നിര്യാതയായ സി. ജെയിംസ് മേരിക്കുവേണ്ടി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

19 നെല്ലിപ്പാറ ഇടവകയിൽ ആലക്കോട് ഫൊറോന എയ്ഞ്ചൽസ് മീറ്റിൽ വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി.

വൈകുന്നേരം കുന്നോത്ത് ഫൊറോന വൈദികരുടെ മാസധ്യാനത്തിൽ സന്ദേശം നൽകി.

20 പേരട്ട ഇടവകയിൽ വച്ച് നടന്ന കുന്നോത്ത് ഫൊറോനയുടെ ഏഞ്ചൽസ് മീറ്റിൽ വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി.

തുടർന്ന് കുന്നോത്ത് എഫ്സിസി കോൺവെന്റിൽ നിര്യാതയായ സി. ആനി ജസ്റ്റിൻ FCC-യുടെ മൃത സംസ്കാര ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു

21 കല്യാൺ രൂപതാംഗങ്ങളായ തെരുവത്ത് സൂര്യയുടെയും-കാവുങ്കൽ ജിബിന്റെയും വിവാഹം പയ്യാവൂർ പള്ളിയിൽ വച്ച് ആശീർവദിച്ചു.

23 രാവിലെ തോണിച്ചാൽ SKD കോൺവെന്റിൽ നിര്യാതയായ സി. സോഫിയ SKD ക്കുവേണ്ടി വിശുദ്ധ കുർബാന അർപ്പിച്ചു.

ഉച്ചയ്ക്ക് മുമ്പ് ആരിൻചേർമല ഇടവകയിൽ ബഹു. സോണി വാഴക്കാട് അച്ചന്റെ രജത ജൂബിലി ആഘോഷത്തിൽ പങ്കെടുത്തു.

24 വൈകുന്നേരം മാടത്തിൽ ഇടവകയിൽ ചൂരനോലിക്കൽ നിധിൻ-അൽഫോൻസാ ദമ്പതികളുടെ മകൻ ഇവാൻ ജോസഫിന് ആദ്യ കുർബാന നൽകി.

25 വെമ്പുവ ഇടവകയിൽ വച്ച് നടന്ന പൈസക്കരി ഫൊറോന എയ്ഞ്ചൽസ് മീറ്റിൽ വിശുദ്ധ കുർബാന അർപ്പിച്ചു സന്ദേശം നൽകി.

26 രാവിലെ മേരിഗിരി ഇടവകയിൽ വച്ച് ചെറുകരകുന്നേൽ ജിമ്മി-സിന്ധു ദമ്പതികളുടെ മകൻ ജിയോണിന് പ്രാരംഭകൂദാശകൾ നൽകി.

ഉച്ചകഴിഞ്ഞ് വെള്ളരിക്കുണ്ട് സെമിനാരിയുടെ വെഞ്ചിരിപ്പ് കർമ്മത്തിൽ പങ്കെടുത്തു.

27 ബദിയടുക്ക ഇടവകയിൽ മറ്റപ്പള്ളിയിൽ ഡീക്കൻ സിബിന്റെ പൗരോഹിത്യസ്വീകരണകർമ്മത്തിൽ പങ്കെടുത്തു.

28 കണിച്ചാർ ഇടവകയിലെ അറ്റാംചേരിയിലുള്ള കുരിശുപള്ളി കൂദാശ ചെയ്തു.

30 പാലാവയൽ ഇടവകയിൽ സി. ഫ്ളവർ SMS-ന്റെ രജത ജൂബിലി ആഘോഷത്തിൽ വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി.

31 രാവിലെ ചെമ്പേരി ബസിലിക്കയിൽ വിശുദ്ധ കുർബാന അർപ്പിച്ച് വിശ്വാസ പരിശീലന വർഷം ഉദ്ഘാടനം ചെയ്തു.

## JUNE 2026 ENGAGEMENTS

### ARCHBISHOP EMERITUS GEORGE NJARALAKATT

| | | | |
|---|---|---|---|
| 01 | 9:30 am | - | Final Profession @ Nazareth Generalate, Kunnoth |
| 03 | 9:00 pm | - | Monthly Recollection @ GSMS |
| 04 | 9:00 am | - | Monthly Recollection @ GSMS |
| 06 | 10:30 am | - | Marriage @ Vayattuparamba |
| | 4: 00 pm | - | ChapelConsecration @ Perla |
| June 11- July 31 | | - | USA/Canada |

**Secretary to the Archbishop Emeritus**

വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്

## മാർ ജോർജ് വലിയമറ്റം

**ഏപ്രിൽ 2026**

21 ജോസ്ഗിരിയിലെ നേഴ്സിംഗ് വിദ്യാർത്ഥികൾക്കുവേണ്ടി വി. കുർബാന അർപ്പിച്ചു.

22 പുലിക്കുരുമ്പ ഇടവകയിലെ ശ്രീമതി ത്രേസ്യാമ്മ തടിക്കലിന്റെ മൃത സംസ്ക്കാര ശുശ്രൂഷയിൽ മുഖ്യകാർമികത്വം വഹിച്ചു.

23 തലശ്ശേരിയിൽ MSMI നിർമ്മല കോൺവെന്റിൽ വി. കുർബാന അർപ്പിച്ചു.

24 വി. ജോർജിന്റെ തിരുനാളിനോടനുബന്ധിച്ച് തലശ്ശേരി കത്തീഡ്രലിൽ വി. കുർബാന അർപ്പിച്ചു.

10 മണിക്ക് നെല്ലിക്കുറ്റിയിൽ സി. ആഗ്നസ് MSMI യുടെ മൃതസംസ്ക്കാര ശുശ്രൂഷയിൽ മുഖ്യകാർമികത്വം വഹിച്ചു.

25 താമരശ്ശേരി രൂപതയിലെ ആനിയ്ക്കാംപൊയിൽ ഇടവകയിൽ 14 കുട്ടി കൾക്ക് പ്രഥമ ദിവ്യകാരുണ്യ സ്വീകരണ ശുശ്രൂഷ നടത്തി.

26 പുതുപ്പാടി സെന്റ് ജോർജ് ദൈവാലയത്തിൽ വി. കുർബാന അർപ്പി ക്കുകയും ഇടവകയുടെ സുവർണ്ണ ജൂബിലി വർഷം ഉദ്ഘാടനം ചെയ്യു കയും ചെയ്തു.

വൈകിട്ട് കുന്നോത്ത് എസ്റ്റേറ്റിൽ എത്തി അഭിവന്ദ്യ മാർ ജോർജ് ഞറ ളക്കാട്ട് പിതാവിനോടും ജോർജ് ആശാരികുന്നേൽ അച്ചനോടൊപ്പവും തിരുനാൾ ആഘോഷങ്ങളിൽ പങ്കെടുത്തു.

27 കൂരാച്ചുണ്ടിൽ ആൽബിൻ -ചിറ്റിനു ദമ്പതികളുടെ മകൾ അന്നാ മോളിന് മാമ്മോദീസാ നൽകുകയും ബേബി വലിയമറ്റത്തിന്റെ പുതുതായി പണിത ഭവനം ആശീർവദിക്കുകയും ചെയ്തു.

29 താമരശ്ശേരി രൂപതയിലെ ഈരൂട് പ്രീസ്റ്റ് ഹോമിൽ എത്തി നിര്യാത നായ ഫാ. മാത്യു മറ്റക്കോട്ടിലിനുവേണ്ടി വി. ബലി അർപ്പിച്ചു.

ഉച്ചകഴിഞ്ഞ് ഈരൂട് ക്ലാരിസ്റ്റ് കോൺവെന്റിൽ എത്തി സിസ്റ്റർ ക്രിസ്പിൻ FCC മേക്കാട്ടിനുവേണ്ടി വി. ബലി അർപ്പിക്കുകയും മൃത സംസ്ക്കാര ശുശ്രൂഷയിൽ പങ്കെടുക്കുകയും ചെയ്തു.

30 ഉദയഗിരിയിൽ എത്തി അപ്പച്ചൻ ജോസഫ് നരിമറ്റത്തിന്റെ മൃത സംസ്ക്കാര ശുശ്രൂഷയ്ക്ക് മുഖ്യകാമിത്വം വഹിച്ചു.

**മെയ് 2026**

01 തലശ്ശേരി അതിരൂപതയിൽ പുതുതായി വൈദികവസ്ത്രം സ്വീകരിച്ച 13 ബ്രദേഴ്സിനെ സന്ദർശിക്കുകയും ആശംസകൾ നേരുകയും ചെയ്തു.

02 ഇടുക്കി രൂപതയിലെ ത്രോപ്രാംകുടിൽ എത്തി സോജു വലിയമറ്റത്തിന്റെ മകളുടെ മാമ്മോദീസയും മൂത്ത മകളുടെ ആദ്യകുർബാന സ്വീകരണവും നടത്തി.

04 കോതമംഗലം രൂപതയിൽ എത്തി MSJ ആസ്പത്രിയിൽ വിശ്രമിക്കുന്ന ഫാ. ചെറിയാൻ വിരിയക്കാട്ടിനെ സന്ദർശിച്ചു.

07 എടൂർ പള്ളിയിൽ എത്തി മിലൻ കിഴക്കേപടവത്തിന്റെയും മിഷാൽ ഓരത്തേലിന്റെയും വിവാഹം ആശീർവദിച്ചു.

09 ദേവസ്യാ സാബു ചെമ്മാംപള്ളിയുടെയും എലിസബത്ത് മണികൊമ്പെലിന്റെയും വിവാഹം കോടഞ്ചേരി സെന്റ് മേരീസ് ഫൊറോനാ പള്ളിയിൽ വച്ച് നടത്തി.

10 കല്ലുവയലിൽ ഇടവകയിലെ സിസ്റ്റർ ജിൽസി എലിസബത്ത് വലിയമറ്റം CMC യുടെ രജതജൂബിലി ആഘോഷത്തിൽ പങ്കെടുത്തു.

14 പരിശുദ്ധ പിതാവിനെയും അതിരൂപതയിൽ നിന്ന് യൂറോപ്പിൽ ജോലി ചെയ്യുകയും പഠിക്കുകയും ചെയ്യുന്ന വൈദികരെ സന്ദർശിക്കാനും വിദേശയാത്രക്ക് പുറപ്പെട്ടു.


2026 ഏപ്രിൽ 28 ന് മാർ ജോസഫ് പാംപ്ലാനി പിതാവ് കൂദാശ ചെയ്ത
കോളയാട് സെന്റ് അൽഫോൻസാ ദൈവാലയം.
ദൈവാലയ നിർമ്മാണത്തിന് നേതൃത്വം നൽകിയ ബഹു. ഫിലിപ്പ് കാരക്കാട്ട്
അച്ചനും കോളയാട് ഇടവക സമൂഹത്തിനും അഭിനന്ദനങ്ങൾ.







തലശ്ശേരി അതിരൂപത സമർപ്പിത സംഗമം 2026
സെന്റ് ജോസഫ്സ് ചർച്ച് ഇരിട്ടി, 09 മെയ് 2026

RNI Reg. No. 5910 Date of Publication: 28/05/2026
Registered KL/TLY/20/25-27
Licensed to post without prepayment of postage
No. KL/PMG/NR/WPP/2/TLY/2025-27
വാല്യം : 09 ലക്കം : 06 വില : ₹10

## ജൂൺ 13 വി. അന്തോണീസ്



Published & Printed by Fr. Sajan George Thengumpally on
behalf of Fr. Jacob Narikuzhy. Printed at Vimala Offset Press, Thalassery.
Published from Archbishop's House, Hollow Way Road, Thalassery - 670 101.
Editor- Fr. Sajan George Thengumpally.